لا اله الا الله محمد رسول الله

# സത്യദൂതൻ

**മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**


പുസ്തകം 78
ലക്കം 12
ഡിസംബർ 2006
ഫത്ഹ് 1385
ദുൽ ക അദ് - ദുൽഹജ്ജ് 1427



**ചീഫ് എഡിറ്റർ**
മൗലവി മുഹമ്മദ് ഇസ്മായിൽ

**എഡിറ്റർ**
ഏ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)

കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സെക്രട്ടറി**
പി. എം. അഹ്മദ് ഹസ്സൻ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം



വരിസംഖ്യ - 100 ക.
ഒറ്റപ്രതി - 10 ക.



*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫോൺ :** 0495 (Mob.) / 95495 (Land) } 5520733
ഫാക്സ് : **0495 - 2721609**
e-mail: sathyadoothan@ahmadiyya.com


**സ്ഥാപിതം**
**1925**


4 ***യുഗശബ്ദം***

5 ***മുഖക്കുറിപ്പ്***

**ലേഖനം**

6 ***ബുദ്ധൻ നാസ്തികനോ?***
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

8 ***ഹജ്ജ് എന്ന പുണ്യകർമ്മത്തിന്റെ തത്വം***
ഹദ്റത്ത് അഹ്മദ് (അ)

9 ***'ദൈവസാമീപ്യത്തിനുള്ള വഴികൾ***
മുഹമ്മദ് ഉമർ എച്ച്. എ., കോഴിക്കോട്

13 ***വിസ്മരിക്കപ്പെടാനായി പാകിസ്താൻ തെരഞ്ഞെടുത്ത ശാസ്ത്രജ്ഞൻ***
നിരുപമാ സുബ്രഹ്മണ്യൻ

16 ***നബിതിരുമേനി(സ) യുടെ വിവാഹങ്ങൾ - ഒരപഗ്രഥനം***
എ.കെ. അഹ്മദ്കുട്ടി, കോഴിക്കോട്

21 ***യാതനകളും പീഢകളും എന്തുകൊണ്ട്?***
ഡോ. ഇഫ്തിഖാർ അഹ്മദ് അയാസ്

25 ***ഡോ. അബ്ദുസ്സലാം***

27 ***ഖുർആനും നക്ഷത്രങ്ങളും ആകാശവും***
ശബീബ്, കോഴിക്കോട്

30 ***മൂസാനബി(അ)യുടെ ഫിർഔൻ: ഒരാളോ രണ്ടുപേരോ?***
എ.എം. മുഹമ്മദ് സലിം

34 ***ജിഹാദ്***
എ.പി.കുഞ്ഞാമു

***കുറിപ്പുകൾ***

38 ***സച്ചാർ കമ്മിറ്റി റിപ്പോർട്ടും പരിതാപകരമായ മുസ്‌ലിം അവസ്ഥയും***

40 ***അമേരിക്ക തിരിച്ചറിവ് നേടുന്നു***

42 ***അനുസ്മരണം, വാർത്തകൾ.***


*മുഖചിത്രം :* **ഡോ. അബ്ദുസ്സലാം**


Printed & Published by A. P. Kunhamoo, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory *Creations*, CLT - 1.


**ഐ.കെ. അഹ്മദ് കുട്ടി, കോഴിക്കോട്**

## ഖുർആനിൽ നിന്ന്

വിശ്വസിക്കുകയും അല്ലാഹുവിന്റെ സ്മരണ മൂലം മന:സമാധാനം പ്രാപിക്കുകയും ചെയ്തവർ അവരത്രെ. അല്ലാഹുവിന്റെ സ്മരണ കൊണ്ട് മാത്രമേ മന:സമാധാനം കൈവരികയുള്ളൂ.

***(13:29)***


## നബിവചനം

ഏറ്റവും നല്ല തൊഴിൽ ഏതാണെന്ന് തിരുനബിയോട് ആരോ ഒരിക്കൽ ചോദിച്ചു. തിരുമേനി മറുപടി പറഞ്ഞു. കൈകൊണ്ടുള്ള പ്രവൃത്തി. കുതന്ത്രവും ചതിയും ഇല്ലെങ്കിൽ സാധനങ്ങൾ വിലക്കെടുക്കുകയും വാങ്ങുകയും ചെയ്യുന്നതും.

***(ബുഖാരി)***

**യുഗശബ്ദം**

# എന്റെ വിജയം സുനിശ്ചിതം



**വാഗ്ദത്ത മസീഹ്**

"ഒരൊറ്റ ആളും എന്നോടൊപ്പം ചേരാതിരിക്കുകയും ഓരോരുത്തരായി എല്ലാവരും എന്നെ വിട്ടുപിരിയുകയും ചെയ്താലും എനിക്ക് ഭയമില്ല. ദൈവം എന്നോടൊപ്പമുണ്ടെന്ന് എനിക്കറിയാം. ഞാൻ അരച്ചു ധൂളിയാക്കപ്പെടുകയും ഇടിച്ചു ചതയ്ക്കപ്പെടുകയും ഒരു അണുവോളം നിസ്സാരനായി തീരുകയും എല്ലാ ഭാഗത്തുനിന്നും അവഹേളനത്തെയും ശകാരവർഷത്തെയും ശാപവാക്കുകളെയും മാത്രം നേരിടേണ്ടി വരികയും ചെയ്താലും ഞാൻ തന്നെ ഒടുവിൽ വിജയശ്രീലാളിതനായി തീരുന്നതാണ്. എന്നോടൊപ്പമുള്ളവനല്ലാതെ എന്നെ അറിയുന്നില്ല. ഞാൻ ഒരിക്കലും നശിച്ചുപോകയില്ല. ശത്രുക്കളുടെ പ്രയത്നങ്ങൾ വൃഥാവിലാണ്. അസൂയാലുക്കളുടെ ആലോചനകൾ അസാധ്യങ്ങളാണ്."

***- അൻവാറുൽ ഇസ്‌ലാം***

മുഖക്കുറിപ്പ്

# ഡോ. അബ്ദുസ്സലാം: ജന്മഗേഹത്താൽ തിരസ്കരിക്കപ്പെട്ട മഹാപ്രതിഭ

## 2006 നവംബർ 21 ഡോ. അബ്ദുസ്സലാമിന്റെ 10-ാം ചരമവാർഷികം

ശാസ്ത്രലോകത്തെ ഏറ്റവും പ്രവരവും അഭിജാതവുമായ മേഖലയാണ് സൈദ്ധാന്തിക ഭൗതികശാസ്ത്രം (Theoretical Physics). സാങ്കേതികശാസ്ത്രത്തേയും, പ്രപഞ്ചശാസ്ത്രത്തേയും മാനവീയ ദർശനങ്ങളേയും സ്വാധീനിക്കുന്ന സൈദ്ധാന്തിക ഭൗതികശാസ്ത്രരംഗത്തെ അതികായനായിരുന്നു ഡോ. അബ്ദുസ്സലാം. ഐൻസ്റ്റീനടക്കം ഇരുപതാം നൂറ്റാണ്ടിലെ അഞ്ചു മഹാശാസ്ത്രപ്രതിഭകളിൽ ഒരാളായി എണ്ണപ്പെടുന്ന ഡോ. അബ്ദുസ്സലാം ശാസ്ത്രത്തെ സംബന്ധിച്ച എല്ലാ ദാർശനിക ചർച്ചകളിലും, ജനപ്രിയ ശാസ്ത്രസാഹിത്യങ്ങളിലും വ്യാപകമായി ഉദ്ധരിക്കപ്പെടുന്ന ധിഷണാശാലിയാണ്. മൂന്നാം ലോകത്ത് നിന്നുള്ള നോബൽ സമ്മാനിതനായ ഈ ജീനിയസ്സിനെ പക്ഷെ സ്വന്തം നാടായ പാകിസ്താൻ ക്രൂരമായ രീതിയിൽ അവഗണിക്കുകയാണ്. പാകിസ്താനെ എല്ലാവിധത്തിലും സഹായിക്കുകയും തന്റെ നോബൽ സമ്മാനതുകയിൽ നിന്നും ഒരു ചില്ലിക്കാശുമെടുക്കാതെ മുഴുവനും അവിടുത്തെ ശാസ്ത്രവിദ്യാർത്ഥികളുടെ പഠനത്തിന് വേണ്ടി സംഭാവന ചെയ്യുകയും ചെയ്ത വിശ്വപൗരനായ ആ മനുഷ്യസ്നേഹിയോടായിരുന്നു ഈ അവഗണന. അഹ്മദി ആയ കാരണത്താലായിരുന്നു ഇത്. അദ്ദേഹത്തിന്റെ 10-ാം ചരമവാർഷികത്തിൽ, ജീവിച്ചിരുന്നപ്പോഴും മരിച്ചതിന്ശേഷവും ആ മഹാനോട് കാട്ടിയ അവഗണനയിൽ പാക്കിസ്താനിലെ വിവേകമതികൾക്ക് ഇപ്പോൾ നേരിയ തോതിൽ കുറ്റബോധം ജനിച്ചിരിക്കുന്നു.

ഡോ. അബ്ദുസ്സലാം ദന്തഗോപുരവാസിയായ ഒരു ശാസ്ത്രജ്ഞനായിരുന്നില്ല. പട്ടിണിപാവങ്ങൾ അധിവസിക്കുന്ന മൂന്നാം ലോകത്തിലെ ദരിദ്രരാജ്യങ്ങളിൽ ഭൗതികശാസ്ത്രം പ്രചരിപ്പിക്കാനും അവരുടെ ജീവിതത്തിന് അതുവഴി ആശ്വാസമരുളാനും, സമ്പന്നരാജ്യങ്ങളിലെ ശാസ്ത്ര ധൈഷണിക വേദികളിൽ അവർക്ക് വേണ്ടി ഏകനായി പൊരുതിയ ഒരു കർമ്മയോഗികൂടിയായിരുന്നു അദ്ദേഹം. ഐക്യരാഷ്ട്രസഭയുടെ കീഴിലുള്ള ഏക ഉന്നത ശാസ്ത്രവിദ്യാഭ്യാസ സ്ഥാപനമായ ഇന്റർനാഷനൽ സെന്റർ ഫോർ തിയററ്റിക്കൽ സയൻസ് (ICTP) വികസിത രാജ്യങ്ങളുടെ സാമ്പത്തിക സഹായത്തോടെ ഏറെക്കുറേ അദ്ദേഹം ഒറ്റക്കാണ് സ്ഥാപിച്ചത്. ദരിദ്രലോകത്ത് നിന്നുള്ള ശാസ്ത്രവിദ്യാർത്ഥികൾക്ക് ഏറ്റവും ചിലവേറിയ ഉന്നത ഭൗതികശാസ്ത്ര വിജ്ഞാനം ഇവിടെ നിന്നും ലഭ്യമാണ്. ആ മഹാശാസ്ത്ര പ്രതിഭയോടുള്ള ആദരസൂചകമായി അദ്ദേഹത്തിന്റെ മരണശേഷം ഇറ്റലിയിലെ ഈ അന്തർദേശീയ സ്ഥാപനത്തിന് 'ഡോ. സലാം ഇന്റർനാഷനൽ സെന്റർ ഫോർ തിയററ്റിക്കൽ സയൻസ്' എന്ന് ഇപ്പോൾ പുനർനാമകരണം ചെയ്തിരിക്കുന്നു. അദ്ദേഹത്തിന്റെ ഔന്നത്യത്തിന് ഇതിനേക്കാൾ വലിയ പുരസ്കാരമില്ല. മൂന്നാം ലോകത്ത് ഉന്നത ശാസ്ത്രം പ്രചരിപ്പിക്കാൻ അദ്ദേഹം സ്ഥാപിച്ച മറ്റൊരു ആഗോളസ്ഥാപനമാണ് തേർഡ് വേൾഡ് അക്കാദമി ഓഫ് സയൻസ്. ഏതെങ്കിലും രാജ്യത്തിന്റെ ദേശീയ ശാസ്ത്രസംരംഭങ്ങളിലോ - വൻകിട സ്വകാര്യ ശാസ്ത്ര സ്ഥാപനങ്ങളിലോ ചേക്കേറുന്നതിന് പകരം ആ വിശ്വപൗരൻ ഐക്യരാഷ്ട്രസഭയുമായി ചേർന്നു പ്രവർത്തിക്കുകയാണ് ചെയ്തത്.

ശാസ്ത്രരംഗത്ത് ഏറ്റവും പിന്നോക്കക്കാരായി കഴിയുന്ന മുസ്ലിം ലോകത്തോട് ശാസ്ത്രവിദ്യാഭ്യാസം നേടാനും വിവിധ അന്തർദ്ദേശീയ സംരംഭങ്ങളിൽ പങ്കാളികളാകാനുമുള്ള പദ്ധതികളുമായി ഒരു ഭിക്ഷാംദേഹിയെപോലെ മുസ്ലിം രാജ്യങ്ങളിലെ ഭരണാധികാരികളുടെ - കൊട്ടാരവാതിലുകളിൽ ചെന്ന് അദ്ദേഹം അഭ്യർത്ഥനകൾ നടത്തി. എല്ലായിടത്തുനിന്നും നിസ്സംഗതയും അവഗണനയുമായിരുന്നു അദ്ദേഹത്തിന് ലഭിച്ചത്. പാശ്ചാത്യ ലോകം നൽകുന്ന സാങ്കേതിക ശാസ്ത്രം മാത്രം കൈനീട്ടി സ്വീകരിക്കുന്ന മുസ്ലിം രാജ്യങ്ങൾക്ക് സൈദ്ധാന്തിക ശാസ്ത്ര പഠനഗവേഷണങ്ങളിലേർപ്പെടാത്തതിന്റെ അപകടം ഇനിയും ബോദ്ധ്യമായിട്ടില്ല. മൂല്യഗർഭിതവും ആശയധാരകളുമുള്ള സൈദ്ധാന്തിക ശാസ്ത്രത്തെ ആത്മീയ പ്രബുദ്ധരല്ലാത്ത മതനേതൃത്വം നയിക്കുന്ന മുസ്ലിം രാജ്യങ്ങൾ ഭയപ്പെടുന്നു. സൈദ്ധാന്തിക ശാസ്ത്രമേഖലയോടുള്ള യാഥാസ്ഥിതികരുടെ വിമർശനാത്മക നിലപാടും സംശയങ്ങളും അവരെ ബഹുദൂരം പിന്നോക്കക്കാരാക്കിയിരിക്കുന്നു. ഡോ. സലാം സാഹിബിന്റെ വിശ്വപ്രശസ്തമായ അടിസ്ഥാനബലങ്ങളുടെ ഏകീകരണ സിദ്ധാന്തത്തോടു മുസ്ലിം ലോകത്ത് നിന്നുള്ള ഒരു പണ്ഡിതൻ പ്രതികരിച്ചത്. ഇത് 'വഹ്ദത്തുൽ വുജൂദിന്റെ' പുനരാവിഷ്കാരമാണ് എന്നാണ്. ഇക്കാര്യം വേദനയോടും അല്പം പരിഹാസത്തോടെയും ഡോ. സലാം സാഹിബ് ഒരിക്കൽ അനുസ്മരിച്ചിട്ടുണ്ട്.

പാകിസ്താൻ എന്ന പിന്നോക്കരാജ്യത്തേക്ക് 1979 ഫിസിക്സിലെ നോബൽ സമ്മാനം കൊണ്ടുവന്ന ഡോ. അബ്ദുസ്സലാമിനെ ലോകം അത്ഭുതാദരങ്ങളോടെയാണ് നോക്കിക്കണ്ടത്. എന്നാൽ തന്റെ ജന്മനാട് അദ്ദേഹത്തിന് നൽകിയ ആദ്യ സ്വീകരണയോഗം പാകിസ്താനിലെ ജമാഅത്തെ ഇസ്ലാമിയുടെ നേതൃത്വത്തിലുള്ള വിദ്യാർത്ഥി സംഘടന അലങ്കോലപ്പെടുത്തിക്കൊണ്ടായിരുന്നു ആ മഹാപ്രതിയോട് പ്രതികരിച്ചത്. തുടർന്നങ്ങോട്ട് അവഗണനയുടെ ഘോഷയാത്രകൾ! അസഹിഷ്ണുതയുടെയും വിവരക്കേടിന്റെയും ഇത്തരം ദുർഭൂതങ്ങൾ വാഴുന്ന നാടുകളിൽ എങ്ങിനെ മുസ്ലിം സമൂഹം പുരോഗമിക്കും. - കവി പാടിയത് പോലെ

**'നാട്ടുകാരറിഞ്ഞില്ല - പാവങ്ങൾ മൗഢ്യത്തിന്റെ**
**കൂട്ടിലാണൊരു മഹാനവരിൽ ജീവിക്കുന്നു!'**

ലേഖനം

# ബുദ്ധൻ നാസ്തികനോ?

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

**ബുദ്ധൻ നാസ്തികനായിരുന്നു എന്നത് പിൽക്കാല ബുദ്ധമത വിശ്വാസികളുടെയും പാശ്ചാത്യപണ്ഡിതന്മാരുടേയും ഒരു മിഥ്യാധാരണ മാത്രമാണ്. ബുദ്ധൻ ദൈവവിശ്വാസിയായിരുന്നുവെന്ന് ആധികാരിക ബുദ്ധമത ലിഖിതങ്ങൾ വ്യക്തമാക്കുന്നു.**

മതങ്ങളുടെ കൂട്ടത്തിൽ ദൈവത്തിന്റെ അസ്തിത്വത്തെ പറ്റി യാതൊന്നും പറയാത്ത ഒരു ജീവിതദർശനമാണ് ബുദ്ധമതമെന്നാണ് ബുദ്ധമതത്തെ പറ്റി ലോകത്ത് പൊതുവെ നിലനിൽക്കുന്ന ഒരു ധാരണ. ഈ ധാരണ ഭാഗികമായി മാത്രം ശരിയാണ്. സമകാലീന ലോകത്ത് നിലനിൽക്കുന്ന ബുദ്ധമതത്തെ സംബന്ധിച്ച് പോലും, അവരിൽപ്പെട്ട ഒരു കക്ഷിയും ദൈവത്തിലോ ദൈവങ്ങളിലോ വിശ്വസിക്കുന്നില്ല എന്ന് പറയുന്നത് ശരിയല്ല. ബുദ്ധമതത്തിലെ മഹായാന മതക്കാരും തെരാവാദികളും മനുഷ്യനിൽ അന്തർലീനമായി ക്കിടക്കുന്ന ആത്യന്തിക ജ്ഞാനത്തിൽ മാത്രമാണ് വിശ്വസിക്കുന്നത്. ആ ജ്ഞാനം കൊണ്ടാണ് ബുദ്ധൻ **(അ)*** പൂർണ്ണനായത് എന്നും അവർ വിശ്വസിക്കുന്നു. ദൈവത്തിനു പകരമായി അവർ ധാരാളം അന്ധവിശ്വാസങ്ങളിലും പൈശാചിക ശക്തികളിലും വിശ്വസിക്കുന്നുണ്ട്. ബുദ്ധമതക്കാർ ദൈവ നിഷേധികളാണ് എന്ന സങ്കല്പം ഒരർത്ഥത്തിൽ തെറ്റാണ്. മറ്റേതൊരു വെളിപാട് മതങ്ങളേയും പോലെ ദൈവത്തിന്റെ ഏകത്വത്തിൽ ഊന്നിക്കൊണ്ട് ആരംഭിച്ച ഒരു മതമാണ് ബുദ്ധമതമെന്ന് അതിന്റെ പ്രാഥമിക സ്രോതസ്സിൽ നിന്നുള്ള മതിയായ തെളിവുകളോടെ നമുക്ക് തെളിയിക്കാനാവും.

ബുദ്ധമതത്തിൽ ബുദ്ധന്റെ (563–483 ക്രി. മു) സ്ഥാനത്തെക്കുറിച്ചു പറയുമ്പോൾ അദ്ദേഹം മറ്റു ദേവന്മാരെ പോലെ ബുദ്ധമതത്തിൽ ആരാധിക്കപ്പെടുന്നില്ല. ബുദ്ധമതത്തിൽ ബുദ്ധന് നൽകപ്പെട്ട ബഹുമാനവും മറ്റു മതങ്ങളിൽ ദൈവത്തിന് അർപ്പിക്കുന്ന ആരാധനയും തമ്മിൽ വളരെ കുറഞ്ഞ വ്യത്യാസം മാത്രമേയുള്ളൂ. ബുദ്ധമതക്കാർ ബുദ്ധനെ ബഹുമാനിക്കുകയും ഭജിക്കുകയും ലോകത്തിലെ മറ്റു ബിംബാരാധകരായ മതസ്ഥരെപ്പോലെ അദ്ദേഹത്തിന്റെ പ്രതിമക്കുമുമ്പിൽ ശിരസ്സ് നമിക്കുകയും സാഷ്ടംഗ പ്രണാമം അർപ്പിക്കുകയും ചെയ്യുന്നു.

വാസ്തവത്തിൽ ഏറെക്കുറെ എല്ലാ ബുദ്ധമതസ്ഥരും ദൈവത്തെ നിഷേധിക്കുന്നുവെങ്കിലും ദൈവത്തെപ്പോലെ എന്തെങ്കിലും ഒരു മൂർത്തിയെ ഭജിക്കാനുള്ള ആഗ്രഹം അവരുടെ ഹൃദയങ്ങളിൽ കുടികൊള്ളുന്നുണ്ട്. ഇതാണ് ബുദ്ധനോടുള്ള ബഹുമാനത്തിലൂടെ അവർ പ്രകടിപ്പിക്കുന്നത്. അന്തഃസ്ഥിതവും അപ്രതിരോധ്യവുമായ ദൈവത്തിനോടുള്ള ആരാധനാഭാവം മനുഷ്യന്റെ അന്തരാത്മാവിൽ ഉല്ലേഖനം ചെയ്യപ്പെട്ടതാണ്. അത് മനുഷ്യനെ ദൈവത്തെയെല്ലെങ്കിൽ മറ്റെന്തിനെയെങ്കിലും ഒന്നിനെ ആരാധിക്കാൻ പ്രേരിപ്പിക്കുന്നു. ദൈവത്തെ ആ പേരിൽ ഔപചാരികമായി അംഗീകരിക്കാതെ ഈ ശൂന്യത ബുദ്ധമതത്തിൽ ഇങ്ങിനെ നികത്തപ്പെടുന്നു.

* **(അ)** എന്നത് അലൈഹിസലാം എന്നതിന്റെ ചുരുക്കമാണ്. ദൈവത്തിന്റെ സമാധാനം അദ്ദേഹത്തിന്റെ മേൽ ഉണ്ടാവട്ടെ എന്നാണ് ഇതിന്റെ അർത്ഥം. ദൈവദൂതന്മാരുടെ പേര് കേൾക്കുമ്പോൾ മുസ്‌ലിംകൾ ഇങ്ങിനെ പ്രാർത്ഥിക്കാറുണ്ട്. അതിനുള്ള സൂചനയാണ് (അ) എന്നത് (വിവ)

ബുദ്ധമതത്തിന്റെ തിബത്തൻ രൂപത്തിൽ അതിമാനുഷരായ ദേവന്മാരുടെയും ദുർമൂർത്തികളുടെയും അസ്തിത്വം അവരുടെ വിശ്വാസത്തിന്റെ ഭാഗമാണെന്ന് മാത്രമല്ല അവരുമായി വിനിമയ ബന്ധത്തിലേർപ്പെടാമെന്നും അവർ ദൃഢമായി വിശ്വസിക്കുന്നു. ഉദാഹരണത്തിന് പുതിയ **പഞ്ചൻലാമയുടെ*** തിരഞ്ഞെടുപ്പിൽ ഇത്തരത്തിൽ ധാരാളം ചടങ്ങുകളും ആചാരങ്ങളും നിർവ്വഹിക്കപ്പെടുന്നു. തിബത്തൻ കുഞ്ഞുങ്ങളിൽ നിന്നും ഭാവിയിലെ പഞ്ചൻലാമ ആരായിരിക്കണമെന്നതിനെ സംബന്ധിച്ച് ദൈവത്തിൽ നിന്നും മാർഗ്ഗദർശനം ലഭിക്കാനാണ് ഇവ നിർവ്വഹിക്കപ്പെടുന്നത്.

ദൈവ നിഷേധികൾ എന്നറിയപ്പെടുന്ന ബുദ്ധമത വിഭാഗക്കാർ ബുദ്ധൻ സ്വയം തന്നെ ദൈവത്തെ നിഷേധിച്ച ആളായിരുന്നുവെന്ന് ആരോപിക്കുന്നു. ബുദ്ധന്റെ സമകാലികരായ ഹിന്ദുപണ്ഡിറ്റുകൾ ബുദ്ധനോട് കാണിച്ച ശത്രുത ചൂണ്ടിക്കാട്ടിയാണ് അവർ തങ്ങളുടെ വാദത്തിന് പിന്തുണ തേടുന്നത്. ബുദ്ധൻ തങ്ങളുടെ ദൈവങ്ങളോട് കാണിച്ച അവജ്ഞയാണ് ഹിന്ദു പണ്ഡിറ്റുകൾ ബുദ്ധനോട് ശത്രുത കാണിക്കാനുണ്ടായ കാരണം. ബുദ്ധമതസ്ഥരുടെ പീഢനങ്ങളിലേക്ക് നയിച്ച തെറ്റിദ്ധാരണകൾ എന്തൊക്കെയായിരുന്നുവെന്ന് ബുദ്ധമതക്കാർ തന്നെ പൊതുവെ വിശകലനം ചെയ്ത് പഠിക്കാൻ മിനക്കെടാറില്ല. അവരെ സംബന്ധിച്ചിടത്തോളം ബുദ്ധൻ സമ്പൂർണ്ണാർത്ഥത്തിൽ ദൈവം എന്ന ആശയം തിരസ്കരിച്ചു എന്നു വിശ്വസിച്ചാൽ മാത്രം മതി.

ചരിത്രവസ്തുതകൾ പുനപരിശോധിച്ചുകൊണ്ടും ബുദ്ധന്റെ വിശുദ്ധ ഗ്രന്ഥങ്ങളിൽ നിന്നുള്ള പ്രസക്തമായ ഭാഗങ്ങൾ ഉദ്ധരിച്ചുകൊണ്ടും ബുദ്ധന് നേരെ ഉന്നയിക്കുന്ന എല്ലാ ആരോപണങ്ങളിൽ നിന്നും അദ്ദേഹത്തെ നാം മുക്തമാക്കുന്നതാണ്. എങ്കിലും ഈ രണ്ട് വീക്ഷണങ്ങളുടെയും വക്താക്കൾ ചരിത്രപരമായ നമ്മുടെ ഈ തെളിവുകളെപ്പറ്റി അപര്യാപ്തങ്ങളാണെന്ന് പറയും. ഈയൊരു കുറവ് ഏറെക്കുറെ മറ്റു സാഹചര്യത്തെളിവുകൾകൊണ്ട് പരിഹരിക്കാവുന്നതാണ്.

ബുദ്ധന്റെ തത്ത്വശാസ്ത്രവും അദ്ധ്യാപനങ്ങളും ആചാരങ്ങളും അദ്ദേഹത്തിന്റെ മരണത്തിനുശേഷം അഞ്ഞൂറുവർഷക്കാലം പ്രചരിച്ചത് വാമൊഴിയിലൂടെ മാത്രമായിരുന്നു. മഹാനായ **അശോക ചക്രവർത്തി*** (ക്രി. മു. 273 -232) പാറന്മേലും സ്തൂപങ്ങളിലും കൊത്തിവെച്ചതൊഴികെ ഇതായിരുന്നു സ്ഥിതി. തന്റെ ആത്മീയ ഗുരുവായ ബുദ്ധന് ശേഷം മുന്നൂറ് വർഷങ്ങൾ കഴിഞ്ഞാണ് അശോക ചക്രവർത്തിയുടെ കാലം. ഈ വസ്തുത വളരെ പ്രധാനമാണ്. കാരണം അശോകന്റെ വീക്ഷണത്തിലുള്ള ഈ ലിഖിതങ്ങൾ ബുദ്ധന്റെ തത്ത്വശാസ്ത്രത്തെയും ജീവിതത്തെയും പറ്റി ഒരു വിധി പ്രസ്താവം നടത്താൻ നിശ്ചയമായും സഹായകരമായ രേഖയാണ്. അതിനേക്കാളുപരി ബുദ്ധമതം യാതൊന്നും തന്നെ ലിഖിത രൂപത്തിൽ എഴുതി സൂക്ഷിക്കാത്ത ഒരു കാലത്ത് ബുദ്ധന്റെ അദ്ധ്യാപനങ്ങളിൽ നിന്നും താൻ മനസ്സിലാക്കിയത് രേഖപ്പെടുത്തി വച്ചത് അശോകൻ മാത്രമാണ്. മറ്റൊരു കാര്യം ബുദ്ധന്റെ

* **പഞ്ചൻലാമ:** തിബത്തിലെ ബുദ്ധമതത്തിന്റെ രണ്ടാമത്തെ പരമാചാര്യനു നൽകുന്ന സ്ഥാനപേര്. ഒന്നാമത്തെയാൾ ദലൈലാമയാണ്. 16-ാം ശതകം മുതൽ ഈ പേര് ഉപയോഗത്തിലുണ്ട്. 1959 ൽ തിബറ്റിനെ ചൈന ആക്രമിച്ചപ്പോൾ ദലൈലാമ ഇന്ത്യയിലേക്ക് അഭയാർത്ഥിയായി വന്നു. ചൈനീസ് അനുകൂലികളാണ് പഞ്ചൻലാമകൾ (വിവ:)

* **അശോക ചക്രവർത്തി** (ക്രി. മു. 273-232) മൗര്യ സാമ്രാജ്യത്തിലെ പ്രശസ്തനായ ചക്രവർത്തി. മുഴുവൻ പേര് ദേവനാം പ്രിയ പ്രിയദർശീ രാജ അശോകൻ. കലിംഗ യുദ്ധത്തിന് ശേഷം പശ്ചാത്തപ വിവശനായ അശോകൻ ബുദ്ധമതം സ്വീകരിച്ചു ഭാരതത്തിലും സിലോണിലും ബുദ്ധമതം പ്രചരിപ്പിക്കുന്നതിന് നേതൃത്വം നൽകി (വിവ:)

യഥാർത്ഥ പ്രതിനിധി എന്ന നിലയിൽ അശോകന്റെ ആധികാരികതയെ ആരും തന്നെ ചോദ്യം ചെയ്തിട്ടില്ല. അവശേഷിക്കുന്ന പ്രശ്നം വിവിധ വ്യാഖ്യാനങ്ങളുടേതാണ്.

ബുദ്ധന്റെ വിഷയം പരിഗണിക്കുമ്പോൾ ബുദ്ധന്റെ സമാധിക്കു ശേഷം നൂറ്റാണ്ടുകൾ കഴിഞ്ഞാണ് അത് എഴുതി സൂക്ഷിക്കാൻ തുടങ്ങിയത് എന്ന കാര്യം നാം ശ്രദ്ധിക്കേണ്ടതുണ്ട്. ഈ വസ്തുത കാര്യമായ അഭിപ്രായ വ്യത്യാസങ്ങളില്ലാതെ എല്ലാ ഗവേഷകന്മാരും അംഗീകരിക്കുന്നു. ബുദ്ധനെപറ്റിയുള്ള അറിവ് തലമുറ തലമുറയായി കൈമാറ്റം ചെയ്യപ്പെട്ടു വരികയാണുണ്ടായത്. അതിനാൽ ബുദ്ധന്റെ വ്യക്തിത്വവും ജീവിതശൈലിയും തുടക്കം മുതൽ ഇന്നുവരെ ഇത്തരം നൈരന്തര്യത്തിലൂടെ കൈമാറ്റം ചെയ്യപ്പെട്ടതാണ്.

ബുദ്ധനെ പറ്റിയും ബുദ്ധമതത്തെക്കുറിച്ചും അറിയാൻ ഈ രണ്ടു സ്രോതസ്സുകളേയും ആശ്രയിക്കാമെന്ന് ന്യായമായും കരുതാവുന്നതാണ്. ഒന്ന് പാരമ്പര്യത്തിലൂടെ കൈമാറ്റം ചെയ്യപ്പെട്ട ബുദ്ധന്റെ ജീവിതം. മറ്റൊന്ന് സ്തൂപങ്ങളിലെ ലിഖിതങ്ങളും രേഖപ്പെടുത്തിയതാണ്. ഇവ രണ്ടും സ്വീകരണയോഗ്യമായ രണ്ട് ശക്തമായ തെളിവുകളാണ്. ഇവ രണ്ടിനുമെതിരായി വിയോജിപ്പുള്ള വീക്ഷണങ്ങൾ ഭയലേശമന്യേ തിരസ്കരിക്കാവുന്നതാണ്. ഈ രണ്ടു പ്രാഥമിക സ്രോതസ്സുകൾ തമ്മിൽ തന്നെ പരസ്പരം വിയോജിക്കുന്നുവെങ്കിൽ ഒന്ന് സ്വീകരിക്കുകയും മറ്റൊന്ന് തിരസ്ക്കരിക്കുകയും ചെയ്യുന്നത് വളരെ സൂക്ഷിച്ചുവേണം.

ബുദ്ധന്റെ ജീവചരിത്രം സൂക്ഷ്മമായി പരിശോധിക്കുമ്പോൾ ലോകത്തിന്റെ പലഭാഗത്തും അവതരിച്ച പ്രവാചകന്മാരിൽ നിന്നും ഭിന്നമല്ലാത്ത ഒരു ജീവിതരീതിയായിരുന്നു അദ്ദേഹത്തിന്റേത് എന്ന് നമുക്ക് കാണാവുന്നതാണ്. ലോകത്ത് അവതരിച്ച പ്രവാചകന്മാരുടെ സ്വഭാവത്തിലും ജീവിത ശൈലിയിലും ഒരു

# ഹജ്ജ് എന്ന പുണ്യകർമ്മത്തിന്റെ തത്വം

## ഹദ്റത്ത് അഹ്മദ് (അ)

ഹജ്ജ് എന്നത് കൊണ്ടു ഒരാൾ തന്റെ വീട്ടിൽ നിന്നും പുറപ്പെടുകയും സമുദ്രത്തെ പിളർന്ന് കൊണ്ട് യാത്ര ചെയ്യുകയും (അവിടെച്ചെന്ന്) ആചാര പരമായി ചില വചനങ്ങൾ ഉരുവിടുകയും ചെയ്തുകൊണ്ട് ചില ആചാരാനുഷ്ഠാനങ്ങൾ നിർവഹിച്ചുകൊണ്ട് തിരിച്ചുവരികയും ചെയ്യുക എന്നതല്ല ഉദ്ദേശ്യം. യാഥാർത്ഥ്യമെന്തെന്നാൽ ഹജ്ജ് മഹോന്നതമായ ഒര നുഷ്ഠാനമാണ്. പരിപൂർണ്ണമായ 'സുലൂക്കി'ന്റെ (ആത്മീയ സഞ്ചാരത്തിന്റെ) അവസാനത്തെ സ്ഥാനമാണ് എന്ന് മനസ്സിലാക്കുക. മനുഷ്യൻ തന്റെ നഫ്സിനോടുള്ള (സ്വയേച്ഛയോടുള്ള) ബന്ധം വിച്ഛേദിക്കുക. അല്ലാഹുവിനോടു മാത്രമുള്ള സ്നേഹത്തിൽ സ്വയം ലയിക്കുക എന്നതാണിതിന്റെ അർത്ഥം. ദൈവാനുരക്തിക്കും അവനോടുള്ള സ്നേഹത്തിന്നും അതീതരായി ഒരുവിധത്തിലുള്ള യാത്രാക്ലേശമോ ജീവനെക്കുറിച്ചും മുതലിനെക്കുറിച്ചും ഉള്ള ചിന്ത യോ വ്യാകുലതയോ ബന്ധുമിത്രാദികളെ വിട്ട് പിരിയുന്നതിലുള്ള വ്യസനമോ ഖേദമോ ഇല്ലാതിരിക്കുകയാണ്. എപ്രകാരം ഒരു പ്രേമി തന്റെ പ്രേമഭാജനത്തിന്നുവേണ്ടി ജീവൻ കൂടി പരിത്യജിക്കുവാൻ തയ്യാറാകുന്നുവോ അതേ പ്രകാരം അയാളും അപ്രകാരം ചെയ്യുവാൻ മടിക്കാതിരിക്കണം. അതിന്നുള്ള ഒരു മാതൃകയാണ് ഹജ്ജിൽ വെച്ചിരിക്കുന്നത്. എപ്രകാരം ഒരു പ്രേമി തന്റെ പ്രേമഭാജനത്തിന്നു ചുറ്റും വലം വെക്കുന്നുവോ അതേ പ്രകാരമാണ് ഹജ്ജിലും ത്വവാഫ് വെച്ചിരിക്കുന്നതും വളരെ സൂക്ഷ്മമായ ഒരു തത്വമാണിത്. ബാഹ്യമായ ഒരു ബൈത്തുല്ലായെപ്പോലെ അതിനുപരിയായി ഏത് വരെ അതിനെ ത്വവാഫ് ചെയ്യപ്പെടുന്നില്ലയോ അത് വരെ ഇതിന്റെ ത്വവാഫ് പുണ്യം തരുന്നില്ല. ബാഹ്യമായ രീതിയിൽ ത്വവാഫ് ചെയ്യുന്നവർ എത്രയും ചുരുങ്ങിയ വസ്ത്രധാരണം ചെയ്തുകൊണ്ട് ത്വവാഫ് ചെയ്യുന്നതായി നിങ്ങൾ കാണുന്നു. അതേപ്രകാരം ഭൗതികമായ വസ്ത്രങ്ങൾ ഉപേക്ഷിച്ചു കൊണ്ട് വിനയവും കീഴ് വണക്കവും സ്വായത്തമാക്കിക്കൊണ്ട് പ്രേമാത്മകമായ നിലയിൽ ത്വവാഫ് ചെയ്യേണ്ടതാണ്. ത്വവാഫ് ദൈവാനുരക്തിയുടെ അടയാളമാണ്. ഇതിന്റെ അർത്ഥം ദൈവേച്ഛക്കും അവന്റെ തൃപ്തിക്കും ചുറ്റും ത്വവാഫ് ചെയ്യുകയാണ്. മറ്റൊരുദ്ദേശ്യവും അവശേഷിക്കുന്നില്ല.

**മൽഫൂസാത്ത് വാല്യം 9**

---

സാർവ്വലൗകികത കാണാനാവും. ബുദ്ധന്റെ ജീവിതത്തിലും അത് നമുക്ക് തിരിച്ചറിയാവുന്നതാണ്.

ബുദ്ധമതത്തിന്റെ അടിസ്ഥാനവിശ്വാസങ്ങളിലേക്ക് പ്രവേശിക്കുമ്പോൾ ബുദ്ധൻ പറഞ്ഞതും പ്രവർ ത്തിച്ചതുമായ കാര്യങ്ങളെപറ്റിയുള്ള വ്യാഖ്യാനങ്ങളിൽ നിന്നാണ് പ്രശ്നങ്ങൾ ഉദ്ഭവിക്കുന്നത്. ബുദ്ധൻ ഒരു നാസ്തികനായിരുന്നു എന്ന പൊതു വീക്ഷണവുമായി നാം വിയോജിക്കുന്നു. ബുദ്ധമതം ഒരു ദിവ്യവെളിപാടിലൂടെ അവതരിച്ച മതമാണെന്ന് നാം കരുതുന്നു. ബുദ്ധമതത്തിന്റെ സ്ഥാപകൻ തീർച്ചയായും ഒരു നിരീശ്വര വാദിയല്ല. മറ്റെല്ലാ പ്രവാചകന്മാരേയും പോലെ ദൈവ സന്ദേശം പ്രചരിപ്പിക്കാൻ ദൈവത്താൻ പ്രേഷിതനായ ഒരു മനുഷ്യനാണ്.

ബുദ്ധമതത്തെക്കുറിച്ച് ആഴമുള്ള പഠനങ്ങൾ നടത്താതെ ലോക മതങ്ങൾക്കിടയിൽ ബുദ്ധമതത്തിന് നൽകപ്പെട്ട സ്ഥാനത്തെ ന്യായീകരിക്കാൻ പണ്ഡിതന്മാർ ധാരാളം എഴുതികൂട്ടിയിട്ടുണ്ട്. ആ കൃത്യം നിർവ്വഹിക്കാൻ മതത്തെപ്പറ്റി സാർവ്വലൗകികമായി അംഗീകരിച്ച നിർവ്വചനം തന്നെ മാറ്റി തിരുത്തേണ്ടതുണ്ടായിരുന്നു. അതുകൊണ്ട് അവർ തങ്ങളുടെ എഴുത്തുകളിൽ ദൈവരഹിതമായ ഒരു തത്ത്വശാസ്ത്രത്തേയും മതത്തേയും കൂടി ലോകമതങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തി. ദൈവനിഷേധത്തിൽ നിന്നും ആരംഭിക്കുന്ന ഒരു ജീവിതസംഹിത എന്തുകൊണ്ട് മതത്തിന്റെ കൂട്ടത്തിൽ ഉൾപ്പെടുത്തുന്നു എന്ന വസ്തുത ഒരു ചോദ്യമായി അവശേഷിക്കുന്നു. നമ്മുടെ വീക്ഷണത്തെ സംബന്ധിച്ചിടത്തോളം ഇത്തരത്തിലുള്ള ഒരു തടസ്സവാദവും ഉന്നയിക്കപ്പെടുന്ന പ്രശ്നമേ ഇല്ല. ബുദ്ധമതത്തിന് ദൈവികമായ ഉറവിടമില്ല എന്ന ധാരണയെ നാം നിരാകരിക്കുന്നു. നമ്മുടെ വാദമുഖത്തിന് ഉപോൽബലകമായി ബുദ്ധമതക്കാർ തന്നെ ആശ്രയിക്കുന്ന സുസ്ഥാപിത സ്രോതസ്സുകൾ തന്നെയാണ് നാമും അടിസ്ഥാനമാക്കുന്നത്. അത് നമ്മുടെ വ്യാഖ്യാനവും സ്വീകാര്യ യോഗ്യമായ ഉറച്ച അടിത്തറയുള്ളതാണെന്ന് കാണിക്കുന്നു. നാം ആവർത്തിക്കുന്നു ബുദ്ധമതം മറ്റു മതങ്ങളിൽ നിന്നും ഒറ്റപ്പെട്ട ഒന്നല്ല. മറിച്ച്, അതിന്റെ അടിസ്ഥാനം ദൈവത്തിൽ നിന്നും വെളിപ്പെട്ട മറ്റു മതങ്ങളുടെ സ്വഭാവമുള്ളതാണ്.

ബുദ്ധമതത്തിന്റെ പ്രചുരപ്രചാരം സിദ്ധിച്ച തെറ്റായ ഈ ദൈവരഹിത ഉദ്ഭവം പ്രചരിപ്പിച്ചത് പതിനെട്ടും പത്തൊമ്പതും നൂറ്റാണ്ടുക

ലേഖനം

# ദൈവസാമീപ്യത്തിനുള്ള വഴികൾ

**മുഹമ്മദ് ഉമർ എച്ച്.എ. കോഴിക്കോട്**

## സ്രഷ്ടാവും സർവ്വശക്തനുമായ അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാൻ വിശുദ്ധഖുർആൻ പറഞ്ഞ മാർഗ്ഗങ്ങളെ സംബന്ധിച്ച്

മനുഷ്യന്റെ ജീവിതലക്ഷ്യം അവനെക്കുറിച്ചുള്ള ദിവ്യജ്ഞാനം കരസ്ഥമാക്കുകയും അങ്ങനെ ദൈവസ്നേഹവും സാമീപ്യവും ലഭ്യമാക്കുകയുമാണ്. ഏറ്റവും മഹത്തായതും ഉദാത്തവുമായ ഉദ്ദേശ്യലക്ഷ്യമാണിത്.

ദൈവസ്നേഹവും അവന്റെ സാമീപ്യവും കരഗതമാകുന്നതിന്നുള്ള പലമാർഗ്ഗങ്ങളും വിശുദ്ധ ഖുർആൻ വിവരിക്കുന്നു. ഇത് സംബന്ധിച്ചു വിശുദ്ധ ഖുർആൻ അരുൾ ചെയ്യുന്നു.

*“ഇത് ഒരനുസ്മരണ ഉപദേശ സമാഹാരമാണ്: തന്റെ നാഥങ്കലേക്കുള്ള മാർഗ്ഗം ആഗ്രഹിക്കുന്നവർ ഈ മാർഗ്ഗം സ്വായത്തമാക്കട്ടെ.* (73:20) അതായത് ദൈവസാമീപ്യപ്രാപ്തിക്കുള്ള മാർഗ്ഗദർശനം വിശുദ്ധ ഖുർആനിൽ നിന്നും ലഭ്യമാകുന്നു.

### 1. റസൂൽ തിരുമേനിയെ അനുധാവനം ചെയ്യൽ

ഹദ്റത്ത് മുഹമ്മദു നബി കരിം

---

ളിലെ പാശ്ചാത്യ പണ്ഡിതന്മാരാണ്. അവരുടെ ബുദ്ധമതത്തെക്കുറിച്ചുള്ള ജ്ഞാനം വലിയ തോതിൽ പാലി ഭാഷയിൽ നിന്നും ബുദ്ധമത പണ്ഡിതന്മാർ ചെയ്ത വിവർത്തനങ്ങളെ ആശ്രയിച്ചുള്ളതാണ്. ഈ ബുദ്ധമത പണ്ഡിതന്മാർ അവരുടെ പക്ഷപാതപരമായ വീക്ഷണം തങ്ങളുടെ വിവർത്തനങ്ങളിൽ കുത്തിചെലുത്തുകയുണ്ടായി. അവരാകട്ടെ ദൈവരഹിത തത്ത്വശാസ്ത്രത്താൽ സ്വാധീനിക്കപ്പെട്ടവരായിരുന്നു. അവരിൽ ചിലർക്ക് സ്രോതസ്സ്ഭാഷയായ പാലി അറിയാം. വിശ്വസനീയമായ ബുദ്ധമത സ്രോതസ്സുകളിൽ നിന്നും നേരിട്ട് പഠിച്ച് നിഷ്പക്ഷമായ അഭിപ്രായങ്ങൾ രൂപീകരിക്കുന്നതിനു പകരം അവർ നിലവിലുള്ള ഭൂരിപക്ഷ ബുദ്ധമത വിഭാഗത്തിന്റെ വിശ്വാസങ്ങളിലേക്ക് പൂർണ്ണമായും ചാഞ്ഞ് പക്ഷം ചേരുകയാണുണ്ടായത്.

പാശ്ചാത്യ പണ്ഡിതന്മാരുടെ പൊതുവേയുള്ള ഈ പ്രവണതക്ക് വിരുദ്ധമായി ഖാദിയാനിലെ മിർസാഗുലാം അഹ്മദി (അ) (1835-1908) ന്റെ ഒറ്റപ്പെട്ട ശബ്ദം ഉയരുകയുണ്ടായി. പാശ്ചാത്യ പണ്ഡിതന്മാരുടെ വീക്ഷണങ്ങളിൽ നിന്നും കടകവിരുദ്ധമായ ഒരു അഭിപ്രായമാണ് അദ്ദേഹം അവതരിപ്പിച്ചത്. തന്നെ ഒരു പ്രത്യേക ദൗത്യത്തിന് വേണ്ടി, പ്രവാചകനായയച്ച ദൈവത്തിന്റെ അസ്തിത്വത്തിൽ ബുദ്ധന് അടിയുറച്ച വിശ്വാസമുണ്ടായിരുന്നുവെന്ന് അദ്ദേഹം ശക്തമായി വിശ്വസിച്ചിരുന്നു. മറ്റെല്ലാ പ്രവാചകന്മാരേയും പോലെ ബുദ്ധനും പിശാചിന്റെ അസ്തിത്വത്തിൽ വിശ്വസിച്ചിരുന്നതായി അദ്ദേഹം തെളിയിച്ചു. അതുപോലെ സ്വർഗ്ഗനരകങ്ങളിലും, മാലാഖമാരിലും, പുനരുത്ഥാന നാളിലും അദ്ദേഹം വിശ്വസിച്ചു. എന്നിരിക്കെ ബുദ്ധൻ ദൈവത്തിൽ വിശ്വസിക്കാത്ത ആളായിരുന്നു എന്ന വാദം തികച്ചും വ്യാജാരോപണമാണ്. ബുദ്ധൻ നിരാകരിച്ചത് വേദാന്തത്തെയാണ് (ഹിന്ദു വിശുദ്ധ ഗ്രന്ഥങ്ങളിൽ കാണപ്പെടുന്ന സിദ്ധാന്തങ്ങൾ) ഹിന്ദുമതത്തിലുള്ളത് പോലെയുള്ള മനുഷ്യ ദൈവങ്ങളിലുള്ള വിശ്വാസത്തെയാണ് അദ്ദേഹം നിഷേധിച്ചത്. അദ്ദേഹം ബ്രാഹ്മണന്മാരെ കഠിനമായി എതിർത്തു. ദൈവികാദ്ധ്യാപനങ്ങൾക്ക് തെറ്റായ വ്യാഖ്യാനങ്ങൾ നൽകി ബ്രാഹ്മണന്മാർ മലീമസമാക്കുകയായിരുന്നുവെന്നായിരുന്നു അദ്ദേഹത്തിന്റെ ആക്ഷേപം.

(തുടരും)

**പ്രാർത്ഥന**

‘വിനയത്തോടും രഹസ്യമായും നിങ്ങളുടെ നാഥനെ നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുക. അതിക്രമകാരികളെ അവൻ ഇഷ്ടപ്പെടുകയില്ല തന്നെ.’

***ഖുർആൻ: (7:56)***

(സ) വിശുദ്ധ ഖുർആൻ നൽകുന്ന അദ്ധ്യാപനങ്ങളുടെ ഒരു പ്രതീക മാണ്. ആ പുണ്യാത്മാവിന്റെ ജീവിതചര്യ വിശുദ്ധ ഖുർആന്റെ വ്യാഖ്യാനമാണെന്ന് ഹദ്റത്ത് ആയിശാ (റ) അരുൾ ചെയ്യുന്നു. അതുകൊണ്ട് വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങളിലൂടെ ദൈവസാമീപ്യവും അവന്റെ സ്നേഹവും പ്രാപിക്കുവാൻ ആഗ്രഹിക്കുന്നവർ ഹദ്റത്ത് മുഹമ്മദു മുസ്തഫാ (സ) തിരുമേനിയെ അനുഗമിക്കുകയും അനുസരിക്കുകയും ചെയ്യേണമെന്ന് വിശുദ്ധ ഖുർആൻ അരുൾ ചെയ്യുന്നു. അതായത്

*“മുഹമ്മദ് നബി(യ) നീ പ്രഖ്യാപിക്കുക, നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിൻതുടരുക. അപ്പോൾ അല്ലാഹു നിങ്ങളെയും സ്നേഹിക്കുകയും നിങ്ങളുടെ കുറ്റങ്ങൾ നിങ്ങൾക്ക് പൊറുത്തുതരുകയും ചെയ്യുന്നതാണ്. അല്ലാഹു സർവ്വഥാ പൊറുക്കുന്നവനും കരുണാമയനുമാകുന്നു. (3:32)*

പ്രസ്തുത ആയത്തിന്ന് വിശദീകരണം നൽകിക്കൊണ്ട് ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) അരുൾ ചെയ്യുന്നു: *“അല്ലയോ ദൂതരെ! അവരോടു നീ പറയുക. നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിൻപറ്റുക. ഈ പിൻഗമനം നിമിത്തം അല്ലാഹുവും നിങ്ങളെ സ്നേഹിക്കുന്നതാകുന്നു. ഇതിൽ നിന്നും വ്യക്തമായി മനസ്സിലാകുന്നത്. ദൈവത്തിന്റെ പ്രേമി ആകുന്നതിന്നുള്ള യഥാർത്ഥമായ മാർഗ്ഗം റസൂൽ തിരുമേനി(സ)യെ യഥാർത്ഥത്തിൽ പിൻപറ്റുകയാണ്. ഒരു കാര്യം നന്നായി സ്മൃതിപഥത്തിൽ വെക്കുക. പ്രവാചകന്മാരും അതേപ്രകാരം അല്ലാഹുവിന്റെ ഇഷ്ടദാസന്മാരായ മഹാത്മാക്കളും ലോകത്ത് ഒരു ജീവിത മാതൃകയായിട്ടാണ് അവതരിക്കുന്നത്. (മൽഫൂസാത്ത് 6:288).*

*“യഥാർത്ഥത്തിൽ അദ്ദേഹത്തെ അനുസരിക്കുകയും അനുഗമിക്കുകയും ചെയ്യുന്ന മനുഷ്യനെ അല്ലാഹു തന്റെ അനുരക്തനാക്കിത്തീർക്കുകയും അതു അവന്റെ പാപങ്ങൾ പൊറുക്കപ്പെടുന്നതിന്നുള്ള നിമിത്തമായിത്തീരുകയും ചെയ്യുന്നു.* (മൽഫൂസാത്ത് 3:56)

*ദൈവസ്നേഹിയാകുന്നതിന്ന് റസൂൽ തിരുമേനി (സ)യെ പിൻതുടരുന്നതുമാത്രമെ ഏകമാർഗ്ഗമായിട്ടുള്ളൂ. നിങ്ങളെ ദൈവവുമായി അടുപ്പിക്കുന്നതിന്നു മറ്റൊരു മാർഗ്ഗവും ഇല്ല തന്നെ (മൽഫൂസാത്ത് 5:125)*

ചുരുക്കത്തിൽ ദൈവസാമീപ്യവും അവന്റെ സ്നേ ഹവും പ്രാപിക്കുന്നതിന്നുള്ള ഏകമാർഗ്ഗം വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങളുടെ ജീവൽ മാതൃകയായ ഹദ്റത്ത് റസൂൽ തിരുമേനി(സ)യെ പിൻപറ്റുക മാത്രമാകുന്നു.

## 2. 'തഖ്‌വ' അഥവാ ദൈവ ഭക്തി

ദൈവസാമീപ്യം പ്രാപിക്കുന്നതിന്നായി സൂക്ഷ്മ തയും ദൈവഭക്തിയും സ്വായത്തമാക്കണമെന്നും അതനുസരിച്ചുള്ള നന്മകൾ ചെയ്യേണമെന്നും വിശുദ്ധ ഖുർആൻ അരുൾ ചെയ്യുന്നു. അതായത് *‘അല്ലാഹു സൂക്ഷ്മത കൈവരിക്കുകയും നന്മ ചെയ്യുകയും ചെയ്യുന്നവരോടൊപ്പമാകുന്നു. (17:129).*

എല്ലാവിധ തീയ്യകാര്യങ്ങളും ഉപേക്ഷിക്കുകയും നന്മകൾ സ്വായത്തമാക്കുകയും ചെയ്യുന്നതിന്നാണ് തഖ്‌വ എന്നു പറയുന്നത്.

തഖ്‌വ എന്ന വാക്കിന്ന് നിർവചനം നൽകിക്കൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദു (റ) അരുൾ ചെയ്യുന്നു.

വിശുദ്ധ ഖുർആനിൽ തഖ്‌വ എന്ന വാക്ക് പ്രയുക്തമായതിനെക്കുറിച്ച് ഹദ്റത്ത് അബൂഹുറൈറ(റ)യോട് ആരോ ചോദിച്ചപ്പോൾ അദ്ദേഹം ഇപ്രകാരം പ്രത്യുത്തരമായി മുൾപടപ്പുകൾ നിറഞ്ഞ ഒരുവനാന്തരത്തിൽ കൂടി നീ നടക്കുമ്പോൾ എന്താണു ചെയ്യുക എന്നു പറഞ്ഞു. അതിന്നയാൾ തന്നെ മുൾപ്പടർപ്പുകളിൽ നിന്നും സംരക്ഷിച്ചുകൊണ്ടു നടക്കും. അപ്പോൾ അദ്ദേഹം ഇതിന്റെ പേരാണ് 'തഖ്‌വ' എന്നു പറഞ്ഞു. അതായത് മനുഷ്യൻ ദൈവത്തിന്റെ അനുസരണമില്ലായ്മയുടെ സ്ഥാനത്ത് നിലനിൽക്കാതിരിക്കുക. അത്തരം സ്ഥലത്തു നിന്നും തന്നെ രക്ഷപ്പെടുത്തുക.

ഇബ്നുൽ മുഅ്തസ്സ് എന്ന കവി തഖ്‌വക്ക് നിർവചനം നൽകി പറയുന്നു.

“ചെറുതോ വലുതോ ആയ സർവ്വപാപങ്ങളിൽ നിന്നും വിട്ടു നിൽക്കുക. ഇതാണ് തഖ്‌വ. മുള്ളുകൾ നിറഞ്ഞ സ്ഥലത്തുകൂടെ നടക്കുന്ന ഒരാളെപ്പോലെ സൂക്ഷ്മത പാലിക്കുക. ചെറിയ ചെറിയ പാപങ്ങളെ നിസ്സാരമായി കരുതരുത്. തീർച്ചയായും പർവ്വതങ്ങൾ ഇത്തരം ചെറിയ കല്ലുകൾ കൊണ്ടാണുണ്ടാകുന്നത്. (ഇബ്നു കഥീർ) (തഫ്സീർ കബീർ വാല്യം 1 പേജ് 72)

ചുരുക്കത്തിൽ തഖ്‌വ സ്വായത്തമാക്കുകയും എല്ലാ തിന്മകളിൽ നിന്നും അകന്നുനിൽക്കുകയും ചെയ്യുന്നവർക്ക് മാത്രമെ ദൈവസാമീപ്യം കരഗതമാവുകയുള്ളൂ.

ഇത് സംബന്ധിച്ചു ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) അരുൾ ചെയ്യുന്നു.

*“ദുർവൃത്തർ ദൈവസാമീപ്യം പ്രാപിക്കുകയില്ല. അഹങ്കാരി അവന്റെ സാമീപ്യം പ്രാപിക്കുകയില്ല. അക്രമി അവന്റെ സാമീപ്യം പ്രാപിക്കുന്നതല്ല. അവന്റെ നാമത്തിൽ അഭിമാനം കൊള്ളാത്തവനും അവന്റെ സാമീപ്യം പ്രാപിക്കുന്നതല്ല. ഭൗതികതയിൽ മുഴുകിക്കൊണ്ട് നായ്ക്കളെയും ഉറുമ്പുകളെയും കഴുകന്മാരെയും പോലെ വാഴുന്നവരും ദൈവസാമീപ്യം പ്രാപിക്കുന്നതല്ല. ലൗകീകമായ തരത്തിൽ സുഖലോലുപനും ദൈവസാമീപ്യം പ്രാപിക്കുന്നതല്ല. അവിശുദ്ധമായ എല്ലാ കണ്ണുകളും അവനിൽ നിന്നും ദൂരത്താണ്. അവിശുദ്ധ ഹൃദയങ്ങളും അവനിൽ നിന്നും അജ്ഞാതമാകുന്നു. അവന്നു വേണ്ടി അഗ്നിയിൽ വീഴുന്നവൻ അഗ്നിയിൽ നിന്നു രക്ഷിക്കപ്പെടും. അവന്നുവേണ്ടി വിലപിക്കുന്നവൻ*

*ചിരിക്കുന്നതായിരിക്കും. അവന്നു വേണ്ടി ദുനിയാവിനോടുള്ള ബന്ധം വിഛേദിക്കുന്നവനും അതു ലഭിക്കുന്നതാണ്. നിങ്ങൾ സത്യഹൃദയത്തോടും വിശ്വസ്തതയോടും തീവ്രയത്നത്തോടും കൂടി അവന്റെ സ്നേഹിതനായിത്തീരുക. അപ്പോൾ അവൻ നിങ്ങളുടെ സുഹൃത്തായിത്തീരും. (കിശ്ത്തീനൂഹ്)*

### 3. സുജൂദ് അഥവാ സാഷ്ടാംഗം

ദൈവസാമീപ്യം പ്രാപിക്കുന്നതിന്നായി അധികമായി സാഷ്ടാംഗ പ്രണാമം ചെയ്തു (സുജൂദു ചെയ്ത്) കൊണ്ട് ദൈവസവിധത്തിൽ വീണു പ്രാർത്ഥിക്കേണമെന്ന് വിശുദ്ധ ഖുർആൻ അരുൾ ചെയ്യുന്നു. അതായത് 'വസ്ജുദ് *വഖ്തരിബ്' നീ സുജൂദ് ചെയ്യുക (സാഷ്ടാംഗ പ്രണാമം ചെയ്യുക) ദൈവസാമീപ്യം പ്രാപിക്കുന്നതാണ്. (96:20)*

അതായത് അധികമധികം നമ്രശിരസ്ക്കരായി പ്രാർത്ഥിക്കുകയാണെങ്കിൽ അല്ലാഹുവിന്റെ സാമീപ്യവും അവന്റെ സ്നേഹവും കരഗതമാകുന്നതാണ്.

സുജൂദു ചെയ്യുമ്പോൾ നമ്മുടെ ശിരസ്സ് ഭൂമിയിൽ പതിയുന്നു. അതിനേക്കാൾ താണു ശിരസ് നമിക്കുവാൻ ആർക്കും സാധ്യമല്ലല്ലോ. തദവസരത്തിൽ നാം ഉച്ചരിക്കുന്നത് സുബ് ഹാന റബ്ബിയൽ അഅ്‌ലാ' അതായത് പരിശുദ്ധനായ എന്റെ നാഥൻ സർവ്വോന്നതനാണ് എന്നാണ്. അല്ലാഹുവിന്റെ ഔന്നത്യം ഏറ്റു പറയുന്നത് നാം നമ്മുടെ ശിരസ്സു നിലത്തു പതിപ്പിക്കുമ്പോഴാണ്. അതായത് എത്ര കണ്ടു നാം അങ്ങേ അറ്റത്തെ എളിമയും വിനയവും സ്വായത്തമാക്കുന്നുവോ അത്ര കണ്ടു മഹോന്നതനായ നമ്മുടെ നാഥനെ നമുക്കു പ്രാപിക്കുവാനും അവന്റെ സാമീപ്യം കരഗതമാക്കുവാനും സാധിക്കുന്നതാണ്.

### 4. പ്രാർത്ഥന

ദൈവസാമീപ്യം പ്രാപിക്കുന്നതിന്നുള്ള മറ്റൊരു മാർഗ്ഗം പ്രാർത്ഥനയാണെന്നു വിശുദ്ധ ഖുർആൻ പറയുന്നു. അതായത്, *എന്നെ സംബന്ധിച്ച് എന്റെ ദാസന്മാർ എന്നോടു ചോദിക്കുന്നപക്ഷം ഞാനിതാ അടുത്തു തന്നെയുണ്ട്. പ്രാർത്ഥിക്കുന്നവന്റെ പ്രാർത്ഥനക്ക്, അവൻ എന്നെ വിളിച്ചു പ്രാർത്ഥിക്കുമ്പോൾ ഞാൻ ഉത്തരം നൽകുന്നതാണ്. അതുകൊണ്ടു അവർ എന്റെ വിളിക്ക് ഉത്തരം നൽകുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ സന്മാർഗ്ഗം പ്രാപിക്കുന്നതിന്നുവേണ്ടി (2:187)*

പ്രസ്തുത ആയത്തിൽ നിന്നും ദൈവസാമീപ്യം കരഗതമാകുന്നതിന്ന് പ്രാർഥന വളരെ അനിവാര്യമാണെന്നും അല്ലാഹു പ്രാർത്ഥിക്കുന്നവരുടെ സമീപത്തു തന്നെയുണ്ടെന്നും മനസ്സിലാകുന്നു.

### 5. സൽക്കർമ്മങ്ങൾ

ദൈവസാമീപ്യം കരഗതമാകുന്നതിന്ന് സൽക്കർമ്മങ്ങളുടെ ആവശ്യകതയെപ്പറ്റി വിശുദ്ധ ഖുർആൻ ഊന്നിപ്പറയുന്നു. അതായത്

*"ഏതൊരാൾ തന്റെ നാഥനെ കണ്ടുമുട്ടുന്നതിന്ന് (ദൈവസാമീപ്യം പ്രാപിക്കേണമെന്ന്) ആഗ്രഹിക്കുന്നുവോ അയാൾ സൽക്കർമ്മങ്ങൾ ചെയ്തുകൊള്ളട്ടെ. (അതേപ്രകാരം) തന്റെ നാഥനെ ആരാധിക്കുന്ന കാര്യത്തിൽ ആരെയും പങ്കു ചേർക്കാതിരിക്കുകയും ചെയ്യട്ടെ. (18:111)*

പ്രസ്തുത ആയത്തിന്നു വിശദീകരണം നൽകിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദു (അ) അരുൾ ചെയ്യുന്നു. (അല്ലാഹുത്തആല)

''അവൻ പരിശുദ്ധ ഖുർആനിലൂടെ നൽകുന്ന അദ്ധ്യാപനങ്ങൾ മുഖേന കർമ്മനിരതരാവുകയാണെങ്കിൽ ഈ ലോകത്ത് തന്നെ ദൈവദർശനം എളുപ്പമായിത്തീരുന്നതാണ്. എപ്രകാരമെന്നാൽ അവൻ അരുൾ ചെയ്യുന്നു. ഈ ദുനിയാവിൽത്തന്നെ ദിവ്യദർശനം ലഭിക്കേണമെന്ന് ആഗ്രഹിക്കുന്ന ആൾ - അതെ, യഥാർത്ഥ ദൈവവും സൃഷ്ടികർത്താവുമായ അല്ലാഹുവിനെ ദർശിക്കേണമെന്ന് ആഗ്രഹിക്കുന്ന ആൾ ഒരുവിധത്തിലുള്ള കുഴപ്പവും ഉൾപ്പെടാത്ത സൽകർമ്മങ്ങൾ ചെയ്യട്ടെ. അതായത് അവൻ ചെയ്യുന്ന കർമ്മം ജനങ്ങൾക്കു കാണിക്കുന്നതാകാതിരിക്കട്ടെ. കാരണം അത് നിമിത്തം ഹൃദയത്തിൽ അഹങ്കാരമുണ്ടാകുന്നു. അപ്രകാരമുള്ള കർമ്മങ്ങൾ അപൂർണ്ണവും തികവുറ്റതും ആകും. ആ കർമ്മങ്ങൾ ദൈവസ്നേഹത്തിന്നെതിരായ ദുർഗ്ഗന്ധം വമിക്കുന്നതാകാതിരിക്കട്ടെ. അതിന്നുപകരമായി സത്യതയും വിശ്വസ്തതയും നിറഞ്ഞതായിരിക്കട്ടെ. അതോടൊപ്പം ആ കർമ്മങ്ങൾ എല്ലാവിധത്തിലുള്ള ശിർക്കിൽ നിന്നും പരിശുദ്ധമായതായിരിക്കണം. സൂര്യനേയോ ചന്ദ്രനെയോ ആകാശത്ത് കാണപ്പെടുന്ന നക്ഷത്രങ്ങളെയോ അഗ്നി, വായു, ജലം എന്നിത്യാദികളെയോ, അതേപ്രകാരം ഭൂമിയിലെ ഏതെങ്കിലും ഒരു വസ്തുവിനെയോ ആരാധിക്കുകയോ അവയ്ക്ക് അന്തസ്സു കൊ ടുക്കുകയോ ചെയ്യരുത്. (ലക്ചർ ലാഹോർ)

### 6. തീവ്രയത്നം

6 ദൈവസാമീപ്യം പ്രാപിക്കുന്നതിന്ന്, അതിന്നായി തീവ്രയത്നം ആവശ്യമാണെന്ന് വിശുദ്ധ ഖുർആൻ അരുൾ ചെയ്യുന്നു: *അതായത്, നമ്മുടെ സാമീപ്യം കരഗതമാകേണമെന്ന കാര്യത്തിൽ തീവ്രയത്നം ചെയ്യുന്നവരെ നാം നമ്മുടെ പാതകളിൽ നയിക്കുന്നതാണ്. അല്ലാഹു തീർച്ചയായും സദ്‌വൃത്തരുടെ കൂടെയാകുന്നു. 29:70*

ഹദ്റത്ത് മഹ്ദി മസീഹ് (അ) അരുൾ ചെയ്യുന്നു.

*"അല്ലാഹുവിങ്കലേക്ക് തീവ്രയത്നം ചെയ്യുന്ന ആൾ ഒരിക്കലും പരാജിതനായിത്തീരുന്നില്ല. അവന്റെ സത്യമായ വാഗ്ദാനമാണിത്. ദൈവവഴികളിൽ ആരാണോ തീവ്രയത്നം ചെയ്യുന്നത് അയാൾ അവസാനം തന്റെ ലക്ഷ്യത്തിലേക്കെത്തിച്ചേരുന്നു. ലൗകീകമായ പരീക്ഷകളിൽ തയ്യാറെടുക്കുന്നവർ രാത്രികളെ പകലാക്കി മാറ്റുന്നതായി നാം കാണുന്നു.*

# നമസ്കാരവും വിരസതയും

## ഹദ്റത്ത് അഹ്മദ് (അ)

"നമസ്കാരത്തിൽ താൽപര്യവും പ്രതിപത്തിയും ഉണ്ടാകുന്ന അവസ്ഥ കൈവിട്ടു പോയെങ്കിൽ ക്ഷീണിക്കാനോ, നിരാശരാവാനോ പാടില്ല. സ്വയം സന്നദ്ധനായി ആ കളഞ്ഞുപോയ ജീവിത വിഭവം കൈവരിക്കാനുള്ള മാർഗം ആരായുകയാണ് വേണ്ടത്. അതിനുള്ള പ്രതിവിധി തൗബയും ഇസ്തിഗ്ഫാറുമാകുന്നു. താൽപര്യമില്ലാത്തതിനാൽ നമസ്കാരം ഉപേക്ഷിക്കരുത്. മറിച്ച് നമസ്കാരം അധികമധികമായി അനുഷ്ഠിക്കുകയാണ് വേണ്ടത്. മദ്യപാനിക്ക് ലഹരി ഉണ്ടാകുന്നില്ലെന്നുവച്ച് അയാൾ അത് ഉപേക്ഷിക്കുന്നില്ലല്ലോ. ആനന്ദവും സംതൃപ്തിയുമുണ്ടാകുന്നതുവരെ അയാൾ കടിച്ചുകൊണ്ടേയിരിക്കുന്നു. ഇതുപോലെ ആർക്കെങ്കിലും നമസ്കാരത്തോടു താൽപര്യം കുറഞ്ഞുപോയെങ്കിൽ അയാൾ അധികമധികമായി നമസ്കരിക്കേണ്ടതാണ്.

**മൽഫൂസാത്ത്**

*വിദ്യാർത്ഥികളുടെ തീവ്രയത്നവും അവരുടെ അവസ്ഥയും കാണുമ്പോൾ കാരുണ്യം തോന്നിപ്പോകുന്നു. അപ്പോൾ അപരിമിതവും അനന്തവും ആയ അനുഗ്രഹത്തിന്റെയും കാരുണ്യത്തിന്റെയും ഉടമയായ അല്ലാഹു തന്നെ സമീപിക്കുന്നതിന്നായി കഠിനാദ്ധ്വാനം ചെയ്യുന്നവനെ നഷ്ടപ്പെടുത്തുമോ? ഒരിക്കലുമൊരിക്കലുമല്ല. അല്ലാഹു ആരുടെ പ്രയത്നത്തെയും നിഷ്പ്രയോജനമാക്കുന്നില്ല" (മൽഫൂസാത്ത്)*

### 7. പാപപൊറുതിക്കായുള്ള തേട്ടം

ദൈവസാമീപ്യം പ്രാപിക്കുന്നതിന്നുള്ള ഒരു മാർഗ്ഗം ഇസ്തിഗിഫാർ ചെയ്യുകയും അല്ലാഹുവിനോടു പാപപ്പൊറുതി തേടുകയും ചെയ്യുകയാണെന്ന് വിശുദ്ധ ഖുർആൻ അരുൾ ചെയ്യുന്നു. അതായത്.

*"അവനോടു നിങ്ങൾ പാപമോചനത്തിന്നായി അർത്ഥിക്കുക. (പൂർണ്ണ ഹൃദയത്തോടുകൂടി) അവങ്കലേക്ക് തിരിയുക.* തീർച്ചയായും എന്റെ നാഥൻ സമീപസ്തനും പ്രാർത്ഥനക്ക് ഉത്തരം നൽകുന്നവനുമാകുന്നു. (11:67)

ഹദ്റത്ത് വാഗ്ദത്ത മസീഹ് അരുൾ ചെയ്യുന്നു.

"തൗബയും ഇസ്തിഗ്ഫാറും അല്ലാഹുവിനെ അടയുന്നിന്നുള്ള മാർഗ്ഗമാണ് നിങ്ങൾ പൂർണ്ണയത്നത്തോടുകൂടി അവന്റെ വഴിയിൽ ചരിക്കുകയാണെങ്കിൽ ജീവിതോദ്ദേശ്യപ്രാപ്തി ലഭ്യമാകുന്നതാണെന്ന് അല്ലാഹു അരുൾ ചെയ്യുന്നു. (മൽഫൂസാത്ത് 10:107)

### 8. ദൈവമാർഗ്ഗത്തിൽ ചിലവ് ചെയ്യൽ

ദൈവസാമീപ്യം പ്രാപിക്കുന്നതിന്നായി, ദൈവത്തിലും പുനരുത്ഥാന നാളിലും വിശ്വസിക്കുകയും ദൈവമാർഗ്ഗത്തിൽ ചെലവു ചെയ്യുകയുമാണെന്ന് വിശുദ്ധ ഖുർആൻ അരുൾ ചെയ്യുന്നു. അതായത്

*അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുകയും തങ്ങൾ ചെലവഴിക്കുന്നത് ദൈവസാമീപ്യം പ്രാപിക്കുന്നതിന്നും ദൈവദൂതന്റെ പ്രാർത്ഥന (സമ്പാദിക്കുന്നതിന്നുള്ള) മാർഗ്ഗമായി ഗണിക്കുകയും ചെയ്യുന്ന ചിലരും ആബദ്വികളായ അഅ്റാബികളിലുണ്ട്. അറിയുക, തീർച്ചയായും അവർക്ക് ദൈവസാമീപ്യം പ്രാപിക്കുവാനുള്ള ഒരു മാർഗ്ഗമാണിത്. അല്ലാഹു താമസംവിനാ അവരെ അവന്റെ കാരുണ്യത്തിൽ പ്രവേശിപ്പിക്കുന്നതാണ്. അല്ലാഹു സർവ്വഥാ പൊറുക്കുന്നവനും കരുണാമയനുമാകുന്നു. (9:99)*

മറ്റൊരുസ്ഥലത്ത് അല്ലാഹു അരുൾ ചെയ്യുന്നു.

*"നിങ്ങളുടെ സമ്പത്തോ സന്താനങ്ങളോ പദവിയിൽ നിങ്ങളെ നമ്മുടെ അടുക്കലേക്ക് അടുപ്പിക്കാൻ ഉള്ളതല്ല. എന്നാൽ വിശ്വസിക്കുകയും സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്തവന് മാത്രമെ (നമ്മുടെ സാമീപ്യം) പ്രാപിക്കുവാൻ സാധിക്കുകയുള്ളു.*

അങ്ങനെയുള്ളവർക്ക് അവർ പ്രവർത്തിച്ചതിന്റെ പ്രതിഫലം ദ്വിഗുണീഭവിച്ചു ലഭിക്കുന്നതാണ്. അവർ ഉന്നതമന്ദിരങ്ങളിൽ സമാധാനചിത്തരായി വസിക്കുന്നതാണ്. (34:38)

അതായത് ഭൗതികമായ സമ്പത്തും പ്രതാപവും പ്രൗഢിയും സന്തതികളും മനുഷ്യനെ ദൈവസാമീപ്യ പ്രാപ്തിക്കുള്ള നിദാനമാക്കുന്നില്ല എന്നും വിശ്വസിക്കുകയും സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും അവന്റെ വഴിയിൽ ചെലവു ചെയ്യുകയും ചെയ്യുന്നവർ മാത്രമെ ദൈവസാമീപ്യം പ്രാപിക്കുകയുള്ളുവെന്നു പ്രസ്തുത ആയത്തുകൾ വിളിച്ചോതുന്നു.

ചുരുക്കത്തിൽ ദൈവസാമീപ്യ പ്രാപ്തിക്കായി വിശുദ്ധ ഖുർആൻ നിർദ്ദേശിക്കുന്ന മാർഗ്ഗങ്ങൾ സൂക്ഷ്മതയും ദൈവഭക്തിയും കരഗതമാക്കുക, അധികമധികം ദൈവസന്നിധിയിൽ പ്രണമിക്കുക, പ്രാർത്ഥനയിൽ നിരതരായിരിക്കുക, സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുക, അതിന്നായി തീവ്രയത്നം ചെയ്യുക, ഇസ്തിഗിഫാർ ചെയ്യുക, ദൈവമാർഗ്ഗത്തിൽ ചെലവുചെയ്യുക, ദൈവത്തിലും അന്ത്യനാളിലും വിശ്വസിക്കുക, ഒരു വിധത്തിലുള്ള ശിർക്കും ചെയ്യാതിരിക്കുക എന്നിവയാണ്. ഈ മാർഗ്ഗങ്ങൾ അനുസരിച്ചു ദൈവപാതയിൽ ചരിച്ചു ദൈവസാമീപ്യം പ്രാപിക്കുന്നതിനുള്ള സൗഭാഗ്യം അല്ലാഹു നമുക്കെല്ലാം പ്രദാനം ചെയ്യുമാറാകട്ടെ. ആമീൻ.

## ലേഖനം

# വിസ്മരിക്കപ്പെടാനായി പാകിസ്താൻ തെരഞ്ഞെടുത്ത ശാസ്ത്രജ്ഞൻ

നിരുപമാ സുബ്രഹ്മണ്യൻ

**20-ാം നൂറ്റാണ്ടിലെ മഹാന്മാരായ ശാസ്ത്രപ്രതിഭകളിലൊരാണ് നോബേൽ സമ്മാന ജേതാവായ ഡോ. അബ്ദുസ്സലാം. അഹ്മദി ആയതിന്റെ പേരിൽ ജന്മനാടായ പാകിസ്താൻ അദ്ദേഹത്തോടു കാട്ടുന്ന ക്രൂരമായ അവഗണനയെ പറ്റി സലാം സാഹിബിന്റെ പത്താം ചരമവാർഷിക വേളയിൽ വ്യാപകമായ പ്രതിഷേധം ഉയർന്നുവന്നിരിക്കുന്നു.** THE HINDU **(2006 നവം. 30) പത്രത്തിൽ വന്ന മുഖ്യ ലേഖനമാണിത്. പത്രത്തിന്റെ ഇസ്‌ലാമാബാദ് കറസ്പോണ്ടന്റാണ് ലേഖിക**

സമയം നല്ലതായി കാണപ്പെടുന്നു. സിയാഉൽഹഖിന്റെ കാലത്തെ വിവാദപരമായ ഹുദൂദ് നിയമം ഭേദഗതി ചെയ്യാനുള്ള ധൈര്യം പാക്കിസ്താൻ കാണിച്ചിരിക്കുന്നു. 'ഞാൻ മുരാച്ചിത്തരത്തോട് വിടവാങ്ങി പാകിസ്താനെ 'പ്രബുദ്ധരായ മിതവാദികളുടെ' (Moderate Enlightened) രാജ്യമാക്കി മാറ്റുവാൻ ആഗ്രഹിക്കുന്നു' എന്ന് പ്രസിഡണ്ട് പർവേസ് മുശർറഫ് പറയുന്നു. മുശർറഫ് കറാച്ചിയിലെ ഒരു ഹിന്ദുക്ഷേത്രം പോലും സന്ദർശിക്കുകയുണ്ടായി. പ്രസിഡണ്ടിന്റെ വാക്കുകൾ മുഖവിലക്കെടുത്തുകൊണ്ട് പാകിസ്താനിൽ നിരന്തരം അവഗണിക്കപ്പെട്ടുകൊണ്ടിരിക്കുന്ന നോബേൽ സമ്മാന ജേതാവ് അബ്ദുസ്സലാമിനെ ആദരിക്കുവാൻ ഉറച്ച ചുവടുവെപ്പുകൾ നടത്തണമെന്ന് ഇപ്പോൾ അദ്ദേഹത്തിന്റെ ആരാധകരും അനുയായികളും സ്നേഹിതരും ചേർന്ന് പ്രസിഡണ്ട് മുശർറഫിനോട് ആവശ്യപ്പെടുകയാണ്. നിയമത്തിനു മുമ്പിൽ അമുസ്‌ലിം ആണെന്ന് പ്രഖ്യാപിക്കപ്പെട്ട അഹ്മദിയ്യാ വിഭാഗത്തിൽപെട്ട ആളായാളായത് കൊണ്ടാണ് ഈ അവഗണന.



ഡോ. സലാം 1996 നവംബർ 21-നാണ് ലണ്ടനിൽ വെച്ച് 70-ാം വയസ്സിൽ നിര്യാതനായത്. അവസാനം വരെ തന്റെ പാകിസ്താൻ പൗരത്വം ഉപേക്ഷിക്കാതെ ദീർഘകാലം ഇംഗ്ലണ്ടിൽ അദ്ദേഹം കഴിച്ചുകൂട്ടി. ഡോ. സലാം അദ്ദേഹത്തിന്റെ മരണത്തിന്നു മുമ്പായി പാകിസ്താനിലെ അഹ്മദിയ്യാ ആസ്ഥാനമായ പഞ്ചാബ് പ്രവിശ്യയിലെ റബ്‌വയിൽ തന്റെ മൃതദേഹം കബടക്കാൻ ആഗ്രഹം പ്രകടിപ്പിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ആഗ്രഹം സഫലമായി. പക്ഷേ വിചിത്രമായ ഒരു വ്യതിയാനമുണ്ടായി. നിയമം നടപ്പാക്കാൻ ബാദ്ധ്യസ്ഥനായ ഒരു മജിസ്ട്രേറ്റ് അബ്ദുസ്സലാമിന്റെ കബറിടത്തിൽ ആലേഖനം ചെയ്ത "അബ്ദുസ്സലാം, ആദ്യത്തെ മുസ്‌ലിം നോബൽ സമ്മാന ജേതാവ്" എന്ന വാക്യത്തിൽ നിന്നും 'മുസ്‌ലിം' എന്ന പദം മായ്ച്ചുകളഞ്ഞു. "അബ്ദുസ്സലാം, ആദ്യത്തെ നോബൽ സമ്മാനജേതാവ്" (!) എന്നാക്കി മാറ്റി. ഈ കൃത്യം അത്ര ദുരന്തമായില്ലെങ്കിലും പരിഹാസ്യമായ ഒരു പരിണിതിയായിരുന്നു. പിന്നീട് ആ പട്ടണത്തിന്റെ പേരു തന്നെ 'ചീനാബ് നഗർ' എന്നാക്കി മാറ്റി.

ഈ അവസാന വാരത്തിലായിരുന്നു അദ്ദേഹത്തിന്റെ 10-ാം ചരമ

വാർഷികം. ആ അവസരത്തിൽ ചെറുതാണെങ്കിലും ശക്തമായ ഒരു പ്രചാരണം നടക്കുകയുണ്ടായി. ഇത് വരെ അത് ഇംഗ്ലീഷ് മുഖ്യധാരാ പത്രങ്ങളിൽ മാത്രം പരിമിതമായിരുന്നു. അതായത് ലോകവ്യാപകമായി ശാസ്ത്രസമൂഹം അത്യുന്നതനിലവാരത്തിൽ ആദരിക്കപ്പെട്ട ഒരു മനുഷ്യൻ പാക്കിസ്താനിൽ അറിയപ്പെടാതിരിക്കുക എന്ന അനീതി തുറന്നുകാട്ടാനായിരുന്നു അവരുടെ പ്രചാരണം.

ഭുവനപ്രശസ്തനായ ഈ ഭൗതികശാസ്ത്രജ്ഞന്റെ കഥ ഒരു കൊച്ചു നഗരബാലന്റെ ആവേശകരമായ വിജയകഥയാണ്. തന്റെ തെളിഞ്ഞ പ്രതിഭാശക്തികൊണ്ട് സമുജ്ജ്വലമായി വെട്ടിതിളങ്ങിയ ആ ബാലൻ സ്കൂളിൽ നിന്നും ലാഹോർ കോളേജിലേക്കും അവിടെ നിന്ന് 1949ൽ ഫിസിക്സിലും മാത്തമാറ്റിക്സിലും ഇരട്ട ബിരുദം ഒന്നാമനായി നേടി കാംബ്രിഡ്ജിലേക്കുമുള്ള പ്രയാണം പ്രചോദനാത്മകമാണ്. അവിടെ നിന്നുതന്നെ പിന്നീട് അദ്ദേഹം പി.എച്.ഡി. എടുക്കുകയും ചെയ്തു. 1979ലാണ് ഡോ. സലാമിന് നോബേൽ സമ്മാനം ലഭിച്ചത്. ഷെൽഡൻ ഗ്ലാഷോയും സ്റ്റീവൻ വൈൻബർഗുമായി അദ്ദേഹം. നോബൽ സമ്മാനം പങ്ക് വെക്കുകയായിരുന്നു. പ്രാഥമിക കണങ്ങളിലെ വിദ്യുത് കാന്തികബലവും, ദുർബല അണുകേന്ദ്രബലവും തമ്മിലുള്ള പ്രതിപ്രവർത്തനവും അതിനിടയിലെ ദുർബല ന്യൂട്രോൺകറന്റിന്റെ പ്രവചനവുമടങ്ങുന്ന ഏകീകരണ സിദ്ധാന്തത്തിന് നൽകിയ സംഭാവനകൾക്കാണ് അവർക്ക് നോബേൽ സമ്മാനം ലഭിച്ചത്.

ഡോ. അബ്ദുസ്സലാം പാകിസ്താനിലെ പാഠപുസ്തകങ്ങളിൽ ഒന്ന് പരാമർശിക്കപ്പെട്ടുപോകുക മാത്രമാണ് ചെയ്യുന്നത്. വിദ്യാർത്ഥികൾ അദ്ദേഹത്തെപറ്റി പൊതുവേ യാതൊന്നും അറിയുന്നില്ല. അബ്ദുസ്സലാമിന്റെ അടുത്ത സഹപ്രവർത്തകനും അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങളുടെ വ്യാഖ്യാതാവും ഭൗതികശാസ്ത്രജ്ഞനുമായ പർവേസ് ഹുഡ്ബോയ് ഡോ. സലാമിന്റെ വേർപാട് കഴിഞ്ഞ് ഒരു വർഷത്തിന് ശേഷം പറയുകയുണ്ടായി. *'വ്യാജ ശാസ്ത്രജ്ഞന്മാർ നാടുനീളെ വിലസി നടക്കുന്നു. പക്ഷേ സലാമിനെ മാത്രം എവിടേയും കാണുന്നില്ല'*

1954ൽ പാക്കിസ്താനിൽ അഹ്മദിയ്യാ വിരുദ്ധ പ്രക്ഷോഭം കൊടുമ്പിരിക്കൊണ്ടപ്പോൾ ഡോ. അബ്ദുസ്സലാം രാജ്യം വിടുകയായിരുന്നു. യാദൃച്ഛികമെന്നു പറയട്ടെ ആ സന്ദർഭത്തിൽ അദ്ദേഹത്തിന് കാംബ്രിഡ്ജിൽ അദ്ധ്യാപകനായി ഉദ്യോഗം ലഭിക്കുകയും ചെയ്തു. ഇറ്റലിയിലെ ട്രീസ്റ്റിൽ സൈദ്ധാന്തിക ഭൗതികത്തിൽ (Theoretical Physics) ഒരു അന്താരാഷ്ട്രസ്ഥാപനം പടുത്തുർത്താൻ അദ്ദേഹം തീരുമാനിച്ചു. (ഈ സ്ഥാപനം പാകിസ്താനിൽ സ്ഥാപിക്കാനായിരുന്നു അദ്ദേഹം ഉദ്ദേശിച്ചത്) ഇന്റർനാഷനൽ സെന്റർ ഫോർ തിയററ്റിക്കൽ ഫിസിക്സ് (ICTP)[1] എന്ന ഈ സ്ഥാപനം 1964 ലാണ് സ്ഥാപിക്കപ്പെട്ടത്. 1994 വരെ അദ്ദേഹമായിരുന്നു അതിന്റെ ഡയറക്ടർ വികസ്വര രാജ്യങ്ങളിൽ വിദ്യാഭ്യാസം നൽകുവാൻ ICTP തീരുമാനിക്കുകയുണ്ടായി. 1997ൽ അദ്ദേഹം ദിവംഗതനായപ്പോൾ ഡോ. അബ്ദുസ്സലാമിന്റെ നാമം ആ സ്ഥാപനത്തിന് നൽകുകയുണ്ടായി.

ICTP[1] യിലൂടെ പാകിസ്താനിലെ വളരുന്ന യുവശാസ്ത്രജ്ഞന്മാരുടെ അടുക്കലേക്ക് ഡോ. സലാം എത്തുകയുണ്ടായി. അദ്ദേഹത്തിന് ലഭിച്ച നോബൽ സമ്മാന തുക മുഴുവൻ[2] പാകിസ്താനിലെ ശാസ്ത്രവിദ്യാർത്ഥികൾക്ക് വേണ്ടി അദ്ദേഹം നീക്കിവെച്ചു. വിദ്യാഭ്യാസരംഗത്ത് പ്രത്യേകിച്ചും ശാസ്ത്രരംഗത്ത് വികസ്വര രാജ്യങ്ങൾ കൂടുതൽ ധനനിക്ഷേപം നടത്തണമെന്ന് ശക്തമായി വിശ്വസിച്ചിരുന്ന ആളായിരുന്നു സലാം. അദ്ദേഹമാണ് തേർഡ് വേൾഡ് അക്കാദമി ഓഫ് സയൻസും സ്ഥാപിച്ചത്.

ആദ്യകാലങ്ങളിൽ അദ്ദേഹം പല വിധേനയും പാക്കിസ്താനുമായുള്ള സഹകരണം തുടരുകയുണ്ടായി. പാകിസ്താനിലെ ആറ്റോമിക് എനർജി കമ്മീഷന്റെ കെട്ടിടങ്ങൾ രൂപകല്പന ചെയ്യുന്നതിൽ അദ്ദേഹം സഹായിച്ചിരുന്നു. കമ്മീഷനിലെ ഒരു അംഗമായും സയൻസ് കമ്മീഷൻ ഓഫ് പാകിസ്താന്റെ ഒരംഗമായും പാകിസ്താൻ പ്രസിഡണ്ടിന്റെ മുഖ്യ ശാസ്ത്രോപദേഷ്ടാവായും അദ്ദേഹം പ്രവർത്തിച്ചു.

പക്ഷേ 1974ൽ സുൽഫിക്കർ അലി ഭൂട്ടോ പ്രധാനമന്ത്രിയായ അവസരത്തിൽ പാകിസ്താൻ ദേശീയ അസംബ്ലി രണ്ടാം ഭരണഘടനാ ഭേദഗതിയിലൂടെ അഹ്മദികളെ അമുസ്ലിം ന്യൂനപക്ഷമായി പ്രഖ്യാപിച്ചപ്പോൾ അദ്ദേഹം ആ സ്ഥാനങ്ങളെല്ലാം രാജിവെച്ചൊഴിഞ്ഞു. 19-ാം നൂറ്റാണ്ടിലെ ഒരു മതനേതാവായിരുന്ന മീർസാഗുലാം അഹ്മദിന്റെ അനുയായികളാണ് അഹ്മദികൾ. ഖാദിയാനികൾ എന്നും അവർ അറിയപ്പെടുന്നു. മുഹമ്മദ് നബി അവസാനത്തെ പ്രവാചകനാണെന്ന് വിശ്വാസം അഹ്മദികൾ നിരാകരിക്കുന്നതിനാൽ അഹ്മദികൾ അമുസ്ലിംകളാണ് എന്നാണ് യാഥാസ്ഥിതിക മുസ്ലിംകൾ പറയുന്നത്. അഹ്മദികളെ പാകിസ്താനിൽ പള്ളികളിൽ പ്രവശിക്കാനനുവദിക്കില്ല. അവർക്ക് സ്വയം മുസ്ലിമാണെന്ന് പറയാനും പാടില്ല. പാകിസ്താനിലെ മതനിന്ദാനിയമം അഹ്മദിയാ സമൂഹത്തിന്റെ മേൽ തൂങ്ങിനിൽക്കുന്നു. അഹ്മദികൾക്ക് മുകളിൽ മാത്രമല്ല ഡമോക്ലസിന്റെ വാൾ പോലെ മതനിന്ദാ നിയമം എല്ലാ ന്യൂനപക്ഷങ്ങൾക്ക് മേലെയും തൂങ്ങിനിൽക്കുന്നു.

പക്ഷേ ഡോ. സലാം സ്വയം അദ്ദേഹം മുസ്ലിമാണെന്ന് വിശ്വസിച്ചു. ഭൗതികശാസ്ത്രജ്ഞനേക്കാളുപരി അദ്ദേഹം ഒരു വിശ്വാസിയായിരുന്നു. Daily Timesന്റെ വാഷിംഗ്ടൺ ലേഖകനായ ഖാലിദ് ഹസൻ ഓർമ്മിക്കുന്നു. ഹസൻ അക്കാലത്ത് ഭൂട്ടോയുടെ പ്രസ് സെക്രട്ടറിയായിരുന്നു. 'താങ്കൾ എന്തുകൊണ്ടാണ് സ്ഥാനങ്ങൾ രാജിവെച്ചതെന്ന്' ഭൂട്ടോ ഡോ.

സലാമിനോട് ചോദിക്കുകയുണ്ടായി. സലാമിന്റെ മറുപടി: 'എന്റെ സമുദായത്തെ മുഴുവൻ അമുസ്‌ലിമായി പ്രഖ്യപിച്ച ഒരിടത്ത് തുടരാൻ എനിക്ക് സാധ്യമല്ല എന്നായിരുന്നു. ഭൂട്ടോ പറഞ്ഞു: 'സലാം, അതെല്ലാം രാഷ്ട്രീയമാണ്, എനിക്ക് സമയം തരിക. ഞാനത് മാറ്റുന്നതാണ്. എന്നെ വിശ്വസിക്കൂ' ഡോ. സലാമിന്റെ മറുപടി. 'അതെ, ശരി തന്നെ സുൽഫി, താങ്കൾ പറഞ്ഞ കാര്യം ഒരു കടലാസിൽ എഴുതി തരിക. നമ്മുക്കിടയിൽ ആ ലിഖിതം എന്നെന്നേക്കും എപ്പോഴും ഉണ്ടായിരിക്കും' ഹസ്സൻ എഴുതുന്നു. ഭൂട്ടോയുടെ മറുപടി വളരെ ക്ലാസിക്കലായിരുന്നു. ഭൂട്ടോ പറഞ്ഞു: 'സലാം എനിക്ക് അത് സാധ്യമല്ല. അതായത് ഞാനൊരു രാഷ്ട്രീയക്കാരനാണ്!'

ശാസ്ത്രത്തിനോടുള്ള ഇസ്‌ലാമികലോകത്തിന്റെ, മുൻവിധിക്കെതിരെയുമുള്ള സമരവും ശാസ്ത്രവിദ്യാഭ്യാസത്തിൽ മുസ്‌ലിം രാജ്യങ്ങളെക്കൊണ്ട് നിക്ഷേപം നടത്തിക്കലുമായിരുന്നു ഡോ. സലാമിന്റെ ജീവിത ദൗത്യം. മുസ്‌ലിം രാജ്യങ്ങൾ ധനനിക്ഷേപം നടത്തികൊണ്ടുള്ള ഒരു ഇസ്‌ലാമിക സയൻസ് ഫൗണ്ടേഷൻ' രൂപീകരിക്കാൻ പോലും അദ്ദേ ഹം ആവശ്യപ്പെടുകയുണ്ടായി. ഹസ്സൻ എഴുതുകയാണ്. അദ്ദേഹത്തിന് നോബൽ സമ്മാനം ലഭിച്ചതിന്ശേഷം എല്ലാ മുസ്‌ലിം രാജ്യങ്ങളുടെ തലസ്ഥാനങ്ങളിലും പോയി അവരുടെ മൊത്തം ദേശീയോൽപാദനത്തിന്റെ (GNP) ഒരു ശതമാനം രാജ്യത്തെ ശാസ്ത്രവിദ്യാഭ്യാസത്തിന് വേണ്ടി നീക്കിവെക്കുക എന്ന് അഭ്യർത്ഥിച്ചു. ആരും അദ്ദേഹത്തിന്റെ അഭ്യർത്ഥന ചെവിക്കൊണ്ടില്ല. ലിബിയ ഒഴികെ. ഉടൻ അദ്ദേഹം കേണേൽ ഗദ്ദാഫിയെ കാണാൻ വിമാനം ലിബിയയിലേക്ക് തിരിച്ചു. ഗദ്ദാഫി അദ്ദേഹത്തോടു ചോദിച്ചു: 'താങ്കൾ എനിക്കൊരു ന്യൂക്ലിയർ ബോംബ് ഉണ്ടാക്കിത്തരുകയാണെങ്കിൽ ഞാൻ ഫണ്ടിലേക്ക് സംഭാവന തരാം'. ഇതായിരുന്നു ഗദ്ദാഫിയുടെ പ്രതികരണം. 'ഞാൻ അത്തരത്തിൽപ്പെട്ട ശാസ്ത്രജ്ഞനല്ല' എന്ന് സലാമും മറുപടി പറഞ്ഞു. ഗദ്ദാഫിക്ക് ഉടൻ തന്നെ അദ്ദേഹത്തിൽ താല്പര്യം നഷ്ടപ്പെട്ടു.

നോബേൽ സമ്മാനം ലഭിച്ചതിന്ശേഷം ഡോ. സലാം തന്റെ ജന്മനാട് സന്ദർശിച്ചപ്പോൾ അദ്ദേഹത്തിന്റെ പ്രസംഗത്തിലെ ഇസ്‌ലാമിക പരാമർശങ്ങളെല്ലാം നീക്കിക്കളയുകയുണ്ടായി. ഇന്ത്യയിൽ അദ്ദേഹം കുട്ടിക്കാലം പഠിച്ച സ്കൂളിലെ അദ്ധ്യാപകനെ സന്ദർശിക്കാൻ വന്നപ്പോൾ ഊഷ്മളമായ സ്വീകരണമാണ് അദ്ദേഹത്തിന് നൽകപ്പെട്ടത്.

കഴിഞ്ഞ വാരത്തിലാദ്യം Daily Times എഴുതി: 'എ. ക്യു ഖാനെ വലുതാക്കിക്കൊണ്ട് പാക്കിസ്താന്റെ എക്കാലത്തേയും ഏറ്റവും മഹാനായ ശാസ്ത്രജ്ഞനോട് കാണിച്ച അവഗണനയിൽ നമുക്ക് കുറ്റബോധമുണ്ടാവേണ്ടതുണ്ട്. തന്റെ വ്യക്തിപരമായ നേട്ടത്തിന് വേണ്ടി ന്യൂക്ലിയർ ടെക്നോളജി വില്പന നടത്തി പാകിസ്താന് അപകീർത്തിയും 'തെമ്മാടി രാജ്യം' എന്ന ദുഷ്പേരും സമ്പാദിച്ച ആളാണ് എ. ക്യു. ഖാൻ.

## തിരുത്തൽ നടപടികൾ

പാകിസ്താൻ പ്രാഥമികമായി ചില തിരുത്തൽ നടപടികൾ എടുക്കുകയുണ്ടായി. പാകിസ്താനിലെ ശാസ്ത്രജ്ഞരെ സ്മരിക്കുന്ന കൂട്ടത്തിൽ ഡോ. സലാമിന്റെ സ്മരണക്കായി അദ്ദേഹത്തിന്റെ പേരിലും ഒരു സ്റ്റാമ്പ് ഇറക്കുകയുണ്ടായി. ഡോ. സലാമിന്റെ പൂർവ്വകാല വിദ്യാഭ്യാസം നിർവ്വഹിച്ച ലാഹോറിലെ ഗവൺമെന്റ് കോളേജിന്റെ (ഇപ്പോൾ അതൊരു യൂണിവേഴ്സിറ്റിയാണ്) ഒരു ഡിപാർട്ട് മെന്റിന് അദ്ദേഹത്തിന്റെ പേരും നൽകിയിട്ടുണ്ട്.

പാകിസ്താൻ പീപ്പിൾസ് പാർട്ടിയുടെ മുതിർന്ന നേതാവായ ഫർഹത്തുല്ലാഹ് ബാബർ 'The News' പത്രത്തിൽ എഴുതിയ ലേഖനത്തിൽ ഒരു സംഭവം ഓർക്കുകയുണ്ടായി. 1996 ജനുവരിയിൽ ഡോ. സലാമിന്റെ സുഹൃത്തുക്കൾ അദ്ദേഹത്തിന്റെ 70-ാം ജന്മവാർഷികത്തിൽ അദ്ദേഹത്തിന്റെ ബഹുമാനാർത്ഥം ഒരു പരിപാടി ഇസ്‌ലാമാബാദിൽ സംഘടിപ്പിക്കുകയുണ്ടായി. ആ സന്ദർഭത്തിൽ അദ്ദേഹം മരണാസന്നമായ രോഗാതുരനായിരുന്നു. അപ്പോൾ ആ പരിപാടിക്കെതിരെ പാകിസ്താനെ അപകീർത്തിപ്പെടുത്തുന്നതിന് തുല്യമാണിതെന്ന് പറഞ്ഞ് തടസ്സവാദമുണ്ടായി. ബാബർ എഴുതുന്നു: ഈ തടസ്സവാദത്തെക്കുറിച്ചുള്ള പത്രവാർത്ത ബേനസീർ ഭൂട്ടോവിന്റെ മുന്നിലെത്തിയപ്പോൾ അവർ അതിൽ 'അസംബന്ധം' (Rubbish) എന്നെഴുതി. ആ ന്യൂസ് ക്ളിപ്പിംങ്ങ് അടങ്ങിയ ഫയൽ തിരിച്ചയക്കുകയുണ്ടായി. ആ പരിപാടി നടക്കുകയും ചെയ്തു. ഡോ. സലാമിന്റെ ജന്മദിനത്തിൽ അദ്ദേഹം പാകിസ്താനിലെ ശാസ്ത്രത്തിന് ചെയ്ത സേവനങ്ങൾ ഒരിക്കലും മറക്കാൻ സാധ്യമല്ല എന്ന് അനുസ്മരിച്ചുകൊണ്ട് ബേനസീർ ഡോ. സലാമിന് കത്തെഴുതി എന്നും ഫർഹത്തുല്ലാഹ് എഴുതുകയുണ്ടായി.

പക്ഷേ ഡോ. ഹുഡ്ബോയ് 1988ലെ മറ്റൊരു സംഭവം അനുസ്മരിക്കുന്നു. ശ്രീമതി ബേനസീർ ഭൂട്ടോ ആദ്യത്തെ തവണ പ്രധാനമന്ത്രിയായപ്പോൾ അവരെ കാണാൻ വേണ്ടി രണ്ട് ദിവസം ഒരു ഹോട്ടൽ മുറിയിൽ ഡോ. സലാം കാത്ത് കെട്ടി കിടന്ന സംഭവമാണ് അദ്ദേഹം ഓർക്കുന്നത്. ഹുഡ്ബോയ് എഴുതുന്നു: 'പെട്ടെന്ന് ഹോട്ടൽ മുറിയിലെ ഫോൺ ശബ്ദിച്ചു. സലാമിന്റെ മുഖം സന്തോഷത്താൽ വിടർന്നു. പിന്നീട് അദ്ദേഹത്തിന്റെ മുഖം വാടുന്നതും ഞാൻ കണ്ടു. കൂടിക്കാഴ്ചക്കുള്ള സലാമിന്റെ അഭ്യർഥന നിരസിച്ചുകൊണ്ടുള്ള ബീബി (ബേനസീറിന്റെ) യുടെ സെക്രട്ടറിയുടെ ഫോൺ കോളായിരുന്നു അത്'

ഡോ. സലാമിനെ ആദരിക്കാൻ വെറുമൊരു അനുസ്മരണം മാത്രം പോര എന്ന വ്യാപകമായ വികാരം

*(ശേഷം 24-ാം പേജിൽ)*

ലേഖനം

# നബി തിരുമേനി(സ)യുടെ വിവാഹങ്ങൾ: ഒരപഗ്രഥനം

ഐ.കെ. അഹ്മദ് കുട്ടി, കോഴിക്കോട്

**പരമപവിത്രവും പരിശുദ്ധവുമായ ജീവിതം നയിച്ച റസൂൽ തിരുമേനി(സ)യുടെ വിവാഹങ്ങളെ ചൂണ്ടിക്കാട്ടി ഉന്നയിക്കുന്ന നിരർത്ഥകമായ ആരോപണങ്ങൾക്ക് മറുപടി**

പ്രവാചകന്മാരുടെയും മതഗുരുക്കന്മാരുടെയും ജീവിതം നിരീക്ഷണ വിധേയമാക്കുന്ന ഏതൊരു ചരിത്രവിദ്യാർത്ഥിക്കും സ്പഷ്ടമായ രീതിയിൽ അവരെല്ലാം തന്നെ പല തരത്തിലുള്ള ആരോപണങ്ങൾക്കും ശരവ്യമായിട്ടുണ്ടായിരുന്നു എന്ന സംഗതി മനസ്സിലാക്കാവുന്നതാണ്. അതാതുകാലഘട്ടങ്ങളിലെ ദുഷിച്ചുനാറിയ വ്യവസ്ഥിതിയെ പിഴുതെറിയുകയും ജനങ്ങളിൽ ദൈവോന്മുഖമായ ജീവിതക്രമം നിലനിർത്തുകയും ചെയ്യാൻ വരുന്ന പുണ്യവാന്മാരായ അത്തരം മഹത്തുക്കളെ പൂമാലയിട്ടു സ്വീകരിച്ചുവരുന്ന സമ്പ്രദായവും നമുക്ക് കാണാൻ കഴിയില്ല. മറിച്ചു അവരുടെയും അനുയായികളുടെയും ജീവിതപന്ഥാവിൽ എതിർപ്പുകളുടെയും ദ്രോഹങ്ങളുടെയും കാരമുള്ളുകളായിരുന്നു വിതക്കപ്പെട്ടത്.

മനുഷ്യസമൂഹത്തിന്റെ കാരുണ്യമായി അവതരിച്ച പ്രവാചകരായ മുഹമ്മദ് നബി(സ)യോട് മറ്റു പ്രവാചകന്മാരിൽ നിന്നും മതഗുരുക്കന്മാരിൽ നിന്നും വ്യത്യസ്തമായി കരുതിക്കൂട്ടി സ്വഭാവഹത്യ നടത്തുകയും ജനമനസ്സുകളിൽ വെറുപ്പ് സൃഷ്ടിക്കുന്ന രീതിയിൽ ചിത്രീകരിക്കുകയുമാണ് ഓറിയന്റലിസ്റ്റുകൾ എന്ന് അറിയപ്പെടുന്ന ക്രിസ്ത്യൻ പണ്ഡിതന്മാർ ഇതപര്യന്തം ചെയ്തുവരുന്നത്. മുഹമ്മദ് നബി(സ)യുടെ ജനനം മുതൽ മരണംവരെയുള്ള ജീവിതവും സംഭവങ്ങളും ഒരു തുറന്ന പുസ്തകം പോലെ സുതാര്യമായി കാണാൻ സാധിക്കുമെങ്കിലും വഞ്ചനാത്മകവും അടിസ്ഥാനരഹിതവുമായ ആരോപണങ്ങൾ ഉന്നയിച്ചു ആ ദിവ്യ വ്യക്തിത്വത്തെ സ്വഭാവഹത്യ നടത്തിയും ആത്മീയപ്രഭാവത്തെ തമസ്കരിക്കുകയുമാണ് ഇവർ ചെയ്യുന്നത്. തിരുനബി(സ)യുടെ തത്വങ്ങളും ജീവിതവും യഥാർത്ഥത്തിൽ ഇക്കൂട്ടർ ഗ്രഹിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ ആദ്യമായി അവർ സത്യത്തോടുള്ള ആഭിമുഖ്യം സ്വായത്തമാക്കട്ടെ, കാര്യങ്ങൾ സത്യോന്മുഖമായ രീതിയിലും പക്ഷപാതരഹിതമായും നിരീക്ഷിക്കട്ടെ. ഈ നിലപാടു അവർ കൈക്കൊള്ളുന്നതായാൽ സംഗതികൾ സുതാര്യമായി ഗ്രഹിക്കാവുന്നതേയുള്ളൂ. നിർഭാഗ്യകരമെന്ന് പറയട്ടെ, ഈ നിലപാടു അവർ സ്വീകരിക്കുകയില്ല. സ്വീകരിച്ചാൽ ദാർശനികമായും പ്രായോഗികമായും ഇസ്ലാമിനും അതിന്റെ പ്രവാചകനും ഉള്ള മറ്റു മതജീവിതസിദ്ധാന്തങ്ങളെ അപേക്ഷിച്ചുള്ള മേൽക്കോയ്മ അടിവരയിട്ടു സ്ഥാപിക്കേണ്ടി വരുമെന്ന് അവർക്കറിയാം. അതുകൊണ്ടുതന്നെയാണ് ഈ ഗീബൽസിയൻ മാർഗ്ഗം അവർ അവലംബിക്കുന്നത്. ചേതോഹരമായ ആശയസിദ്ധാന്തങ്ങൾ ഉള്ള ഇസ്ലാമിനെയും അതിന്റെ പ്രവാചകനെയും കളങ്കിതമാക്കിത്തീർക്കാൻ അവർ പാടുപെടുകയും ചെയ്യുന്നു.

ഒരുവശത്ത് ഇസ്ലാം മതം പ്രചരിച്ചത് വാളുകൊണ്ടാണെന്നും, ഈ മതം അക്രമാസ്ക്തമാണെന്നും അവർ ആക്ഷേപിക്കുന്നു. മറുവശത്ത് ഇസ്ലാമിന്റെ പ്രവാചകർ ഭോഗാസക്തനാണെന്നും നിരവധി ഭാര്യമാരെ ഇക്കാരണത്താൽ സ്വീകരിച്ചിട്ടുണ്ടെന്നും ആക്ഷേപിക്കുന്നു. ഒന്നാമത്തെ ആരോപണത്തിന് മറുപടി പറയാൻ ഇപ്പോൾ ഉദ്യമിക്കുന്നില്ല. എന്നാൽ രണ്ടാമത്തെ ആരോപണത്തി ന്റെ നിജസ്ഥിതി സത്യാന്വേഷികൾക്കും ചരിത്രവിദ്യാർത്ഥികൾക്കും ഗ്രഹിക്കാൻ വേണ്ടി അല്പം വിശദീകരിക്കേണ്ടിയിരിക്കുന്നു.

ഒട്ടുമിക്ക മതസംസ്ഥാപകരും ഗുരുക്കന്മാരും ബഹുഭാര്യത്വം സ്വീകരിച്ചിട്ടുള്ളവരാണ്. ബഹുഭാര്യത്വം സ്വീകരിച്ചവരെല്ലാം സ്ത്രീജിതരായിരുന്നു എന്ന് ആരെങ്കിലും ആക്ഷേപിക്കുന്നുണ്ടോ? യഹൂദികളും ക്രൈസ്തവരും പാവനത്വം കല്പിച്ചരുളുന്ന അബ്രഹാം (അ) പ്രവാചകൻ മൂന്നോ അതിലധികമോ വിവാഹം ചെയ്തിരുന്നില്ലേ? എന്നാൽ അക്കാരണത്താൽ അദ്ദേഹം വിഷയലംബ

ടനായിരുന്നുവെന്നും സ്ത്രീജിതനായിരുന്നുവെന്നും ക്രിസ്ത്യാനികളും യഹൂദികളും ആക്ഷേപിക്കുന്നില്ലല്ലോ. യേശുക്രിസ്തു തന്നെയും ഇപ്പോൾ പുറത്തു വന്ന 'ഡാവിഞ്ചി കോഡ്' എന്ന നോവലിൽ പറയുന്ന പ്രകാരം വിവാഹിതനായിരുന്നു എന്നാണ് മനസ്സിലാവുന്നത്. കൃസ്ത്യാനികളിലുള്ള മോർമൺ വിഭാഗം യേശുവിന്നു 3 ഭാര്യമാർ ഉണ്ടായിരുന്നതായി വിശ്വസിക്കുന്നു എന്ന കാര്യവും ആനുപാതികമായി പരാമർശിക്കട്ടെ.

പുരാണങ്ങളിലും ഇതിഹാസങ്ങളിലുമുള്ള കഥാനായകന്മാരിൽ മിക്കവരും ബഹുഭാര്യാത്വം സ്വീകരിച്ചവരാണ്. ഈ നിലപാടു കാരണം ശ്രീകൃഷ്ണനടക്കമുള്ള മതഗുരുക്കന്മാർ ലൈംഗികാരാജകത്വം സൃഷ്ടിച്ചവരാണെന്നോ സ്ത്രീജിതന്മാർ ആണെന്നോ എന്ന നിലയിലല്ലല്ലോ അവരെ സമൂഹവും വിശ്വാസികളും കാണുന്നത്. എത്രയെത്ര ദേവീദേവന്മാരും അവരുടെ ശൃംഗാരകഥകളുമാണ് ഹിന്ദു പുരാണങ്ങളിൽ പരാമർശിക്കപ്പെട്ടത്? എങ്കിലും വിഷയാസക്തി എന്ന ആരോപണം അവരെ സംബന്ധിച്ച് ആരും തന്നെ ഉന്നയിക്കുന്നില്ല.

വസ്തുതകൾ ഇപ്രകാരമായിരിക്കെ ഇസ്‌ലാമിന്റെ പ്രവാചകനോടു മാത്രമെന്താണ് ബഹുഭാര്യത്വം സ്വീകരിച്ച കാരണത്താൽ കുത്സിതവും ആക്ഷേപാർഹവുമായ രീതിയിലുള്ള പക വെച്ചുപുലർത്തുന്നത്?

നബിതിരുമേനി(സ) ജീവിച്ചിരുന്ന കാലഘട്ടത്തിലെ സമൂഹത്തിന്റെ സമാനതയില്ലാത്തവിധമുള്ള ദുർമാർഗ്ഗത്തിന്റെയും ജീർണ്ണതയുടെയും അവസ്ഥ പകൽ വെളിച്ചം പോലെ എല്ലാവർക്കും അറിവുള്ളതാണല്ലൊ! ഇസ്‌ലാമിന്റെ എതിരാളികൾക്കുപോലും ഇക്കാര്യത്തിൽ ഭിന്നാഭിപ്രായമില്ല. മദ്യത്തിന്റെയും വ്യഭിചാരത്തിന്റെയും ചൂതുകളിയുടെയും കൂത്തരങ്ങളായിരുന്നു അവിടം. ഇത്തരം ഒരു ജനസമൂഹത്തിന്റെ ഇടയിൽ നബിതിരുമേനി(സ) ജീവിച്ചിരുന്നിട്ടും ഈ ദുഷ്കർമ്മങ്ങളിൽ ഒന്നു പോലും അദ്ദേഹത്തെ സ്പർശിച്ചില്ല. സുന്ദരനും അരോഗദൃഢഗാത്രനും ചോരത്തിളപ്പുള്ള ഊർജ്ജസ്വലനും ആയിരുന്നിട്ടും പുഴുക്കുത്തേറ്റ സമൂഹത്തിന്റെ ദുർവൃത്തിയിൽ നിന്നും അതിശയകരമായ രീതിയിൽ അദ്ദേഹം അകന്നു നിന്നു. ആരുടെയെങ്കിലും ചാരിത്രം കളങ്കപ്പെടുത്തിയില്ല. ഏറ്റവും ഉയർന്ന കുടുംബ പശ്ചാത്തലമുള്ള ഹാഷിം കുടുംബത്തിൽ പിറന്ന അദ്ദേഹത്തിന്ന് സ്ത്രീകൾക്ക് ഒരു വിലയും കല്പിക്കാത്ത കാലമായിരുന്നിട്ടുകൂടി ദൈവദത്തമായ നൈർമ്മല്യവും പരിശുദ്ധപ്രകൃതിയും കാരണമായി തെറ്റിലേക്ക് ചാഞ്ഞില്ല. മറിച്ച് അദ്ദേഹം ജീവിച്ചിരുന്ന കാലത്തെ ആബാലവൃദ്ധം ജനങ്ങളും ആശയപരമായ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിരുന്നിട്ടുകൂടി അദ്ദേഹത്തിൽ ഒരു തരത്തിലുമുള്ള അധാർമ്മികമായ പാപസ്പർശവും കണ്ടില്ല. അദ്ദേഹം സംശുദ്ധനും സത്യവാനും നീതിമാനും പുണ്യവാനും ആണെന്നു അടിവരയിട്ടു പറഞ്ഞു. അദ്ദേഹത്തിന്റെ ജീവിതം കണ്ടറിഞ്ഞ ആ സമൂഹത്തിന്റെ സാക്ഷ്യപത്രം നിലവിലിരിക്കെ നൂറ്റാണ്ടുകൾ പിന്നിട്ടതിനുശേഷം ജനിച്ചുവളർന്ന ശത്രുക്കളുടെ ആക്ഷേപമുറവിളിക്കെന്തു പ്രസക്തി! അവരിൽ സാത്താനിക ദുർഭൂതം ആവേശിച്ചിരിക്കുന്നതിനാലാണ് അപഹാസ്യവും വി ദ്വേഷജനകവും ആയ ആക്ഷേപങ്ങൾ പുറപ്പെടുവിക്കുന്നത്.

വാസ്തവത്തിൽ നബിതിരുമേനി (സ)യുടെ ആദ്യവിവാഹം തന്നെ നീതിപൂർവ്വം നിരീക്ഷണവിധേയമാക്കുകയാണെങ്കിൽ ഇത്തരം ആക്ഷേപത്തിന്ന് പ്രസക്തിയില്ലെന്നു മനസ്സിലാകും, കുലമഹിമയിലും ഉയർന്നരീതിയിലുള്ള സ്വഭാവഗുണങ്ങളിലും സംശോഭിതനായിരുന്ന നബിക്ക്(സ) സൗന്ദര്യവതികളായ സ്ത്രീകളെ തിരഞ്ഞെടുത്ത് വിവാഹം ചെയ്യാൻ ഒരു തടസ്സവും ഉണ്ടായിരുന്നില്ല. എന്നാൽ തന്നിലുള്ള നന്മയുടെ നിദർശനമെന്നോണം തന്നെക്കാൾ 15 വയസ്സു കൂടുതലുള്ള ഖദീജാ എന്ന ഒരു വിധവയെയാണ് വിവാഹം ചെയ്തത്. സത്യോന്മുഖമായി നിരീക്ഷണം നടത്തുന്നവർക്ക് ഈ ഒരൊറ്റ കാര്യം കൊണ്ടുതന്നെ ആ മനുഷ്യസ്നേഹിയെ അളക്കാൻ സാധിക്കും. ഖദീജയുമൊത്തുള്ള ജീവിതം അങ്ങേയറ്റം മാതൃകാപരവും അസൂയാവഹമാം വിധം സംതൃപ്തവുമായിരുന്നു. പ്രവാചകദൗത്യവും ദൈവഭാഷണവും അദ്ദേഹത്തിനു ലഭ്യമാകത്തക്കരീതിയിലുള്ള ഏറ്റവും പാവനവും പരിപക്വമായതുമായ ഒരു ജീവിതം ആ മഹതിയുമായി അദ്ദഹം പങ്കിട്ടു. അവരുടെ മരണം വരെ അതു തുടരുകയും ചെയ്തു.

ഇസ്‌ലാം വിഭാവനം ചെയ്യുന്ന രീതിയിലുള്ള ഒരു സമൂഹത്തിൽ വിവാഹമുക്തകളോ വിധവകളോ ആയ സ്ത്രീകളുടെ സംരക്ഷണം സമൂഹത്തിന്റെ ബാധ്യതയാണ്. ഇക്കാരണത്താൽ വിധവാ വിവാഹം ഇസ്‌ലാം പ്രോത്സാഹിപ്പിക്കുന്നു. നബിതിരുമേനി ഖദീജാ(റ)വിന്റെ വഫാത്തിന്നു ശേഷവും ഒരു വിധവയെയാണ് വിവാഹം ചെയ്തത്. നബി തിരുമേനിയുടെ ശിഷ്യനായിരുന്ന സകറാബിൻ അംറ് എന്നവരുടെ ഭാര്യയായിരുന്ന സൗദയായിരുന്നു അത്. സകറാബും ഭാര്യയും ഇസ്‌ലാമിന്റെ ആ വിർഭാവ കാലത്തു തന്നെ ഇസ്‌ലാം മതമാശ്ലേഷിച്ചവരായിരുന്നു. അക്കാരണത്താൽ സമൂഹത്തിൽ നിന്നും ദുസ്സഹമായ എതിർപ്പും പീഡനവും ഏൽക്കേണ്ടി വന്നിരുന്നു. മക്കയിൽ ജീവിക്കാൻ സാധിക്കാത്ത ഒരവസ്ഥയിൽ ഹബ്ശ എന്ന സ്ഥലത്തേക്ക് പാലായനം ചെയ്യേണ്ടി വന്നു. രോഗാതുരനായി തിരിച്ചുവന്ന സകറാബ് പിന്നീടു മരണപ്പെട്ടു. തന്റെ ശിഷ്യനും ആദ്യകാല വിശ്വാസിയും ഇസ്‌ലാ മിന്നു വേണ്ടി കടുത്ത പരീക്ഷണങ്ങളും കഷ്ടതകളും സഹിക്കുകയും അക്കാരണത്താൽ ആത്മത്യാഗം ചെയ്യേണ്ടിവരുകയും ചെയ്ത സകറാബിന്റെ വിധവയെ വിവാഹം ചെയ്യുക വഴി ആ മാന്യവ്യക്തിയുടെ കുടുംബത്തെ സംരക്ഷിക്കുകയാണ് യഥാർത്ഥത്തിൽ അദ്ദേഹം ചെയ്തത്. ഇക്കാര്യത്തിൽ നബി തിരുമേനിയുടെ ശ്രേഷ്ഠ

അനുയായിവൃന്ദം പ്രോത്സാഹനവും നൽകുകയുമുണ്ടായി. സൗദയാകട്ടെ ചെറുപ്പക്കാരിയായിരുന്നുമില്ല. സൗന്ദര്യവതിയുമായിരുന്നില്ല.

നബിതിരുമേനി(സ)യുടെ വിവാഹങ്ങളിൽ കന്യകയായ അവസ്ഥയിൽ ഉണ്ടായിരുന്നത് തന്റെ ഉറ്റതോഴൻ അബൂബക്കറിന്റെ മകൾ ആയിശ മാത്രമായിരുന്നു. അവരാകട്ടെ അപാര ബുദ്ധിശക്തിയുള്ളവളും ധിഷണാശാലിയും ആയിരുന്നു. ആശയങ്ങൾ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യാൻ കഴിവുള്ളവൾ. ഇസ്‌ലാമിന്നുവേണ്ടി സ്വന്തം ജീവിതം വരെ ബലിയർപ്പിക്കാൻ തയ്യാറുള്ള തന്റെ പ്രിയ ചങ്ങാതിയുടെ മകൾ ഇസ്‌ലാമിന്റെ സൈദ്ധാന്തിക നീതീകരണത്തിന്നു അവരുമായുള്ള വിവാഹം അത്യന്തം പ്രയോജനപ്പെടുകയുണ്ടായി. തന്റെ അനുയായികൾക്ക് കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുന്ന ഒരദ്ധ്യാപികയുടെ ജോലിയായിരുന്നു അവരുടേത്. അവർ നബിതിരുമേനി(സ)യുടെ ആഗ്രഹത്തിനൊത്ത് അത് ഫലപ്രദമായി നിർവ്വഹിക്കുകയുണ്ടായി. തിരുമേനി(സ)യുടെ വഫാത്തിന്നു ശേഷവും ദീർഘകാലം ജീവിച്ച ആ മഹതി തലമുറകൾക്കു കൂടി ഗുണകരമാകുമാറുള്ള സ്തുത്യർഹമായ പ്രവർത്തനങ്ങളാണ് കാഴ്ച വെച്ചത്. അവരുടെ കഴിവുകളെക്കുറിച്ചുള്ള യാഥാർത്ഥ്യബോധം നബിതിരുമേനിക്കുള്ളത് കൊണ്ടാണ് അദ്ദേഹം ദീനിന്റെ പകുതിഭാഗം ആയിശയിൽ നിന്നും കരഗതമാക്കിക്കൊള്ളുക എന്ന് അനുയായികളോടു നിർദ്ദേശിച്ചത്. നബി തിരുമേനി(സ)യുടെ വഫാത്തിന്നു ശേഷം അവരോടു നബി തിരുമേനിയുടെ ജീവിതത്തെ സംബന്ധിച്ചു ചോദിക്കപ്പെട്ടപ്പോൾ എന്താണോ ഖുർആൻ അതായിരുന്നു നബി തിരുമേനിയുടെ ജീവിതം എന്നായിരുന്നു ആയിശ(റ)യുടെ മറുപടി. ഈ മറുപടിയിൽ നിന്നു തന്നെ അവർക്ക് ഇസ്‌ലാമികാദ്ധ്യാപനങ്ങളുടെ കഴമ്പും അതോടൊപ്പം നബിതിരുമേനിയുടെ ജീവിതസാക്ഷാത്ക്കാരത്തെ സംബന്ധിച്ച് അഗാധമായ ഉൾക്കാഴ്ചയുമുണ്ടായിരുന്നു എന്ന് വ്യക്തമാണ്.

നബി(സ) തിരുമേനിയുടെ മറ്റൊരു വിവാഹം തന്റെ മറ്റൊരു പ്രിയ സ്നേഹിതനും പിൽക്കാലത്ത് ഇസ്‌ലാമിന്റെ ഖലീഫയുമായിരുന്ന ഹ: ഉമർ (റ)ന്റെ മകൾ ഹഫ്സയുമായിട്ടായിരുന്നു. അവർ വിധവയായിരുന്നു. ആദ്യകാലത്ത് ഇസ്‌ലാം മതമാശ്ലേഷിച്ച ഖുനൈസ് എന്നവരുടെ ഭാര്യയായിരുന്നു അവർ. ബദർ യുദ്ധത്തിൽ വെച്ച് ഖുനൈസിന്ന് മുറിവേൽക്കുകയുണ്ടായി. മദീനയിൽ വെച്ച് അദ്ദേഹം വഫാത്തായി. തന്റെ മകൾ വിധവയായതിൽ ദുഃഖിതനായ ഉമർ അവരെ വിവാഹം ചെയ്യാൻ വേണ്ടി ഹ: അബൂബക്കറിനെ സമീപിക്കുകയുണ്ടായി. അദ്ദേഹം നിഷേധസൂചകമായി മൗനം പാലിച്ചു. തുടർന്ന് ദുഃഖിതനായ ഉമർ ഈ ആവശ്യവുമായി ഹ: ഉസ്മാൻ (റ)നെ സമീപിച്ചു. ഫലം നിരാശയായിരുന്നു. തന്റെ പ്ര യാസങ്ങളും ആവലാതികളും നബിതിരുമേനിയോടു ബോധിപ്പിക്കപ്പെട്ടു. നബി ഹഫ്സയെ താൻ സ്വീകരിച്ചുകൊള്ളാമെന്ന് പറഞ്ഞപ്പോൾ ഉമറിനുണ്ടായ സന്തോഷം സീമാതീതമായിരുന്നു. ഉമറിന്ന് നബിയോടുണ്ടായിരുന്ന ആദരവും ബഹുമാനവും പതിന്മടങ്ങു വർദ്ധിച്ചു. തനിക്ക് വേണ്ടി ജീവൻ ബലിയർപ്പിക്കാൻ തയ്യാറായി നിൽക്കുന്ന തന്റെ ശിഷ്യന്റെ - വരും കാലങ്ങളിൽ ഇസ്‌ലാമിന്റെ സാരഥിയാകാൻ വിധിക്കപ്പെട്ടവന്റെ - ദുരവസ്ഥയും ദുഃഖാവസ്ഥയും നബിതിരുമേനി മനസ്സിലാക്കുകയും തക്കതായി പ്രതികരിക്കുകയുമാണുണ്ടായത്. അതും തന്റെ ശിഷ്യന്മാർ വരെ തിരസ്കരിച്ച ഒരു സ്ത്രീയെയാണ് നബി സ്വീകരിച്ചത്. അതോടെ ഇസ്‌ലാമിനുവേണ്ടി ആത്മത്യാഗം ചെയ്ത ഖു നൈസിന്റെ വിധവക്ക് ആശ്വാസവും സംരക്ഷണവും കിട്ടി. അവർ യഥാർ ത്ഥത്തിൽ ഇസ്‌ലാമിന്നുവേണ്ടി വിധവയാക്കപ്പെടുകയാണുണ്ടായത്. അ തോടൊപ്പം ഈ വിവാഹം മുഖേന ത്യാഗിയായ അരുമശിഷ്യനോടുള്ള നന്ദിഭാവവും വിധവകളോടും അശരണരായ സ്ത്രീകളേയും എപ്രകാരമാണ് സംരക്ഷിക്കേണ്ടതെന്ന് സമൂഹത്തെ പഠിപ്പിക്കുകയും ചെയ്തു.

നബി തിരുമേനി(സ) അതിൽ പിന്നെ വിധവയായ ഉമ്മുസൽമയെ വിവാഹം ചെയ്യുകയുണ്ടായി. ഭർത്താവായിരുന്ന അബുസൽമയും ഭാര്യയും മാത്രമായിരുന്നു ഇസ്‌ലാം മതം സ്വീകരിച്ചത്. അതും ഇസ്‌ലാമിന്റെ തുടക്കത്തിൽ. ആദ്യകാല വിശ്വാസികൾക്കുണ്ടായ കഠിനമായ പരീക്ഷണങ്ങളിൽ ഇരുവരും അകപ്പെട്ടു. ദുരിതപൂർണ്ണമായ ജീവിതം താങ്ങാവുന്നതിനപ്പുറമായിരുന്നു. കൊടുംമർദ്ദനവും പീഡനവും അസഹനീയമായതോടെ, ഇരുവരും മക്കയിൽ നിന്നും അബിസീനിയായിലേക്ക് പാലായനം ചെയ്തു. കുറെക്കാലം ക്ലേശകരമായ ജീവിതം അവിടെ തുടർന്നശേഷം വീണ്ടും സ്വന്തം രാജ്യമായ മക്കയിലേക്ക് തന്നെ തിരിക്കേണ്ടി വന്നു. ഉമ്മുസൽമയാകട്ടെ പദവിയിലും അന്തസ്സിലും ഉയർ ന്നനിലവാരത്തിലുണ്ടായിരുന്ന അബു ഉമയ്യിബ്നു മുഗീറയുടെ മകളായിരു ന്നു. അബുസൽമക്ക് ഉഹദ് യുദ്ധത്തിൽ കൈയ്ക്ക് അമ്പുകൊണ്ടു പരിക്കേറ്റു. അതോടനുബന്ധിച്ചുള്ള അ സുഖം കാരണം വഫാത്താവുകയാണുണ്ടായത്. ഇപ്രകാരം ഇസ്‌ലാമിനുവേണ്ടി ത്യാഗം ചെയ്ത് സ്വജീവൻ ബലിയർപ്പിക്കേണ്ടി വന്ന ഒരാളുടെ വിധവയും അന്തസ്സും ആഭിജാത്യവും ഉണ്ടായിട്ടും ഇസ്‌ലാമിന്നുവേണ്ടി ഭർത്താവിനോടൊപ്പം കഷ്ടനഷ്ടങ്ങൾ സഹിച്ചവളുമായ ഉമ്മുസൽ മയെ ഈ ദുർഘടപരിതസ്ഥിതി കണക്കിലെടുത്തുകൊണ്ടു നബിതിരുമേനി (സ) വിവാഹം ചെയ്യുകയാണുണ്ടായത്. അവർക്കാവട്ടെ വലിയ മക്കളുമുണ്ടായിരുന്നു. പ്രായകൂടുതൽ ഉള്ളവളുമായിരുന്നു അവൾ. ഉമ്മുസൽമ യും ആയിശ സിദ്ധീഖയെപോലെ ബുദ്ധിമതിയും ഉയർന്ന ചിന്താഗതിക്കുടമയുമായിരുന്നു. നബിയിൽ നിന്നു അവർ എന്തെല്ലാം പഠിച്ചുവോ അതെല്ലാം തന്നെ മുസ് ലിംകൾക്കും വിശ്വാസി

കൾക്കും പഠിപ്പിച്ചുകൊടുക്കുകയും ചെയതു. അവരുടെ നബിതിരുമേനിയുമൊത്തുള്ള വിവാഹത്തിന്ന് 'വലി' യായി നിന്നത് സ്വന്തം മകനായിരുന്നു എന്ന സം ഗതി സവിശേഷതയർഹിക്കുന്നു.

തിരുനബി(സ)യുടെ പിതാവിന്റെ സഹോദരിയുടെ മകളായ സൈനബുമായുള്ള വിവാഹപശ്ചാത്തലങ്ങൾ പ്രത്യേകമായി മനസ്സിലാക്കേണ്ടിയിരിക്കുന്നു. സൈനബ് ആദ്യകാലത്ത് തന്നെ ബൈഅത്ത് ചെയ്ത സ്ത്രീയാണ്. ഖദീജ(റ)യുടെ അടിമയായിരുന്ന ആദ്യകാല വിശ്വാസി സൈദ് ഇബ്നു ഹാരിസുമായി സൈനബ് വിവാഹബന്ധത്തിലേർപ്പെട്ടു. എന്നാൽ ഇവർ തമ്മിലുള്ള വിവാഹത്തിന്ന് സൈനബിന്നും ബന്ധുക്കൾക്കും ആദ്യമേ താല്പര്യക്കുറവുണ്ടായിരുന്നു. അവർ തമ്മിൽ ഒരു തരത്തിലുമുള്ള ചേർച്ചയും ഉണ്ടായിരുന്നില്ല. നബിതിരുമേനി(സ)യുടെ താല്പര്യപ്രകാരമാണ് യഥാർത്ഥത്തിൽ ഈ വിവാഹം നടന്നത്. അറബികളിൽ മഹത്തായ സാമൂഹ്യപരിവർത്തനം ലക്ഷ്യമാക്കിയാണ് നബി ഇതിന്നൊരുമ്പെട്ടതെങ്കിലും അത് പരാജയമായിരുന്നു. ഖുറൈശികൾ ആഭിജാത്യത്തിലും കുലീനതയിലും അഹങ്കരിക്കുന്ന അവസ്ഥയായിരുന്നു നിലനിന്നുവന്നത്. ഈ മനോഭാവത്തിന്ന് ഒരു മാറ്റം വരുകയും അടിമകളും ഉടമകളും തമ്മിൽ സമഭാവന ഉണ്ടാക്കുകയും, സാഹോദര്യം വൈവാഹികബന്ധവും ഊട്ടിയുറപ്പിക്കുകയും ചെയ്യുകയെന്ന ഇസ്ലാമിന്റെ മഹത്തായ ലക്ഷ്യം പ്രായോഗികമാക്കുകയായിരുന്നു ഈ വിവാഹം മുഖേന നബിതിരുമേനി ഉദ്ദേശിച്ചിരുന്നത്. പക്ഷെ അത് പരാജയത്തിൽ കലാശിച്ചു. ഭാര്യാഭർത്താക്കന്മാർ തമ്മിൽ ഒട്ടും സ്വരച്ചേർച്ചയില്ലാതാവുകയും സൈദിന്നു തന്നെ ഈ ബന്ധം മുൾക്കിരീടമാവുകയും ചെയ്തു. അവസാനം വിവാഹമോചനത്തിൽ കലാശിക്കുകയും ചെയ്തു. അതിന്നുശേഷമാണ് നബി തിരുമേനി (സ) അവരെ വിവാഹം കഴിക്കുന്നത്.

ഈ വിവാഹത്തെപ്പറ്റി ആക്ഷേപം ഉണ്ടായിരുന്നു. കാര്യങ്ങൾ അവധാനതയോടെ നിരീക്ഷിക്കുന്നവർക്ക് വസ്തുതകൾ മനസ്സിലാക്കാവുന്നതേയുള്ളൂ. തന്റെ അമ്മായിയുടെ മകളായ സൈനബ് നബിയുടെ കൺവെട്ടത്തിലും മേൽനോട്ടത്തിലും വളർന്നവളാണ്. ചെറുപ്രായത്തിലേ കണ്ടുവന്നവർ. പർദ്ദയിലല്ലാതെ ദിവസേന കാണുന്നു. ആദ്യമേ നബിതിരുമേനിക്ക് സൈനബിനോടു ആഗ്രഹമുണ്ടായിരുന്നുവെങ്കിൽ നേരത്തെ വിവാഹം ചെയ്യാമായിരുന്നു. സൈനബിനാകട്ടെ സൈദുമായുള്ള വിവാഹത്തിന്ന് താൻ ഇഷ്ടപ്പെടാതിരുന്നിട്ടും നബിയുടെ ആഗ്രഹപ്രകാരം, അദ്ദേഹത്തോടുള്ള ബഹുമാനാദരവു കാരണത്താലും മനമില്ലാമനസ്സോടെ വഴങ്ങുകയായിരുന്നു. നബിക്ക് താൻ മൂലം അവർക്ക് പ്രയാസങ്ങൾ നേരിടേണ്ടിവന്നതിൽ ദുഃഖവും മനസ്താപവുമുണ്ടായി. മാത്രമല്ല അറബികളുടെ ഇടയിൽ വളർത്തുപുത്രന്ന് സ്വന്തം പുത്രന്റെ സ്ഥാനം നൽകിവരുന്ന ഒരു സമ്പ്രദായം നിലനിന്നിരുന്നു. വിശുദ്ധ ഖുർആനിലൂടെ അല്ലാഹു ഈ സമ്പ്രദായത്തിനെതിരെ വിധിയെഴുതി. ഈ വിവാഹത്തോടെ സ്വന്തം ജീവിതത്തിലൂടെ ഈ ഖുർആനിക വിധിയുടെ പ്രായോഗിക രൂപം നബിതിരുമേനി കാണിച്ചുകൊടുക്കുക മാത്രമല്ല താൻ മൂലം സൈനബിന്ന് ഉണ്ടായ പ്രയാസങ്ങൾ ദൂരികരിക്കുകയും ചെയ്തു. അതോടുകൂടി വിശ്വാസികളിൽ നിന്നും വളർത്തുപുത്രനെ സ്വന്തം പുത്രനായി അംഗീകരിക്കുന്ന ഈ സമ്പ്രദായം എടുത്തെറിയപ്പെട്ടു.

മുസ്ലിംകളുമായി ശത്രുതാപരമായ നിലപാടുകൾ വച്ചുപുലർത്തിപ്പോന്നിരുന്ന ബനു മുസ്തലിക് ഗോത്രത്തലവൻ തന്റെ ആയുധബലത്തിന്റെ ഊക്കിൽ മുസ്ലിംകളുമായി മുസ്ലിംകൾ യുദ്ധത്തിൽ ഏർപ്പെടുകയുണ്ടായി. യുദ്ധത്തടവുകാരായി പിടിക്കപ്പെട്ടവരിൽ മറ്റു പലരോടുമൊപ്പം ഗോത്രത്തലവന്റെ മകളായ ജുവൈരിയയുമുണ്ടായിരുന്നു. ഗോത്രാധിപതിയുടെ മകളായ അവർ അടിമയായി ജീവിക്കാൻ ഇഷ്ടപ്പെട്ടില്ല. അവർ മോചനദ്രവ്യം നൽകി സ്വതന്ത്രയായി. നബി തിരുമേനി (സ) അവരെ വിവാഹം ചെയ്തു. അനന്തരഫലമെന്നോണം നൂറിൽപ്പരം കുടുംബങ്ങൾ സ്വതന്ത്രരായി. ഊ സൗഹൃദനടപടി കാര ണം ഗോത്രരാജാവായ ഹാരിസ് അ തിയായി സന്തോഷിക്കുകയും ഇസ് ലാം മതം സ്വീകരിച്ചുകൊണ്ട് ശിഷ്ടകാലം അതിന്നായി സേവനമനുഷ്ഠിക്കാൻ തീരുമാനിക്കുകയുമുണ്ടായി. മുസ്ലിംകളെ സംബന്ധിച്ചിടത്തോളം ശക്തമായ ആയുധബലത്തിന്റെ സഹായമുണ്ടായിരുന്ന ഒരു ശത്രുഗോത്രത്തെ മിത്രങ്ങളാക്കി മാറ്റാൻ ഈ വിവാഹം കാരണമായി. ജുവൈരിയ മുൻപു വിവാഹിതയുമായിരുന്നു.

ഇസ്ലാമിന്റെ ബദ്ധവൈരിയായിരുന്ന അബുജഹൽ ബദർ യുദ്ധത്തിൽ വധിക്കപ്പെട്ടു. തുടർന്നു ശത്രുസേനയുടെ അധിപൻ അബുസുഫിയാനായിരുന്നു. നബി തിരുമേനിയോടും ഇസ്ലാമിനോടും ശത്രുതാപരമായ നിലപാടു സ്വീകരിച്ചുവന്നിരുന്ന പിതാവിൽ നിന്നും വിഭിന്നമായി അബുസുഫിയാന്റെ മകളായ ഉമ്മുഹബീബ ഇസ്ലാമിനോടു ആഭിമുഖ്യം പുലർത്തിയിരുന്നു. അവരും ഭർത്താവു ഉബൈദുല്ലാ സാഹിബ്നു ജഹ്ശും ആരംഭകാലത്തു തന്നെ ബൈഅത്ത് ചെയ്തിരുന്നു. ജന്മനാട്ടിൽ നിന്നു ഹബശിലേക്ക് പലായനം ചെയ്യേണ്ടി വന്നു. അവിടെ വെച്ച് നിർഭാഗ്യകരമായ ഒരു അവസ്ഥവിശേഷത്തിൽ അവരുടെ ഭർത്താവ് ക്രിസ്തുമതവിശ്വാസിയായി. എന്നാൽ അവരാകട്ടെ ധൈര്യസമേതം കഠിനമായ പരീക്ഷണങ്ങളിൽ തളരാതെ ഇസ്ലാമിൽ ഉറച്ചു നിന്നു. കടുത്ത മദ്യപാനാസക്തി ഹേതുവായി ക്രിസ്തുമതവിശ്വാസിയായിക്കൊണ്ടു തന്നെ ഭർത്താവു മരിച്ചു. ഇസ്ലാമിന്ന് വേണ്ടി മാതൃഭൂമി ഉപേക്ഷിക്കേണ്ടി വന്ന അവർ അവിടെ വെച്ച് വിധവയുമായി. അവരെ സംരക്ഷിക്കേണ്ട ബാധ്യത ഉൾക്കൊണ്ടുകൊണ്ടു നബി തിരുമേനി അബീസിനിയ യിലെ രാജാവായ നജ്ജാശി മുഖേന ഉമ്മു

ഹബീബിക്ക് വിവാഹസന്ദേശം അയക്കുകയുണ്ടായി. 40 വയസ്സു പിന്നിട്ട ഈ മഹതി മദീനയിൽ എത്തി. പിതാവിന്റെ കടുത്ത ശത്രുത തൃണവൽഗണിച്ചുകൊണ്ട് ഇസ്‌ലാം സ്വീകരിച്ച കാരണത്താൽ നാടുവിടേണ്ടി വരുകയും ഭർത്താവു ക്രിസ്തുമതം സ്വീകരിച്ച ദൗർഭാഗ്യകരമായ അവസ്ഥക്ക് സാക്ഷിയാകേണ്ടി വരുകയും ഒടുവിൽ വിധവ ആകേണ്ടി വരികയും ചെയ്ത അവർക്ക് നബി വിവാഹബന്ധത്തിലൂടെ സാന്ത്വനവും ആശ്വാസവും നൽകുകയാണുണ്ടായത്. കുറെ കഴിഞ്ഞാണെങ്കിലും അബു സുഫിയാനുമായി നബിതിരുമേനി സൗഹൃദത്തിലാവുകയും അദ്ദേഹം ഇസ് ലാം മതം സ്വീകരിക്കുകയും ചെയ്തു.

ബനു ഇസ്മായിൽ വംശക്കാരനും ബനു നസീർ ഗോത്രത്തിന്റെ നേതാവും പ്രസിദ്ധനുമായിരുന്ന ഹറുയയ്യിബ്നു അഖ്ത്താബിന്റെ മകളായ സഫിയ (റ)യെയാണ് നബിതിരുമേനി പിന്നീടു വിവാഹം ചെയ്തത്. ആദ്യഭർത്താവു സഫിയ്യയെ ഉപേക്ഷിക്കുകയായിരുന്നു. പ്രസിദ്ധനും ധനികനുമായിരുന്ന കിനാന എന്നു പേരുള്ള ഒരാൾ ആയിരുന്നു പിന്നീട് അവരെ വിവാഹം ചെയ്തത്. ഖൈബറിൽ അവർ പാർത്തു വന്ന സമയത്താണ് മുസ്‌ലിംകളുമായി യുദ്ധം ചെയ്യാൻ ഇടവന്നത്. യുദ്ധത്തിൽ ഭർത്താവായ കിനാന വധിക്കപ്പെടുകയും മറ്റുള്ളവർ തടവുകാരാക്കപ്പെടുകയും ചെയ്തു. ഈ അവസരത്തിലാണ് നബി ശിഷ്യൻ ദഹ്യത്തുൽ കൽബി തനിക്ക് വിവാഹം ചെയ്യാൻ ആഗ്രഹമുണ്ടെന്നും ഒരടിമയെ കിട്ടിയാൽ മതിയായിരുന്നു എന്നും വെളിപ്പെടുത്തിയത്. സഫിയയെ സ്വീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു. എന്നാൽ സഫിയ ഉന്നതകുലജാതയാണ്. പിതാവു പ്രഭുത്വപദവിയിൽ ഉള്ളവൻ. ഭർത്താവായിരുന്നവനും സമ്പന്നനും പേരെടുത്തവനു. ഇക്കാരണത്താൽ ദഹ്യത്തുൽ കൽബിക്ക് ഈ സ്ത്രീ ഒട്ടും അനുരൂപയല്ലെന്ന തിരിച്ചറിവു സഹാബികൾക്കും നബി തിരുമേനിക്കു തന്നെയുമുണ്ടായി - ദഹ്യത്ത് വേറെ ഒരു സ്ത്രീയെ സ്വീകരിച്ചു. സഫിയയെ അവരുടെ ഉയർന്ന കുലീനത്വവും സാമ്പത്തിക പശ്ചാത്തലങ്ങളും മാനിച്ചുകൊണ്ടു നബി തിരുമേനി(സ) വിവാഹം ചെയ്തു. രണ്ടു യഹൂദ ഗോത്രങ്ങളുമായി ബന്ധമുണ്ടായിരുന്ന സഫിയ്യയെ വിവാഹം ചെയ്ത കാരണത്താൽ അവരെയും ഗോത്രങ്ങളെയും ബഹുമാനിക്കുകയാണ് ചെയ്തത്. ദഹ്യത്തുൽ കൽബി തന്നെയും സഫിയ തനിക്ക് അനുരൂപയല്ലെന്നും നബിയോടു അവരെ സ്വീകരിക്കാൻ അഭ്യർത്ഥിക്കുകയുമാണുണ്ടായത്.

ചുരുക്കത്തിൽ നബി തിരുമേനി (സ) ചെയ്തിട്ടുള്ള ഓരോ വിവാഹങ്ങളുടെയും സത്യാത്മകമായ സാഹചര്യങ്ങൾ വിലയിരുത്തുന്ന ഒരു ചരിത്ര വിദ്യാർത്ഥിക്ക് കേവലം മാംസദാഹശമനാർത്ഥമാണ് ഈ വിവാഹങ്ങളെല്ലാം ചെയ്തത് എന്ന് ആരോപണമുന്നയിക്കാൻ സാധ്യമല്ല. ഒരു രാഷ്ട്രത്തിന്റെ തന്നെ നായകത്വപദവി തന്നിൽ നിക്ഷിപ്തമായിരിക്കേ സുന്ദരിമാരായ കന്യമാരെ സ്വീകരിക്കുന്നതിന്നു പകരം ഒന്നിനു പിറകെ ഒന്നായി രണ്ടും മൂന്നും വിവാഹങ്ങൾ കഴിഞ്ഞവരെയും വാർദ്ധക്യത്തിന്റെ പടിവാതിൽക്കൽ എത്തിയവരെയും വിധവകളെയും സൗന്ദര്യമില്ലാത്തവരെയും വിവാഹം കഴിക്കുന്നതെന്തിന്ന്? അപ്പോൾ വിമർശിക്കുന്നവർ നിഷ്പക്ഷതയും നീതിബോധവും കൈവെടിഞ്ഞ് കളവിനെ കൂട്ടുപിടിച്ച് ആടിനെ പട്ടിയാക്കുന്ന സ്ഥിതിവിശേഷം സംജാതമാക്കാൻ ശ്രമിക്കുക മാത്രമാണ് ചെയ്യുന്നത്.

യഥാർത്ഥത്തിൽ ഇത്തരം വിവാഹങ്ങൾ കൊണ്ടു ആ കാലഘട്ടത്തിലുണ്ടായിരുന്ന ഗോത്രങ്ങളുമായി നല്ല ബന്ധം സ്ഥാപിക്കുകയും അതുവഴി ഇസ്‌ലാം സമൂഹത്തിൽ പടർന്നു പന്തലിക്കാൻ വേണ്ട സാഹചര്യമൊരുക്കുകയായിരുന്നു. ഈ വിവാഹങ്ങൾ കാരണമായി രാഷ്ട്രീയപരമായും സാമുദായികമായും യുദ്ധപരമായും കൈവന്നിട്ടുള്ള പ്രയോജനങ്ങൾ നിരവധിയാണ്. സമൂഹത്തിൽ പ്രബലമായ ഗോത്രങ്ങളിൽപ്പെട്ടവരുമായുള്ള വിവാഹബന്ധങ്ങൾ കാരണമായി ശക്തമായ ബന്ധുത്വം സ്ഥാപിക്കപ്പെടുകയും ആ ബന്ധം കാരണത്താൽ ഇസ്‌ലാം മതത്തോടുള്ള സൗഹൃദം വിപുലമാക്കുകയും ചെയ്യുകയായിരുന്നു തിരുമേനി(സ)യുടെ ലക്ഷ്യം. നബിതിരുമേനിയെപ്പോലെ തേജോമയനായ പ്രവാചകപ്രഭുവുമായുള്ള ബന്ധം ഏവരും കൊതിക്കുന്നതുതന്നെയാണ്. അതുവഴി വധുവിന്റെ കുടുംബത്തിന്റെ പരമ്പരയിലുടനീളമുള്ളവർ ആദരവുള്ളവരും ബഹുമാനിതരുമായിത്തീരുന്നു. സമൂഹത്തിൽ വിധവകളടക്കം കഷ്ടപ്പെടുന്നവരോടുള്ള ബാധ്യത ബഹുഭാര്യത്വം മൂലം പരിഹരിക്കപ്പെടുന്നതാണ്. നബി അത് പ്രവർത്തി രൂപത്തിൽ കാണിച്ചുതന്നു. തന്റെ ശിഷ്യഗണങ്ങളോടുള്ള അവാച്യമായ കരുണയും സ്നേഹ വും കാരണമായും ഇസ്‌ലാം സ്വീകരിച്ചത് വഴി കഷ്ടനഷ്ടങ്ങൾ സംഭവിച്ച അബലകൾക്ക് ഒരു തണലായും ഈ വിവാഹങ്ങൾ മാറിക്കഴിഞ്ഞിട്ടുണ്ട്. ആത്യന്തികമായി പറയുകയാണെങ്കിൽ തന്റെ ദൗത്യനിർവ്വഹണത്തിന്നു സഹായോപാധിയായിക്കൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. വസ് തുതകൾ ഇപ്രകാരമായിരിക്കെ നീതിരഹിതമായും നീചമായും വഞ്ചനാത്മകമായും അടിസ്ഥാനരഹിതമായുമുള്ള ആരോപണങ്ങൾ ഉന്നയിക്കുന്നത് വഴി ചിലരെ ചില സമയത്തേക്ക് മാത്രം തെറ്റിദ്ധരിപ്പിക്കാൻ കഴിഞ്ഞേക്കാം. എന്നാൽ സ്ഥായിയായി സാദ്ധ്യമല്ല തന്നെ! വിശുദ്ധ ഖുർആനിൽ ഇവരെ സംബന്ധിച്ച് തന്നെയാണ് 'യഖൂലൂന ഇല്ലാ കദിബാ' - 'കള്ളമല്ലാത്ത അവർ മറ്റൊന്നും പറയുന്നില്ല' എന്ന് പ്രസ്താവിച്ചത്. മറ്റേതൊരു പ്രവാചകനെക്കാളും കൂടുതൽ ചരിത്രപുസ്തകത്താളുകളിൽ നിന്ന് ആ മഹാപ്രവചാകന്റെ ജീവിത പരിശുദ്ധിയെ വെളിവാക്കുന്ന നിരവധി തെളിവുകൾ ഉണ്ടായിട്ടും അദ്ദേഹത്തിന്നെതിരെ ഹീനമായ വിമർശനങ്ങൾ !! ഹാ കഷ്ടം! ക്ഷീരമൊള്ളോരകിടിൻ ചുവട്ടിലും ചോര തന്നെ കൊതുകിന്ന് കൗതുകം എന്നല്ലാതെ മറ്റെന്തു പറയാൻ.

കഴിഞ്ഞലക്കത്തിൽ നിന്നു തുടർച്ച

ലേഖനം

# യാതനകളും പീഡകളും എന്തുകൊണ്ട്?

ഡോ. ഇഫ്തിഖാർ അഹ്മദ് അയാസ് OBE-UK

## ആത്മീയഗുണങ്ങൾ വളർത്തിയെടുക്കാൻ സഹായിക്കുന്ന മഹാനായ ഒരദ്ധ്യാപകനാണ് മനുഷ്യന്റെ കഷ്ടാനുഭവം

വിപത്തുകളും തിരിച്ചടികളും പരാജയങ്ങളും നിരാശയും ഉണ്ടാകുമ്പോൾ സാധാരണഗതിയിൽ ഒരാൾ അനാവശ്യമായി അസ്വസ്ഥനാവുന്നു. അങ്ങനെയാവുമ്പോൾ, സ്വർഗ്ഗീയാനുഗ്രഹങ്ങളിൽ ഒന്നായ മനഃസമാധാനം ആസ്വദിക്കാൻ അയാൾക്ക് സാധ്യമാവുന്നില്ല. പ്രശ്നങ്ങൾ അയാളെ സ്വയം അസ്വസ്ഥനാക്കുകയല്ല, തെറ്റായ മനോഭാവം കാരണം അയാൾ അസ്വസ്ഥത സ്വയം കൈവരിക്കുകയാണ് ചെയ്യുന്നത്. സമാനമായ പ്രശ്നങ്ങളുള്ള രണ്ടാളുകളെ നമുക്കെടുക്കാം. ഒരാൾ കോപംകൊണ്ടു ചീറുന്നു, സംഭ്രമചിത്തനാവുന്നു. മറ്റെയാൾ ശാന്തനായി നിലകൊള്ളുന്നു. പ്രശ്നം ഒരേവിധത്തിലുള്ളതാണ്. വ്യത്യസ്തമായ മനോഭാവം കാരണമാണ് തികച്ചും വിപരീതമായ പ്രതികരണങ്ങൾ പ്രദർശിപ്പിക്കുന്നത്. വിപത്തുകൾ സഹനത്തോടെ നേരിടണമെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. അങ്ങനെ ചെയ്താൽ മനസ്സ് അചഞ്ചലമായി നിൽക്കുന്നു, ഹൃദയം ശക്തിയാർജ്ജിക്കുന്നു. ഉപദ്രവകരമായ സ്വാധീനതകളിലും ശാന്തമായി നിലകൊള്ളുന്നു. അതിനാൽ ഒരാൾ സഹനം കൈക്കൊള്ളാൻ യത്നിക്കുകയും എല്ലാറ്റിലും നന്മ തേടുകയും വേണം. ആരും തന്നെ യാതനകളിൽ നിന്നും ദൗർഭാഗ്യങ്ങളിൽ നിന്നും മുക്തരല്ലെന്ന് അല്ലാഹു വിധിച്ചിരിക്കുന്നു. ഒരാൾ എല്ലായ്പ്പോഴും അവ പ്രതീക്ഷിക്കുകയും സ്പഷ്ടമായ മനോഭാവത്തോടും പരാതികളും പരിദേവനങ്ങളുമില്ലാതെയും അവയെ അഭിമുഖീകരിക്കയും വേണം. ജീവിതത്തിൽ നേരിടേണ്ടി വരുന്ന സാഹചര്യങ്ങൾ എന്തുതന്നെയായാലും ഐഹികജീവിതത്തിൽത്തന്നെ അയാൾ സ്വർഗ്ഗം കണ്ടെത്താൻ തുടങ്ങുന്നു.

ഉന്നതമായ ജ്ഞാനത്തിലേക്കു നയിക്കുന്ന പരിണാമത്തിനു പ്രേരകമായ മർമ്മപ്രധാനമായ ഒരു ഘടകമാണ് നഷ്ടബോധം. അഗാധമായ അനുഗ്രഹത്തിനും സന്തോഷത്തിനും അവസാനം ദൈവികമായ പ്രത്യേക ജ്ഞാനം നേടാനും ഇത് അനിവാര്യമാണ്. വൈവിധ്യവും ഗണ്യമായ വ്യത്യാസവും, മറ്റു വാക്കുകളിൽ പറഞ്ഞാൽ അസമത്വം മനുഷ്യസമുദായത്തിന്റെ പുരോഗതിയിൽ അർത്ഥവത്തായ പങ്കു വഹിക്കുന്നുണ്ട്. സാർവ്വലൗകികമായ അത്തരം വ്യവസ്ഥയുടെ പ്രത്യാഘാതമായി ഒരു വ്യക്തിക്ക് ചിലപ്പോൾ തന്റെ നിയന്ത്രണത്തിന്നതീതമായ സാഹചര്യങ്ങളുടെ കാരുണ്യത്തിന്ന് വിധേയനാകേണ്ടി വരും. അപ്പോൾ അനീതിപരമായ നിലയിൽ അയാൾക്ക് കോട്ടവും സംഭവിച്ചേക്കും. എന്തുകൊണ്ടാണ് യാതന എന്ന് ആവർത്തിച്ചുചോദിക്കുന്ന ഒരാളുടെ മനസ്സിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന 'യാതന'യുടെ അവസ്ഥ ഇതാണ്.

ഒരു വ്യക്തിക്കു നേരിടുന്ന നഷ്ടത്തിന്ന് കൂടുതലായി പരിഹാരമുണ്ടാവുന്നത് പരലോകജീവിതത്തിലാണെന്ന് ഇസ്‌ലാം അവകാശപ്പെടുന്നു. ഒരു വ്യക്തിക്കുണ്ടാവുന്ന ചെറിയയൊരു ദുരിതം, ഒരു മുള്ളു തറയ്ക്കുന്നതുപോലും അയാളുടെ പാപങ്ങൾക്ക് പ്രായശ്ചിത്തമായി ഗണിക്കപ്പെടുമെന്ന് ഒരു ഹദീസിൽ വന്നിട്ടുണ്ട്.

പരലോകജീവിതത്തിലെ ഒരു പുതിയ സ്ഥാനം നിർണ്ണയിക്കപ്പെടുമ്പോൾ ഒരു വ്യക്തിയുടെ വൈകല്യങ്ങളും പരിഗണിക്കപ്പെടുന്നു. പരലോകത്ത് പോലും, സ്വർഗ്ഗത്തിൽ അപരിമിതമായ പരമാനന്ദാവസ്ഥ തുടരുന്നു.

ഇസ്‌ലാമികാധ്യാപനപ്രകാരം നരകം ഒരു ശുദ്ധീകരണസ്ഥലമാണ്. ശുദ്ധീകരണത്തിനുശേഷം മനുഷ്യ

രെല്ലാം സ്വർഗ്ഗത്തിനു വിധിക്കപ്പെട്ടവരാണ്. വിശുദ്ധ ഖുർആൻ സൂക്തങ്ങളുടെയും ഹദീസിന്റെയും വെളിച്ചത്തിൽ വാഗ്ദത്ത മസീഹ് (അ) പ്രസ്താവിക്കുന്നു:

"ദൈവം ശാശ്വതനായതുപോലെ, മനുഷ്യൻ എന്നെന്നേക്കുമായി നരകത്തിൽ വസിക്കണം എന്ന വിചാരം സഹജമായിത്തന്നെ വിഡ്ഢിത്തമാണ്. എന്തുതന്നെയായാലും മനുഷ്യരുടെ തെറ്റുകളിൽ ദൈവത്തിനും ഒരു ഉൾപ്പെടൽ ഉണ്ട്. എന്തെന്നാൽ മനുഷ്യരിലുള്ള ദുർബ്ബലമായ ശക്തികൾ ദൈവം തന്നെ സൃഷ്ടിച്ചതാണ്. അതു കാരണം ദൈവം തങ്ങളുടെ പ്രകൃതിയിൽ നിക്ഷേപിച്ച ഈ ദൗർബ്ബല്യങ്ങളിൽ നിന്നും പ്രയോജനമുൾക്കൊള്ളാനുള്ള അധികാരം നരകവാസികൾക്കുണ്ട്.'' (ചശ്മയെ മസീഹ് പേജ്47)

വിശുദ്ധ ഖുർആന്റെ പ്രഖ്യാപനം എത്രമാത്രം സത്യസന്ധവും അത്ഭുതകരവുമാണ്:

"എന്റെ കാരുണ്യമാകട്ടെ, സർവ്വ വസ്തുക്കളെയും ആവരണം ചെയ്തിരിക്കുന്നു." (വി.ഖു. 7:157)

പ്രായശ്ചിത്തത്തിനുള്ള ഘടകങ്ങൾ ഐഹിക ജീവിതത്തിൽത്തന്നെ ഉണ്ട്. ശാരീരികവും മനഃശാസ്ത്രപരവുമായ യാതനയുടെ ഇരിപ്പിടം ബോധാവസ്ഥയാണെന്നു നമുക്കറിയാം. എന്നിരിക്കിലും, വേദനയുടെ പ്രവേശനസ്ഥാനം വ്യക്തികൾ തോറും വ്യത്യസ്തമായിരിക്കും. അത് ആപേക്ഷികമാണ്. വ്യത്യസ്ത കോണുകളിൽ വീക്ഷിച്ചാൽ പരിപ്രേക്ഷ്യം മാറുകയും ചെയ്യുന്നു. ഒരു കാൽ നഷ്ടപ്പെട്ട ഒരു മനുഷ്യന്റെ പ്രസിദ്ധമായ ഒരു സംഭവകഥ ഒരു പ്രത്യക്ഷോദാഹരണമാണ്. രണ്ടു കാലുകളും നഷ്ടപ്പെട്ട ഒരു മനുഷ്യനെ കണ്ടുമുട്ടിയപ്പോൾ അയാളുടെ അഗാധദുഃഖത്തിന് മിക്കവാറും ശമനമുണ്ടായി. നമ്മുടെ സ്വഭാവം രൂപപ്പെടുത്തുന്ന, അതിനെ സംസ്കരിച്ചെടുക്കുന്ന മഹാനായ ഒരു അദ്ധ്യാപകനാണ് യാതന. അത് നമ്മുടെ ഗ്രഹണശക്തികളെ പരിപോഷിപ്പിക്കുകയും സംസ്കരിക്കുകയും നമുക്ക് വിനയം പഠിപ്പിക്കുകയും ചെയ്യുന്നു. ദൈവത്തിലേക്ക് തിരിയാൻ നമ്മെ പ്രാപ്തരാക്കുമാറ് ഒന്നിലധികം വഴികളിൽ അത് നമ്മെ സജ്ജമാക്കുന്നു. പരദൂഷണം പറയുന്ന ഓരോ അവസരത്തിലും ഒരാളുടെ നാവിനു വേദന അനുഭവപ്പെട്ടിരുന്നുവെങ്കിൽ പരദൂഷണമെന്ന സാമൂഹ്യതിന്മ അപ്രത്യക്ഷമാകുമെന്ന് പറയപ്പെടുന്നു.

മനുഷ്യന് തന്റെ സ്വാതന്ത്ര്യം ദുരുപയോഗപ്പെടുത്താനും മറ്റുള്ളവരിൽ അസഹ്യമായ ദുരിതങ്ങളേല്പിക്കാനും സാധിക്കും. വേദന സഹിക്കാനുള്ള ആന്തരികസംവിധാനം അല്ലാഹു തന്നെ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ഒരു വ്യക്തിക്ക് സഹിക്കാവുന്നതിലധികം വേദനയനുഭവപ്പെടുമ്പോൾ ഒരു വാൾവ് പ്രവർത്തിച്ചു ബോധാവസ്ഥ അണച്ചുകളയുന്നു. പിന്നെ വേദനയനുഭവപ്പെടുന്നില്ല.

നഷ്ടം നികത്തുന്ന മറ്റൊരു ഘടകത്തെക്കുറിച്ച് ഹദീസിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്നു. ദുആ സ്വീകരിക്കപ്പെട്ടവരിലും പീഡിതരുണ്ടെന്ന് നബിതിരുമേനി (സ) പറഞ്ഞു. സ്നേഹത്തിന്റെയും ആത്മസമർപ്പണത്തിന്റെയും ഫലമായി യാതന സഹിക്കേണ്ടി വരുന്നത് സംതൃപ്തിയേകുന്നു. തന്റെ ശിശുവിനുവേണ്ടി ഉറക്കമിളച്ചിരുന്ന് അസൗകര്യങ്ങൾ അനുഭവിക്കുന്ന ഒരു മാതാവ് ദുരിതമനുഭവിക്കുകയാണെന്ന് ഒരു കാഴ്ചക്കാരന് തോന്നിയേക്കാം. എന്നാൽ മാതാവ് അതിൽ നിന്ന് ആനന്ദമനുഭവിക്കുന്നു.

ഒരാളുടെ സ്നേഹവും സമർപ്പണബോധവും പരീക്ഷിക്കാനാണ് യാതനകൾ നൽകപ്പെടുന്നത്. ദൈവത്തോടുള്ള സ്നേഹത്തിന്റെയും ആത്മസമർപ്പണത്തിന്റെയും മാർഗ്ഗത്തിൽ ത്യാഗവും ദുരിതങ്ങളും സഹിക്കാനാണ് പ്രവാചകന്മാർ തങ്ങളുടെ അനുയായികളെ ക്ഷണിക്കുന്നത്. ഒരു രക്തസാക്ഷിയുടെ ഏത് ആഗ്രഹവും സാധിച്ചുകൊടുക്കാമെന്ന് അല്ലാഹു രക്തസാക്ഷിയോടു വാഗ്ദാനം ചെയ്തതായി ഹദീസിൽ വന്നിരിക്കുന്നു. ഭൂമിയിൽത്തന്നെ മടങ്ങിച്ചെന്ന് ദൈവമാർഗ്ഗത്തിൽ വീണ്ടും വീണ്ടും രക്തസാക്ഷിയാവാനാണ് താൻ ആഗ്രഹിക്കുന്നതെന്ന് അയാൾ ദൈവത്തോടു പറഞ്ഞു. മരിച്ചവർ ഭൂമിയിലേക്ക് മടക്കി അയക്കപ്പെടില്ല എന്ന് താൻ ആദ്യമേ വിധിച്ചില്ലായിരുന്നുവെങ്കിൽ അയാളുടെ ആഗ്രഹം സാധിച്ചുകൊടുക്കുമായിരുന്നുവെന്ന് ദൈവം പറഞ്ഞതായി ഹദീസിൽ വിവരിക്കപ്പെട്ടിരിക്കുന്നു.

പരീക്ഷണങ്ങളും യാതനകളും നേരിടുമ്പോൾ ദൈവമാർഗ്ഗത്തിൽ കഠിനാദ്ധ്വാനം ചെയ്യുകയും ദൈവസ്നേഹം തെളിയിക്കുകയും ചെയ്യുന്ന സത്യദാസന്മാർക്ക് കാരുണ്യവാനായ ദൈവം നൽകുന്ന അഗാധസ്നേഹം കാരണമായി ആ ദാസന്മാർക്ക് അനുഭവപ്പെടുന്ന അപാരമായ ആനന്ദം വിവരിക്കുവാൻ വാക്കുകൾ അപര്യാപ്തമാണ്.

അല്ലാഹുവിനെ അഭിസംബോധന ചെയ്തുകൊണ്ട് രണ്ടാം ഖലീഫ(റ) തന്റെ ഒരു കവിതയിൽ പറയുന്നു:

നിന്റെ കരത്താൽ എനിക്കേകുന്നത്

പരുക്കല്ല,

സത്യത്തിലതു മരുന്നത്രേ

അതിനാൽ ക്ഷതമേല്പിക്കൂ

കീഴടങ്ങാതെ

ഇക്കാര്യത്തിലാശങ്ക വേണ്ട

യെന്നോട്

യാതന ഉയിർത്തെഴുന്നേല്പിന്റെയും പുനർജനന ത്തിന്റെയും നവസൃഷ്ടിപ്പിന്റെയും പ്രവേശനകവാടമാകാം. ശാശ്വതമായ ആനന്ദാനുഭൂതികളിലേക്ക് നയിക്കുന്ന ക്ഷണികമായ അവസ്ഥയത്രെ യാതനകൾ.

ഒരാളുടെ നേട്ടങ്ങളിലും വിജയങ്ങളിലും ദൈവത്തെ കാണാനും

അവനോട് കൃതജ്ഞത പ്രകടിപ്പി ക്കാനും താരതമ്യേന വളരെ എളുപ്പ മാണ്. എന്നാൽ ഒരാളുടെ നഷ്ടങ്ങ ളിലും പരാജയങ്ങളിലും തകർച്ച യുടെ അവസരങ്ങളിലും ദൈവത്തെ കാണാൻ ഉന്നതമായ ആത്മീയാവ ബോധം ആവശ്യമാണ്. പൊറുത്തു കൊടുക്കുന്ന ദൈവമായി അവനെ തിരിച്ചറിയപ്പെടാനും നന്ദി പ്രകാശി പ്പിക്കപ്പെടാനും തുല്യമായ നിലയിൽ അവനുണ്ട്. ദൈവേച്ഛയ്ക്ക് കീഴ്വണങ്ങുന്നതുവഴി ദൈവസാ ക്ഷാൽക്കാരത്തിനുള്ള അവസരം ലഭിക്കുന്നുവെന്നതുകൊണ്ടാവാം നബിതിരുമേനി(സ) ഇങ്ങനെ പറ ഞ്ഞത്:

"അല്ലാഹു ഒരാൾക്ക് നന്മ വിധി ക്കുമ്പോൾ അവൻ അയാൾക്ക് ക്ലേശം നൽകുന്നു" (സഹീഹ് ബുഖാരി)

തിന്മ ഉപേക്ഷിക്കുന്നതുമായി ബന്ധപ്പെട്ട ധാർമ്മിക ഗുണങ്ങളെ സ്ഥിരചിത്തതയുമായി താരതമ്യപ്പെ ടുത്തിക്കൊണ്ട് വാഗ്ദത്ത മസീഹ് (അ) ഇപ്രകാരം പ്രസ്താവിക്കുന്നു:

'വ്യഭിചാരത്തിൽ നിന്നും ദൂര പ്പെട്ടുനിൽക്കുകയെന്നത് ബുദ്ധിമു ട്ടുള്ള കാര്യമല്ല. കൊലപാതകം നട ത്താതിരിക്കുന്നതും ഒരു വലിയ നേട്ട മല്ല. കള്ളസാക്ഷ്യം പറയാതിരിക്കൽ ഒരു മഹത്തായ കാര്യമല്ല. എന്നാൽ എല്ലാറ്റിലുമുപരി ദൈവത്തെ കണ ക്കാക്കുകയും അവനുവേണ്ടി യഥാർത്ഥ സ്നേഹത്തോടും ആവേ ശത്തോടും കൂടി ദുരിതങ്ങളനുഭവി ക്കുകയും സ്വേച്ഛപ്രകാരം ദുരിതങ്ങൾ സൃഷ്ടിക്കുകയും ചെയ്യുകയെന്നത് പരമോന്നതമായ ആത്മീയാവസ്ഥയാ ണ്. സാത്വികർക്കല്ലാതെ അത് പ്രാപി ക്കാൻ സാദ്ധ്യമല്ല. ദൈവം മനുഷ്യരെ സൃഷ്ടിച്ചതിന്റെ ഉദ്ദേശ്യമായ ആരാ ധന ഇതാണ്. (ഹയീഖത്തുൽവഹ്യ് പേജ് : 55)

സ്ഥിരചിത്തത ദൈവതൃപ്തിക്ക് കാരണമാവുന്നു, മഹത്തായ ആത്മീയ പ്രതിഫലത്തിന് അർഹത നേടിത്തരികയും ചെയ്യുന്നു. എന്നാൽ അതിന്റെ യഥാർത്ഥ നിർവ്വചനമെ ന്താണ്?

വാഗ്ദത്ത് മസീഹ് (അ) പ്രസ്താവിക്കുന്നു:

"ആത്മീയാനുഭൂതിയിലേക്കു നയിക്കുന്നതിനു പര്യാപ്തമായ യഥാർത്ഥ ദൈവികാനുഗ്രഹം സത്യ മാർഗ്ഗത്തിൽ പരിപൂർണ്ണ സ്ഥിരതയോടുകൂടിയിരിക്കുന്നതു കൊണ്ടല്ലാതെ ലഭ്യമാകുന്നതല്ല. ഇവിടെ പരിപൂർണ്ണ സ്ഥിരത എന്നു പറഞ്ഞിരിക്കുന്നതുകൊണ്ടുള്ള വിവ ക്ഷ, ഒരു കഠിന പരീക്ഷക്കും ചഞ്ച ലിപ്പിക്കുവാനോ ക്ഷതപ്പെടുത്തു വാനോ സാധിക്കാത്ത നിഷ്കളങ്കവു ം നിഷ്കപടവുമായ ഭക്തിവാ യ്പാകുന്നു. അതായത്, ഖഡ്ഗത്തിന് വിച്ഛേദിക്കാൻ കഴിയാത്തതും അഗ്നിക്ക് കരിക്കുവാൻ വയ്യാത്തതും കഷ്ടാനുഭവത്തിന് ഭേദിപ്പിക്കാൻ സാധിക്കാത്തതും ബന്ധുക്കളുടെ മര ണത്തിന് വേർപ്പെടുത്താനാവാ ത്തതും പ്രിയജനത്തിന്റെ വിരഹദുഃ ഖത്തിന് ഭഞ്ജിപ്പിക്കുവാൻ ശക്യമ ല്ലാത്തതും മാനനഷ്ടഭയത്തിന് ചലി പ്പിക്കാനൊക്കാത്തതും കഠിനദണ്ഡന ത്തോടുകൂടിയ മരണവിധിക്ക് ശിഥി ലമാക്കുവാൻ കഴിയാത്തതുമായ സുദൃഢബന്ധമെന്ന് അതിനെ നിർവ്വ ചിക്കാം. അതുകൊണ്ട്, ദൈവോപല ബ്ധിയിലേക്കുള്ള ഈ കവാടം എത്രയും ഇടുങ്ങിയതും വൈഷമ്യമേ റിയതുമത്രെ. ഹാ, ഭക്തിമാർഗ്ഗം എത്ര ദുർഗ്ഗമം!"

(ഇസ്‌ലാംമതതത്ത്വജ്ഞാനം, മലയാളം പരിഭാഷ പേജ് 132)

വീണ്ടും 186-ാം പേജിൽ ആ മഹാത്മാവ് പ്രസ്താവിക്കുന്നു: "നാനാവശങ്ങളിൽ നിന്നും കഷ്ടത കളും ക്ലേശങ്ങളും ചുറ്റിക്കൂടുകയും ദൈവമാർഗ്ഗത്തിൽ ജീവനും അഭിമാ നത്തിനും സമ്പത്തിനും ഹാനി യേൽക്കുകയും സമാധാനദായക മായ ഒരു കാര്യവും ആസന്നമാവാ തിരിക്കുകയും ആശ്വാസനിദാനമായ ആത്മദർശനമോ വെളിപാടോ ദൈവ ത്തിന്റെ പരീക്ഷയെന്ന നിലയിൽ നിലച്ചുപോവുകയും ഭയങ്കരമായ അനുഭവങ്ങൾ നേരിടുകയും ചെയ്യുന്ന അവസരങ്ങളിൽ ധൈര്യ ക്ഷയം കാണിക്കാതെയും ഭീരുക്കളെ പ്പോലെ പിന്തിരിയാതെയും വിശ്വ സ്തതയ്ക്കു ഈഷൽ ഭേദം വരുത്താ തെയും സത്യനിഷ്ഠയ്ക്കും സ്ഥിര നിശ്ചയത്തിനും മുറിവേല്പിക്കാ തെയും എളിമയിലും അപമാനസ്ഥി തിയിലും അതൃപ്തിക്കാണിക്കാ തെയും സ്വന്തം ചുവടുറപ്പിനായി പര സഹായം പ്രതീക്ഷിക്കാതെയും ദൈവത്തിൽ നിന്നുള്ള ആശ്വാസവച നങ്ങൾപോലും കാംക്ഷിക്കാതെയും ബലഹീനതയിലും നിസ്സഹായത യിലും മനശ്ചാഞ്ചല്യം കാണിക്കു കയോ മുറുമുറുക്കുകയോ ചെയ്യാ തെയും ദൈവാഭീഷ്ടത്തിൽ സംതൃ പ്തനായി ആത്മത്യാഗത്തിനുള്ള സന്നദ്ധതയോടുകൂടി പുരോഗമിച്ചു കൊണ്ടിരിക്കുക എന്നതാണ് പരി പൂർണ്ണവും പരമവുമായ സ്ഥിരഭക്തി. ഇങ്ങനെ നാനാമുഖമായ പരീക്ഷാഘ ട്ടത്തെ വിജയപൂർവ്വം തരണം ചെയ്യുന്ന സ്ഥിരഭക്തിയാണ് ദൈവ ദർശനത്തിനു പര്യാപ്തമായത്. ഈ മഹത്തായ സ്ഥിരോത്സാഹത്തിന്റെ ആത്മസൗരഭ്യം പ്രവാചകന്മാരു ടെയും സത്യസന്ധരായ മഹാപുരുഷ ന്മാരുടെയും സത്യസാക്ഷികളായ പുണ്യാത്മാക്കളുടെയും പൊടി മണ്ണിൽ നിന്ന് ഇപ്പോഴും വീശിക്കൊ ണ്ടിരിക്കയാണ്. ഈ സ്ഥിരഭക്തി യാണ് ഫാത്തിഹായിലെ ഈ പ്രാർത്ഥനാവാക്യത്തിൽ സൂചിപ്പി ക്കപ്പെട്ടിരിക്കുന്നത്. അതായത്:

"അല്ലയോ രക്ഷിതാവേ, ഏതൊരു വഴിയെ അനുഗമിക്കുന്നതു മൂലം നിന്റെ അനുഗ്രഹവും പ്രീതിയും ലഭിക്കുമാറാകുന്നുവോ, ആ സ്ഥിരതയുടെ മാർഗ്ഗത്തിൽ നീ ഞങ്ങളെ നടത്തുമാറാക്കേണമേ" (വി.ഖു. 1: 6, 7)

(ഇസ്‌ലാംമതതത്ത്വജ്ഞാനം, മലയാളം പരിഭാഷ പേജ് 186, 187)

അഹ്മദിയ്യാ ജമാഅത്ത് ഇതു വരെ നേരിട്ടതും ഇപ്പോൾ നേരിട്ടു കൊണ്ടിരിക്കുന്നതുമായ പരീക്ഷണ

# ദൈവാന്വേഷണം

മനുഷ്യപ്രകൃതിയിൽ ലീന മായി കിടക്കുന്ന ബോധശക്തിക ളിൽ ഒന്നാകുന്നു സർവ്വസമർത്ഥ മായ ഒരു സത്തയെക്കുറിച്ചുള്ള അന്വേഷണബുദ്ധി. ആ പരമാർത്ഥ സത്തയിലേക്ക് മനുഷ്യനെ പ്രേരി പ്പിക്കുന്ന ഒരാകർഷണശക്തി ഹൃദ യാന്തരാളത്തിൽ നിക്ഷിപ്തമാ യിരിക്കുന്നുണ്ട്. ഈ ആകർഷണ ത്തിന്റെ അഥവാ, അന്വേഷണബു ദ്ധിയുടെ ചിഹ്നം ശിശുവിൽ അ തിന്റെ ജനനത്തോടുകൂടിത്തന്നെ പ്രകാശിച്ചു തുടങ്ങുന്നു. ജനിച്ചു വീണ ഉടനെ ശിശു അതിന്റെ ജന്മസി ദ്ധമായ ആത്മബോധത്താൽ പ്രേരിത മായി മാതാവിന്റെ നേർക്ക് ചായുന്നു. പ്രകൃത്യാ തന്നെ അതിനു തള്ളയോട് പ്രത്യേകം സ്നേഹമുള്ളതായി കാ ണാം. അതിന്റെ അന്തർബോധങ്ങളും ശക്തികളും വികസിച്ചു വരുന്തോറും ഈ പ്രകൃതിഗുണവും പൂർവ്വാധികം പ്രകാശിച്ചുകൊണ്ടിരിക്കും. ഒടുവിൽ അന്തർനിക്ഷിപ്തമായ ഈ സ്നേ ഹശക്തി സ്പഷ്ടമായ നിലയിൽ വെളിപ്പെടുന്നു. അപ്പോൾ സ്വമാതാ വിന്റെ മടിയിൽ അല്ലാതെ മറ്റെങ്ങും ശിശു സ്വാസ്ഥ്യം കണ്ടെത്തുകയി ല്ല. മാതാവിന്റെ സ്നേഹമസൃണ മായ ലാളനാലിംഗനങ്ങളിലാണ് അത് പൂർണ്ണമായ സമാധാനവും സ്വസ്ഥതയും അനുഭവിക്കുക.

***ഹദ്റത്ത് അഹ്മദ് (അ)***

ഇസ്‌ലാമി ഉസൂൽ കീ ഫിലാസഫി

ങ്ങളും യാതനകളും ദുരിതങ്ങളും കയ്പുനീരിന്റെ ചഷകമായിത്തോന്നി യേക്കാം. പക്ഷേ, യഥാർത്ഥത്തിൽ അതു ഇസ്‌ലാമിന്റെ വിജയത്തിന്റെ നീരുറവയാണ്. തിന്മയ്ക്കിടനൽകാ ത്തവിധം മനുഷ്യകുലം അതിന്റെ ശാശ്വതപ്രകാശത്താൽ വലയം ചെയ്യ പ്പെടുന്നതാണ്. അതിനാൽ, സർവ്വശ ക്തനായ ദൈവത്തിന്റെ വിധി പൂർത്തിയാവുമെന്ന പരിപൂർണ്ണ വി ശ്വാസത്തിൽ നമുക്കിതെല്ലാം സഹി ക്കാം. എല്ലാ പരിതഃസ്ഥിതികളിലും ദൈവത്തിന്റെ സ്നേഹവും തൃപ്തിയും തേടിക്കൊണ്ട്, അവന്റെ ഇച്ഛയ്ക്ക് പൂർണ്ണമായും കീഴ്‌വണങ്ങി ക്കൊണ്ട് യഥാർത്ഥ ഇസ്‌ലാമിക സത്തയോടും പരിപ്രേക്ഷ്യത്തോടു കൂടി നമുക്കീ യാതനകൾ ഉൾക്കൊ ള്ളുകയും സഹിക്കുകയും ചെയ്യാം. രണ്ടാം ഖലീഫ (റ) തന്റെ ചിന്ത ഹൃദ യാവർജ്ജകവും മനോഹരവുമായ വാക്കുകളിൽ പ്രകടിപ്പിക്കുന്നു:

“അല്ലയോ ഞങ്ങളുടെ നാഥാ, നിന്റെ അനുഗ്രഹങ്ങളായാലും പരീ ക്ഷണമായാലും നിന്റെ തൃപ്തിയിൽ ഞങ്ങൾ സന്തുഷ്ടരാണ്.”

**(Review of Religions, September, 2004)**

**വിവ: കെ.വി. ഹസ്സൻകോയ, കോഴിക്കോട്**

---

*(15 -ാം പേജിൽ നിന്ന് തുടർച്ച)*

പാകിസ്താനിലുണ്ട്. രാജ്യത്തിന്റെ ഇപ്പോഴത്തെ സംവിധാനത്തിൽ വമ്പി ച്ച കുഴപ്പങ്ങൾ സൃഷ്ടിക്കുന്ന കലാ പകലുഷിതവും വിഭാഗീയതയും നില നിൽക്കുന്ന സാഹചര്യത്തിൽ ഡോ: സലാമിന്റെ സ്മരണ സമുചിതം ആഘോഷിക്കേണ്ടത് വളരെ പ്രാധാ ന്യമർഹിക്കുന്നു. എന്നിട്ടും ആരും തന്നെ രണ്ടാം ഭരണഘടനഭേദഗതി എടുത്തുകളയാൻ ആവശ്യപ്പെടുന്നി ല്ല. എന്നാൽ Daily Timesന്റെ എഡി റ്റോറിയലിൽ ഇങ്ങിനെ ചോദിക്കുന്നു: *‘ഡോ. സലാമിനെ സ്മരിക്കുന്ന അദ്ദേ ഹത്തിന്റെ ഈ 10-ാം ചരമവർഷ ത്തിൽ അദ്ദേഹത്തിന്റെ ആത്മാവിന് സന്തോഷിപ്പിക്കുന്നതും നമ്മുടെ ആത്മാവിനെ ശുദ്ധീകരിക്കുന്നതു മായ ഒരു പ്രായശ്ചിത്തം നമുക്ക് ചെയ്തുകൂടേ?’*

ശുഭാപ്തിവിശ്വാസത്തിന് കുറ ഞ്ഞ സാധ്യതയേയുള്ളൂ. ഈ ആശ യത്തിന്നു കുറഞ്ഞപേരൊഴികെ പാകിസ്താനിലെ ശാസ്ത്രസമൂഹം പോലും പിന്തുണക്കില്ല. കഴിഞ്ഞ യാഴ്ച ഇസ്‌ലാമാബാദിലെ ഖായിദെ അഅ്സം യൂണിവേഴ്സിറ്റിയിലെ നാഷനൽ സെന്റർ ഫോർ സയൻ സിൽ ഡോ. പർവേസ് ഹുഡ്ബോയ് ഡോ. സലാം അനുസ്മരണ പ്രഭാ ഷണം നടത്തുകയായിരുന്നു. പ്രഭാ ഷണത്തിൽ ‘എന്തുകൊണ്ട് പാകി സ്താനിലെ റോഡുകൾക്കും സ്ഥാപ നങ്ങൾക്കും സലാമിന്റെ പേരിടുന്നി ല്ല.’ എന്ന് അദ്ദേഹം ചോദിച്ചു. റിവേഴ്സ് എൻജിനിയറിംങ്ങിൽ വിദ ഗ്ധനായ ഒരു പ്രഗത്ഭ ശാസ്ത്ര ജ്ഞൻ അപ്പോൾ വേദിയിലുണ്ടായി രുന്നു. ഇത് കേട്ടപ്പോൾ അയാൾ അവിടെ നിന്നും പ്രതിഷേധസൂചക മായി ഇറങ്ങിപ്പോയി. പിന്നീട് ഹുഡ്ബോയ് യോട് ചോദിച്ചു. ‘ഡോ. സലാം പാകിസ്താനുവേണ്ടി എന്താ ണ് ചെയ്തത്?’ ഡോ. ഹുഡ്ബോയ് പറയുന്നു. ‘അത് പാകിസ്താനെ ബാധിച്ച അഗാധമായൊരു പ്രശ്നവു മായി ബന്ധപ്പെട്ടതാണ്. 1974 മുമ്പത്തെ കാലഘട്ടത്തിലേക്ക് നാം പോയാലല്ലാതെ ആ പ്രശ്നം വിട്ടു പോകില്ല.’

അങ്ങിനെയാവുമ്പോൾ 1979ലെ ഹുദൂദ് നിയമം എപ്പോഴെങ്കിലും മാറു മെന്ന് ആർക്കെങ്കിലും സങ്കല്പിക്കു വാൻ സാധിക്കുമോ? ●

---

(1) ഐക്യരാഷ്ട്രസഭയുടെ കീഴിലുള്ള ഏക അന്താരാഷ്ട്ര ശാസ്ത്ര വിദ്യാഭ്യാസ സ്ഥാപനമാണി ത്. (പരി:)

(2) നോബൽ സമ്മാന ജേതാക്ക ളായ ഒരു ശാസ്ത്രജ്ഞനും ഒരു ചില്ലി കാശുമെടുക്കാതെ മുഴുവൻ തുകയും ഇങ്ങിനെ സംഭാവന ചെയ്തിട്ടില്ല. (പരി:)

## ലേഖനം

# ഡോ. അബ്ദുസ്സലാം

### ഡോ. അബ്ദുസ്സലാം ദിവംഗതനായപ്പോൾ The Time (ലണ്ടൻ) എഴുതിയ അനുസ്മരണലേഖനം

അബ്ദുസ്സലാമിന്റെ ചരമം സൈദ്ധാന്തിക ഭൗതിക ശാസ്ത്രലോകത്തിന് അതിന്റെ ഏറ്റവും പ്രമുഖനും ആദരണീയനുമായ ഒരംഗത്തെ നഷ്ടപ്പെടുത്തി. പാക്കിസ്ഥാനിലെ ഝംഗിൽ ജനിച്ച അദദ്ദഹം വളരെവേഗം അതിശയകരമായ സർഗ്ഗാത്മകശേഷി പ്രകടിപ്പിച്ചിരുന്നു. തന്റെ ബൗദ്ധിക ജീവിതത്തിന്റെ സുസ്ഥിര ഭാവമായിരുന്നു ആ സർഗശേഷി. അദ്ദേഹത്തിന്റെ ആദ്യമായി പ്രസിദ്ധീകരിച്ച ശാസ്ത്രീയ പ്രബന്ധം 17-ാം വയസ്സിലാണ് തയ്യാറാക്കിയിരുന്നത്. അണ്ടർ ഗ്രാജ്വേറ്റ് പോസ്റ്റ് ഗ്രാജ്വേറ്റ് ഡിഗ്രികൾ ലാ ഹോറിലെ ഗവൺമെന്റ് കോളേജിൽ നിന്നു കാംബ്രിഡ്ജ് യൂനിവേർസിറ്റിയിൽ നിന്നും നേടിയെടുത്തു.

അദ്ദേഹത്തിന്റെ ഗവേഷണവൃത്തിയുടെ ലക്ഷ്യം ക്വാണ്ടം ഫീൽഡ് തിയറിയായിരുന്നു. അടിസ്ഥാനബലങ്ങളുടെ ഏകീകരണം കണ്ടെത്താനുള്ള ഒരു സംരംഭമായിരുന്നു അത്. 1960കളിൽ സലാം ഈ ഗവേഷണപ്രവർത്തനങ്ങളിൽ ആഴ്ന്നിറങ്ങി. അക്കാലത്ത് അദ്ദേഹം പ്രവർ ത്തിച്ച ഗണിതശാസ്ത്രസങ്കേതങ്ങൾ പിന്നീടുണ്ടായ വികാസങ്ങൾക്ക് അടിസ്ഥാനങ്ങളായി ഭവിച്ചു. വിദ്യുത് കാന്തശക്തികളെ പ്രാഥമിക കണങ്ങളുടെ റേഡിയോ ആക്റ്റിവിറ്റിക്ക് കാരണമായ "ദുർബല" ആണവശക്തിയുമായി ഏകീകരിച്ചുകൊണ്ടുള്ള ഒരു സിദ്ധാന്തം ആവിഷ്ക്കരിക്കാനുള്ള അവിരാമമായ ഗവേഷണപരിപാടിയാണത്. ഏകീകരണ സിദ്ധാന്തം സ്ഥാപിക്കാനായി യൂറോപ്പിൽ പണിത CERN എന്ന ആണവ ഗവേഷണ സംരംഭത്തിൽ നടത്തപ്പെട്ട പരീക്ഷണങ്ങളിൽ ഈ തിയറിക്ക് ലഭിച്ച നാടകീയമായ സ്ഥിരീകരണമാണ് 1979ൽ ഭൗതിക ശാസ്ത്രത്തിൽ അമേരിക്കൻ ഭൗതികശാസ്ത്രജ്ഞരായ ഷെൽഡൻ ഗ്ലാഷോവിനോ ടും സ്റ്റീവൻ വൈൻബർഗിനോടും ഒപ്പം നോബൽ സമ്മാനത്തിൽ പങ്കാളിയാകാൻ അദ്ദേഹത്തിന് സാധിച്ചത്.

ആകർഷണക്ഷേത്രത്തെ (Gravitational field) ഈ ഏകീകൃത ചിത്രത്തിൽ ഉൾപ്പെടുത്തുകയെന്നത് അത്യന്തം വിഷമകരമായ പ്രശ്നമാണ്. അതുകൊണ്ടുതന്നെ, സലാം തന്റെ അതിസൂക്ഷ്മമായ ശ്രദ്ധ ചെലുത്തിയ മറ്റൊരു രംഗമാണിതെന്നതിൽ അത്ഭുതപ്പെടാനില്ല. ഈ സവിശേഷ പ്രശ്നത്തിന്റെ പരിഹാരം സംശയാത്മകമായി നിലനിന്നെങ്കിലും തന്റെ ദീർഘകാലത്തെ സഹപ്രവർത്തകനായ ജോൺ സ്ട്രാത്ത്ഡീയുമായി (John Strathdes) ചേർന്ന് പ്രവർത്തിച്ചുകൊണ്ട് ''അതിക്ഷേത്രങ്ങൾ'' (Superfields) കൈകാര്യം ചെയ്യുന്നതിനാവശ്യമായ ചില പ്രധാന ഉപകരണങ്ങൾ സലാം വികസിപ്പിച്ചെടുത്തിരുന്നു. അത് പിന്നീട് ആകർഷണബലത്തേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള 'സൂപ്പർസ്ട്രിംഗ് തിയറി'യുടെ രൂപീകരണത്തിന് സഹായകരമായി.

ഈ അത്യുജ്വലമായ ബൗദ്ധികോപഹാരത്തിനുപുറമെ, സലാം അത്ഭുതകരമായ ഭാവനയും അസാധാരണമായ ഊർജ്ജസ്വലതയും ഉള്ള ആളായിരുന്നു. ലോകമാകമാനം സയൻസിനെ വികസിപ്പിച്ചുകൊണ്ടു വരുന്നതിൽ ഒരു വലിയ പങ്ക് വഹിച്ച ആളുമാണദ്ദേഹം. 1964ൽ, ഇറ്റലിയിലെ ട്രീസ്റ്റിയിൽ സൈദ്ധാന്തിക ഭൗതികശാസ്ത്രത്തിൽ ഒരു ഗവേഷണനിലയം സ്ഥാപിച്ചെടുക്കാൻ ഇറ്റാലിയൻ ഗവൺമെന്റിനെയും ഐക്യരാഷ്ട്ര സംഘടനയെയും പ്രേരിപ്പിക്കുന്നതിൽ അദ്ദേഹത്തിനുണ്ടായ വിജയം ഇക്കൂട്ടത്തിൽ ഏറ്റവും മുഴച്ചുനിൽക്കുന്നു. വികസ്വര രാജ്യങ്ങളിലെ യുവശാസസ്ത്രജ്ഞന്മാർക്ക് ഗവേഷണങ്ങളിൽ പങ്കാളികളാവാനും അതോടൊപ്പം പാശ്ചാത്യ നാടുകളിൽ നിന്നെത്തുന്ന സന്ദർശക പ്രഫസർമാരുമായി അനുഭവങ്ങൾ കൈമാറുവാനുമുള്ള ഒരു അടിസ്ഥാനവേദിയായിട്ടാണിത് മുഖ്യമായും ഈ ഫോറം പ്രവർത്തിച്ചുപോന്നിട്ടുള്ളത്.

1961 മുതൽ 1993 വരെ തിയററ്റിക്കൽ ഫിസിക്സിനുള്ള ഈ സാർവ്വദേശീയ കേന്ദ്രത്തിന്റെ (ICTP) ഡയറ

ക്ടർ സലാം തന്നെയായിരുന്നു. സെന്റർ പല പ്രതിസന്ധികളെയും അതിജീവിക്കുക മാത്രമല്ല, ഇത്തരം ഒരു അന്താരാഷ്ട്ര പദ്ധതിക്ക് അവശ്യമായും അഭിമുഖീകരിക്കേണ്ടി വരുന്നതുമായ അനേകം രാഷ്ട്രീയ പ്രതിസന്ധികൾ ഉണ്ടായിരുന്നിട്ടും അത് അഭിവൃദ്ധിപ്പെടുകയും ചെയ്തു എന്നത് അദ്ദേഹത്തിന്റെ അതുല്യമായ വ്യക്തിപ്രഭാവത്തെയും ഊർജ്ജസ്വലതയെയും വിളിച്ചറിയിക്കുന്നത് തന്നെയാണ്.

ഇസ്‌ലാം മതത്തിലെ അഹ്മദിയ്യാ വിഭാഗത്തിലെ ഒരംഗമായിരുന്നു ഡോ. അബ്ദുസ്സലാം. ട്രിസ്റ്റിയിലെ ഗവേഷണകേന്ദ്രത്തിൽ സന്ദർശനത്തിനെത്തുന്ന സഹോദര മുസ്‌ലിംകൾക്ക് നമസ്കാരത്തിൽ അദ്ദേഹം ചിലപ്പോൾ ഇമാമത്ത് വഹിക്കുമായിരുന്നു. ഈ പ്രത്യേക വിഭാഗത്തിലെ അംഗത്വം അദ്ദേഹത്തിന് തന്റെ മാതൃരാജ്യവുമായുള്ള ബന്ധത്തിൽ ചില വിഷമങ്ങൾ സൃഷ്ടിച്ചുവെങ്കിലും വികസ്വര രാഷ്ട്രങ്ങളോടുള്ള തന്റെ സഹജമായ പ്രതിബദ്ധത അദ്ദേഹമൊരിക്കലും മറന്നുകളഞ്ഞില്ല. അണുവായുധങ്ങളുടെ വ്യാപനത്തിൽ അദ്ദേഹത്തിന് അഗാധമായ ഉൽക്കണ്ഠയുണ്ടായിരുന്നു. ലോകസമാധാനം ശക്തിപ്പെടുത്തുന്നതിനുള്ള അനേകം ഉന്നതല കമ്മിറ്റികളിലും സഹയോഗങ്ങളിലും അണുവായുധങ്ങളുടെ സമാധാനപരമായ ഉപയോഗത്തെ ശക്തിപ്പെടുത്താനുള്ള സംരംഭങ്ങളിലും അദ്ദേഹം തന്റെ സേവനമർപ്പിക്കുകയുണ്ടായിട്ടുണ്ട്.

നോബൽ സമ്മാനത്തിനുപുറമെ ഡോ. സലാമിന്റെ അതുല്യമായ ശാസ്ത്ര രാഷ്ട്രീയ നേട്ടങ്ങൾ മറ്റ് പ്രകാരത്തിലും അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. വളരെ ചെറുപ്പത്തിൽ തന്നെ റോയൽ സൊസൈറ്റിയിൽ ഫെല്ലോ ആയി അദ്ദേഹം തെരഞ്ഞെടുക്കപ്പെടുകയും 1990ൽ അത് സംബന്ധിച്ച് 'കോപ്ലിമെഡൽ' എന്ന പുരസ്കാരം നേടുകയുണ്ടായി. അദ്ദേഹം 24 രാജ്യങ്ങളിലെ സയൻസ് അക്കാദമികളിലും സയൻസ് സൊസൈറ്റികളിലും മെമ്പറായി തെരഞ്ഞെടുക്കപ്പെട്ടിരുന്നു. എണ്ണമറ്റ ഓണററി ഡിഗ്രികൾ അദ്ദേഹത്തിന് ലഭിക്കയുമുണ്ടായി. 1989-ൽ അദ്ദേഹം ഒരു ഓണററി ആയി ആദരിക്കപ്പെട്ടു സമാധാനത്തിനും അന്താരാഷ്ട്രസഹയോഗങ്ങൾക്കും വേണ്ടി നൽകിയ സംഭാവനകളുടെ പേരിൽ അദ്ദേഹത്തിന് ഒമ്പത് മെഡലുകൾ ലഭിച്ചിട്ടുണ്ട്.

വ്യക്തിപരമായി ഡോ: സലാം ശ്രദ്ധേയനായ ഒരാളാണ് അദ്ദേഹവുമായി അടുത്ത് പ്രവർത്തിക്കാൻ ഭാഗ്യമുണ്ടായിട്ടുള്ള ഏതൊരു യുവശാസ്ത്രജ്ഞനും ആ അടുപ്പം ഒരുപോലെ ആത്മോദ്ധാരകവും സ്വഭാവനിർമ്മാണപരവുമായ ഒരു അനുഭവമായി കണ്ടിരുന്നു. തന്റെ അപാരമായ ബുദ്ധിശാലിത്വത്തിന് മാറ്റുകൂട്ടും വിധം സലാമിന് തനതായ നർമബോധവുമുണ്ടായിരുന്നു. സ്വയം കളിയാക്കാനുള്ള അത്യപൂർവ്വമായ ഗുണവും അതിൽപെടും. ഭൗതികശാസ്ത്രത്തിന്റെ അടിസ്ഥാനത്തെ എങ്ങനെ മാറ്റിത്തിരുത്തണമെന്നതിനെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പുരോഗമനപരമായ അഭിപ്രായങ്ങൾക്കൊപ്പം എപ്പോഴും ഹൃദ്യമായ ഒരു കണ്ണിറുക്കത്തോടെയുള്ള മന്ദസ്മിതം അദ്ദേഹത്തിന്റെ മുഖത്ത് കളിയാടിയിരുന്നു.

അബ്ദുസ്സലാം രണ്ടു വിവാഹം ചെയ്തിട്ടുണ്ട്. ഒരു മകനും മൂന്ന് പുത്രിമാരും ആദ്യഭാര്യയിലുണ്ട് രണ്ടാം ഭാര്യയിൽ ഒരു പുത്രനും ഒരു പുത്രിയും.

(The Time 26-11-1996)

**വിജ്ഞാനവും സ്വർഗവും**

ഒരു വിശ്വാസി സ്വർഗ്ഗത്തിലെത്തും വരേയ്ക്കും അവന്റെ വിജ്ഞാനദാഹം ശമിക്കുകയില്ല. ***തിർമിതി***



## ലേഖനം

# ഖുർആനും നക്ഷത്രങ്ങളും ആകാശവും

**ശബീബ്, കോഴിക്കോട്**

**നക്ഷത്രത്തിന്റെ ജനനത്തേയും പരിണാമത്തേയും കുറിച്ച് ഖുർആനിൽ പ്രതിപാദനമുണ്ട്.**

വിശുദ്ധ ഖുർആൻ അല്ലാഹുവിന്റെ വചനവും ശാസ്ത്രം അല്ലാഹുവിന്റെ പ്രവർത്തിയുമാണ്. അത് തെളിയിക്കുന്നതിന് വിശുദ്ധ ഖുർആനിലെ നിരവധി വചനങ്ങൾ സാക്ഷിയാണ്. ഉദാഹരണത്തിന് പ്രപഞ്ച സൃഷ്ടിപ്പ് ഖുർആനിലും ശാസ്ത്രത്തിലും പ്രതിപാദിക്കുന്നത് കാണുക. വിശുദ്ധ ഖുർആൻ പറയുന്നു.

*"അവിശ്വാസികൾ കാണുന്നില്ലേ ആകാശങ്ങളും ഭൂമിയും പരസ്പരം ഒട്ടിപ്പിടിച്ചതായിരുന്നു. പിന്നെ ജീവനുള്ള എല്ലാ വസ്തുക്കളേയും നാം വെള്ളത്തിൽ നിന്ന് ഉണ്ടാക്കുകയും ചെയ്തു. എന്നിട്ട് അവർ വിശ്വസിക്കുന്നില്ലേ?" (21:31 – അൽ അമ്പിയാഅ്)*

ആകാശവും ഭൂമിയും ഇതിന് മുൻപ് ഒട്ടിപ്പിടിച്ച ഒരവസ്ഥയിലായിരുന്നുവെന്ന് വിശുദ്ധ ഖുർആൻ പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പ് പറയുകണ്ടായി. ഈ സത്യം ആധുനിക ശാസ്ത്രം ഇപ്പോൾ കണ്ടെത്തിയിരിക്കുന്നു. ഈ സൂക്തത്തിൽ ഉപയോഗിച്ച "റത്ഖൻ" എന്ന പദത്തിന് ആധികാരിക അറബി നിഘണ്ടുക്കൾ രണ്ട് അർത്ഥങ്ങൾ നൽകുന്നുണ്ട്. രണ്ട് വസ്തുക്കൾ ഒട്ടിപ്പിടിച്ച് ഒന്നായി നിലകൊള്ളുക എന്നതാണ് ഒരർത്ഥം. മറ്റൊന്ന് ഘോരാന്ധകാരം എന്നാണ്. ആകാശവും ഭൂമിയും പ്രാഥമിക ഘട്ടത്തിൽ ഘോരാന്ധകാരാവസ്ഥയിലായിരുന്നു പ്രപഞ്ചോൽപത്തി തമോഗർത്തത്തിൽ (Black hole) നിന്നായിരുന്നുവെന്ന സിദ്ധാന്തത്തെയും ഖുർആൻ ശരിവെക്കുന്നു. ഈ രണ്ട് അർത്ഥങ്ങളും ഇവിടെ തികച്ചും അനുയോജ്യവുമാണ്.

പദാർത്ഥങ്ങളുടെ അനന്തമായ മർദ്ദ, താപ, സാന്ദ്രാവസ്ഥയിൽ ഉണ്ടായ മഹാവിസ്ഫോടനത്തെ തുടർന്നാണ് പ്രപഞ്ചം ഉണ്ടായത് 1920–ലാണ് ഈ സിദ്ധാന്തം അവതരിപ്പിക്കപ്പെട്ടത്. അതിവിശാലമായ ഈ പ്രപഞ്ചത്തെ സൃഷ്ടിച്ച് സംവിധാനിച്ച് സംരക്ഷിക്കുന്ന സൃഷ്ടാവിന്റെ ഒരു ബൃഹദ് സൃഷ്ടിയാണ് നക്ഷത്രങ്ങൾ.

നക്ഷത്രങ്ങളുടെ ഉൽഭവത്തെക്കുറിച്ച് ആധുനിക ശാസ്ത്രലോകത്തിന് ഖണ്ഡിതമായ ഒരു അഭിപ്രായത്തിലെത്താൻ സാധിച്ചിട്ടില്ല.

പരിണാമ വാദം, യാദൃശ്ചികതാ സിദ്ധാന്തം, തുടങ്ങിയ പരികല്പനകളിൽ കെട്ടിപടുത്ത ഈ സങ്കല്പമാണ് നക്ഷത്രോൽപ്പത്തിയെ കുറിച്ചുള്ള സമകാലീന ശാസ്ത്രസിദ്ധാന്തങ്ങളായി ഗണിക്കപ്പെടുന്നത്. ഈ പ്രപഞ്ചത്തിലാകമാനം പദാർത്ഥം വ്യാപിച്ചുകിടക്കുന്നു. നാം ശൂന്യാകാശം എന്ന് വിളിക്കുന്ന നക്ഷത്രാന്തര മേഖലകളിലും ഈ പദാർത്ഥ കണികകൾ കാണപ്പെടുന്നുണ്ട്. ഇതിനെയാണ് നക്ഷത്രാന്തര പൊടിപടലങ്ങൾ എന്ന് വിളിക്കുന്നത്. ധൂമപടലങ്ങൾ ചിലയിടത്തിൽ അതിന്റെ തന്നെ ഗുരുത്വാകർഷണത്തിന്റെ ഫലമായി ഘനീഭവിക്കുന്നു. ഇതിനെ നക്ഷത്രങ്ങളുടെ സംഘനനം (Star Condensation) എന്നുപറയുന്നു. ഈ സംഘനിത മേഘങ്ങളുടെ അന്തർഭാഗം അണുതാപീയ പ്രവർത്തനങ്ങൾക്ക് വിധേയമാവുകയും ആദിനക്ഷത്രം (Proto Star) ജനിക്കുകയും ചെയ്യുന്നു. നക്ഷത്രങ്ങളില്ലാത്ത വസ്തുസഞ്ചയങ്ങൾ വാതക പാളികളായും നെബുലകളായും നക്ഷത്രങ്ങൾക്കിടയിൽ സ്ഥിതി ചെയ്യുന്നു. ഇതാണ് ഗ്യാലക്സികളുടെ ഉൽപത്തിക്ക് കാരണമായത് എന്നാണ് മഹാവിസ്ഫോടന സിദ്ധാന്തം സമർത്ഥിക്കുന്നത് ഇന്നും നക്ഷത്രങ്ങൾ സൃഷ്ടിക്കപ്പെട്ടുകൊണ്ടിരിക്കുന്നുണ്ട് എന്നാണ് ഖഗോള ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നത്.

ശാസ്ത്രലോകത്തിന്റെ ഈ നിഗമനം പൂർണ്ണമായും ശരിയാണ് എന്ന് നമുക്ക് പറയാൻ സാധ്യമല്ല. എങ്കിലും നക്ഷത്രാന്തരീയസ്ഥലത്തെ പുകപടലങ്ങളിൽ നിന്നാണ് അഥവാ നെബുലകളിൽ നിന്നാണ് നക്ഷത്രങ്ങൾ രൂപപ്പെടുന്നത് എന്ന വസ്തുത സംശയാതീതമായി തെളിയിക്കപ്പെട്ടിട്ടുണ്ട്. ഏതാനും വർഷങ്ങൾക്ക് മുൻപ് ഹവായിലെ മാർക്സ്വെൽ ഒബ്സർവേറ്ററിയിൽ ബഹിരാകാശ നിരീക്ഷ

ണം നടത്തിക്കൊണ്ടിരുന്ന ശാസ്ത്ര ജ്ഞന്മാർക്ക് ഭൂമിയിൽ നിന്ന് 1100 പ്രകാശവർഷങ്ങൾ ദൂരയുള്ള എം.ജി. സി. 1333 എന്ന നെബുലയിൽ ഒരു ആദി നക്ഷത്രത്തിന്റെ സൃഷ്ടി നട ക്കുന്നത് കാണാൻ സാധിച്ചു. ഈ പ്രാക് നക്ഷത്രം ഇനിയും ഊർജ്ജ മുൽപാദിപ്പിക്കാനാരംഭിച്ചിട്ടില്ല എന്നാണ് എഡിൻബർഗ് റോയൽ നിരീക്ഷണാലയത്തിലെ ഖഗോള ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടു ന്നത്. ഇത് നെബുലകളാകുന്ന വാത കപടലത്തിൽ നിന്നാണ് നക്ഷത്ര സൃഷ്ടി നടക്കുന്നതെന്ന യാഥാർ ത്ഥ്യം അരക്കിട്ടുറപ്പിക്കുന്നു. ഇതുത ന്നെയാണ് വിശുദ്ധ ഖുർആൻ 1400 വർഷങ്ങൾക്ക് മുൻപ് പറഞ്ഞത്. *“പിന്നെ അവൻ ആകാശത്തിന്റെ നേരെ ശ്രദ്ധ പതിപ്പിച്ചു അപ്പോൾ അത് (ഏകദേശം) പുക (പോലെ) ആയിരുന്നു. എന്നിട്ട് അതിനോടും ഭൂമിയോടും അവൻ പറഞ്ഞു നിങ്ങൾ രണ്ടും സ്വമനസ്സാലെയോ നിർബന്ധ മായോ (എന്നെ അനുസരിക്കാനായി) വരിക അവ രണ്ടും പറഞ്ഞു ഞങ്ങ ളിതാ സ്വമനസ്സാലെ വന്നിരിക്കുന്നു.”* (വി: ഖുർ. 41:12). നാം കാണുന്ന സൂര്യ നിൽ ഹൈഡ്രജൻ ഹീലിയമായി രൂ പാന്തരപ്പെടുന്ന ന്യൂക്ലിയർ സംയോ ജന പ്രക്രിയയാണ് ലഭിക്കുന്നത്. സൂര്യന് സദാ ഊർജ്ജം പ്രസരിപ്പി ക്കാൻ കഴിയുന്നത് അതുകൊണ്ടാണ്. ഈ ഊർജ്ജത്തിന്റെ ഭൂരിഭാഗവും ഉപ യോഗപ്പെടുത്താൻ കഴിയുന്നില്ല. കോടിക്കണക്കായ വർഷങ്ങളായി ഇത് തുടർന്നുകൊണ്ടിരിക്കുന്നു. സൂ ര്യഗോളത്തിൽ ഓരോ സെക്കന്റിലും 5,640 ലക്ഷം ടൺ ഹൈഡ്രജൻ 5,600 ലക്ഷം ടൺ ഹീലിയമായി മാറികൊ ണ്ടിരിക്കുന്നു. അഥവാ 40 ലക്ഷം ടൺ ഹൈഡ്രജൻ ഒരു സെക്കന്റിൽ ബാ ക്കിയാകുന്നു എന്നർത്ഥം.

നക്ഷത്രങ്ങൾ അനുദിനം തമ്മി ലകന്നുകൊണ്ടിരിക്കുന്ന കാഴ്ച യാണ് ശാസ്ത്രലോകത്തിന് കാ ണാൻ കഴിയുന്നത്. ഇക്കാരണത്താൽ പ്രപഞ്ചം സ്വയം തന്നെ അനുസ്യൂതം വികസിച്ചുകൊണ്ടിരിക്കുകയാണ്. ഇതിലേക്കാണ് വിശുദ്ധ ഖുർആന്റെ ഒരു വചനം സ്പഷ്ടമായി പറയു ന്നത് കാണുക. *“നാം ആകാശത്തെ (നമ്മുടെ) വിവിധ ശക്തികൾ കൊണ്ട് സൃഷ്ടിച്ചിരിക്കുന്നു. തീർച്ചയായും നാം അതിനെ വികസിപ്പിക്കുന്നവ നാണ്.”*(51:48-അദ്ദാരിയാത്ത്) ആധു നിക ശാസ്ത്രജ്ഞന്മാരുടെ ഈ ഗവേ ഷണചിന്തയിലേക്ക് വി ശുദ്ധ ഖുർ ആൻ നൽകുന്ന യുക്തിയുക്തമായ സൂചന മഹാ വിസ്ഫോടനം മൂലം ഈ പ്രപഞ്ചം അഭംഗുരം വികസിച്ചു കൊണ്ടിരിക്കയാണ് എന്നാണ്. 70 ലക്ഷം പ്രകാശവർഷമപ്പുറമുള്ള വിർഗോ എന്ന ഗാലക്സിയുടെ കൂട്ടം സെ ക്കന്റിൽ 600 മൈൽ വേഗത്തിൽ അകലുന്നു. 150 പ്രകാശവർഷം അക ലെയുള്ളത് സെക്കന്റിൽ 86000 മൈലും അകലുന്നു. ചുരുക്കത്തിൽ അനുനിമിഷം പ്രപഞ്ചം വികസ്വര മായി കൊ ണ്ടിരിക്കുകയാണ്.

ഈ പ്രാപഞ്ചിക പദാർത്ഥങ്ങ ളുടെ 95%വും ഹൈഡ്രജനും ഹീലി യവും ആണ് ഇതിൽ തന്നെ ഹൈഡ്ര ജൻ ഹീലിയത്തേക്കാൾ എത്രയോ മടങ്ങ് അധികം വരുന്നു. ഈ കണി കകൾ സദാ ചലിച്ചുകൊണ്ടിരിക്കും. ഈ ചലനത്തിനിടക്ക് ചില കണിക കൾ തമ്മിൽ കൂട്ടിയിടിക്കുകയും യോജിക്കുകയും ചെയ്യുന്നു. അത് വീണ്ടും മറ്റൊരു കണവുമായി കൂട്ടി മുട്ടുകയും യോജിക്കുകയും ചെയ്യു ന്നു. ഈ പ്രക്രിയ ആയിരക്കണക്കിന് വർഷങ്ങൾ തുടരുമ്പോൾ അത് കണ ങ്ങളുടെ ഒരു വലിയ ശേഖരമായി പരി ണമിക്കുന്നു. ഇതിനെയാണ് മേഘ പാളി എന്ന് വിളിക്കുന്നത്. ഈ മേഘ പാളി ചുറ്റിനും കൂടുതൽ കണങ്ങളെ സ്വീകരിച്ച് വളർന്നുകൊണ്ടിരിക്കും. മറ്റ് നക്ഷത്രങ്ങളിൽ നിന്ന് ഉൽഭവി ക്കുന്ന പ്രകാശവും, മറ്റു വികിരണ ങ്ങൾ മൂലമുണ്ടാകുന്ന മർദ്ദവും ഈ മേഘപാളിയെ കണികകളുടെ സമാ ഹരണത്തിന് സഹായിക്കുന്നു. ഇങ്ങിനെയുണ്ടാകുന്ന മേഘപാളിക ളിൽ പെട്ടെന്ന് സംഭവിക്കുന്ന ഏതെ ങ്കിലും ഒരു ആഘാതത്തിന്റെ ഫല മായി ഇതിന്റെ ഒരു ഭാഗം ഘനീഭവിച്ച് കൂടുതൽ സാന്ദ്രമാവുകയും അവിടെ ഘനത്വം വളരെ പെട്ടെന്ന് വർദ്ധിച്ച് നക്ഷത്രത്തിന്റെ ഭ്രൂണമായി മാറു കയും ചെയ്യുന്നു. ആകർഷണശക്തി കൂടുതലായുള്ള ഈ ഭ്രൂണം ചുറ്റുമു ള്ള കണികകളെ അതിലേക്ക് ആ കർഷിക്കുന്നു. ഈ കണികകൾ തമ്മിൽ തമ്മിൽ ഉരസിക്കൊണ്ടാണ് ഭ്രൂണകേന്ദ്രത്തിലേക്ക് നീങ്ങുന്നത്. അത് അവിടുത്തെ താപനില വർദ്ധി പ്പിക്കുകയും താപനില കൂടികൂടിവന്ന് കണങ്ങൾ തിളങ്ങാൻ ആരംഭിക്കു കയും ചെയ്യുന്നു. ഈ അവസ്ഥ ക്കാണ് പ്രാക്ക് നക്ഷത്രം എന്ന് പറ യുന്നത്.

ഇങ്ങിനെ ജന്മമെടുക്കുന്ന നക്ഷ ത്രങ്ങളാദ്യം ഗുരുത്വാകർഷണം മൂലം സങ്കോചിച്ചുകൊണ്ടിരിക്കുന്നു. സ ങ്കോചം മൂലമുണ്ടാകുന്ന സമർദ്ദ ത്തിന്റെ വർദ്ധനവിനനുസരിച്ച് അവ യുടെ ആന്തരീകതാപനില വർദ്ധിച്ചു കൊണ്ടിരിക്കും. താപനില ഏതാണ്ട് 10 ലക്ഷം$^0$C ആയി ഉയരുന്നതോടെ നക്ഷത്രത്തിൽ തെർമോ ന്യൂക്ലിയർ പ്രവർത്തനം നടക്കുന്നു. ഡ്യൂട്ടീരിയം മറ്റൊരു ഹൈഡ്രജൻ അണുവിനെ സ്വാംശീകരിച്ച് ഹീലിയത്തിന്റെ ഒരു രൂപമായി മാറുന്നതാണ് തെർമോ ന്യൂക്ലിയർ രാസപ്രക്രിയ. ഈ പ്ര ക്രിയ മൂലമുണ്ടാകുന്ന ഊർജ്ജം നക്ഷത്രത്തിന്റെ സങ്കോചത്തെ മന്ദീ ഭവിപ്പിക്കുമെങ്കിലും താരതമ്യേന വളരെ കുറഞ്ഞ തോതിലുള്ള ഡ്യൂട്ടീ രിയം പ്രവർത്തിച്ചു തീരുന്നതോടു കൂടി സങ്കോചപ്രക്രിയ വീണ്ടും ശക്തിപ്പെടുകയും താപവർദ്ധനവിന നുസരിച്ച് നക്ഷത്രത്തിലെ ഹൈഡ്ര ജൻ മൂലകങ്ങളും ഹീലിയമായി മാറി കൊണ്ടിരിക്കുകയും ചെയ്യുന്നു. ഇ ങ്ങിനെ താപനില 70 ലക്ഷം ഡിഗ്രി യിലെത്തുമ്പോൾ ഹൈഡ്രജന്റെ രാസപ്രക്രിയകൾ ആരംഭിക്കുകയും നക്ഷത്രാന്തരീക്ഷത്തിൽ ഏറ്റവും കൂടുതൽ ഹൈഡ്രജൻ ആയതിനാൽ ഈ പ്രവർത്തനം വളരെ കാലം

നീണ്ടുനിൽക്കുകയും ചെയ്യുന്നു. താപനില കൂടുന്നതോടെ വിക്ഷേപിക്കുന്ന ഊർജ്ജത്തിന്റെ അളവ് കൂടുകയും, സങ്കോചം കൂടികൊണ്ടിരിക്കുന്നതിനാൽ ആന്തരീകോഷ്മാവും, ബഹിർഗമിക്കുന്ന ഊർജ്ജവും കൂടി കൂടി വരികയും താപനില കൂടുന്നതിന്റെ ഫലമായി ഉണ്ടാകുന്ന വാതകമർദ്ദം ഗുരുത്വാകർഷണവുമായി സമാനതയിലെത്തുകയും സങ്കോചം നിലക്കുകയും ചെയ്യുമ്പോൾ നക്ഷത്രം ഏറെകുറെ സന്തുലിതാവസ്ഥയിലെത്തുന്നു. ദ്രവ്യമാനം കൂടുതലുള്ള നക്ഷത്രത്തിൽ ആന്തരീകോഷ്മാവിന്റെ വർദ്ധനവ് പ്രകാശത്തെ വർദ്ധിപ്പിക്കുന്നു. ഇങ്ങിനെയാണ് നക്ഷത്രം രൂപപ്പെടുന്നതെന്നാണ് സമകാലീക ശാസ്ത്രീയ നിഗമനം.

മുകളിൽ പ്രതിപാദിക്കപ്പെട്ട പ്രാക് നക്ഷത്രത്തിന്റെ ഭ്രൂണമായ ഏറ്റവും ചെറിയ കണികകൾ മുതൽ ബില്ല്യൻ കണക്കിനു ഗാലക്സികളും ഇവയിലോരോന്നിലും ദശലക്ഷക്കണക്കിനു നക്ഷത്രങ്ങളുമടങ്ങിയ ലോകത്തി ലാണ് പ്രപഞ്ചവ്യവസ്ഥ നിലകൊള്ളുന്നത്. ഇതിലെ ഗോളങ്ങൾ അന്യോന്യമുള്ള ആകർഷണം കൊണ്ടാണ് നില് ക്കുന്നത്. ഇത് മനുഷ്യ ദൃഷ്ടിക്കു കാണാൻ കഴിയാത്ത സ്തംഭമാണ് അഖില പ്രപഞ്ചത്തെ താങ്ങിനിർ ത്തുന്ന ഈ തൂണിന് സയൻസിന്റെ ഭാഷയിൽ ഗുരുത്വാകർഷണ ശക്തി (Gravitational Force) എന്നാണ് പറയുക. ഇത് വിശുദ്ധ ഖുർആനിൽ വളരെ മനോഹരവും അതിലുപരി ചിന്താശക്തിയേയും ഉണർത്തുന്ന രീതിയിൽ പ്രതിപാദിക്കുന്നത് കാ ണുക.

*"നിങ്ങൾക്ക് കാണുവാൻ കഴിയുന്ന തൂണുകൾ കൂടാതെ ആകാശങ്ങളെ ഉയർത്തിവെച്ചിരിക്കുന്നവനാണ് അല്ലാഹു പിന്നീട് അവൻ സ്വയം സിംഹാസനത്തിൽ മേൽ ആസനസ്ഥനായി സൂര്യനേയും ചന്ദ്രനേയും അധീനമാക്കി എല്ലാം ഒരു നിശ്ചിത കാലയളവനുസരിച്ച് ചരിച്ചു കൊണ്ടിരിക്കുന്നു. അവൻ കാര്യങ്ങളെല്ലാം ക്രമപ്പെടുത്തി നിയന്ത്രിച്ചു കൊണ്ടിരുന്നു. നിങ്ങളുടെ നാഥനുമായുള്ള കൂടികാഴ്ചയിൽ നിങ്ങൾക്ക് ദൃഢവിശ്വാസമുണ്ടാകുന്നതിന് വേണ്ടി അവൻ ദൃഷ്ടാന്തങ്ങൾ വിശദമായി വിവരിക്കുന്നു" (13:3 - അർ-റഅദ്).*

ഏതൊരു കണികയും അവ്യവസ്ഥിതമായല്ല ചലിക്കുന്നതെന്നും എല്ലാം അല്ലാഹുവിന്റെ ചില പ്രത്യേക നിയമങ്ങൾ പാലിക്കുന്നണ്ടെന്നും, ഈ ഖുർആൻ വാക്യങ്ങൾ വളരെ വ്യക്തമായി മനസ്സിലാക്കിതരുന്നു.

*"സൂര്യന് ചന്ദ്രനെ എത്തിപ്പിടിക്കാനാവുകയില്ല. രാവ് പകലിനെ മറികടക്കുന്നതുമല്ല. ഓരോന്നും ഓരോ സഞ്ചാരപഥത്തിൽ അനായാസം സഞ്ചരിച്ചുകൊണ്ടിരിക്കുന്നു." (36:41 യാസീൻ)*

## നക്ഷത്രങ്ങളും അന്ധവിശ്വാസവും

പ്രാചീന മനുഷ്യൻ പ്രപഞ്ചപ്രതിഭാസങ്ങളുടെ മുമ്പിൽ ദൗർബല്യം പ്രകടമാക്കുന്നു. അവയെ ആരാധിച്ചു പ്രീതിപ്പെടുത്തുന്ന സമ്പ്രദായം അതി പ്രാചീന കാലം മുതൽക്കേ ആരംഭിച്ചതാണ്. ഇത്തരത്തിൽ ആരാധ്യവസ്തുക്കളിൽ ഒന്നാകുന്നു നക്ഷത്രം. വിവരമില്ലാത്ത ജനസമൂഹത്തിന്റെ തെറ്റായ ധാരണകൾ തിരുത്തുന്ന തരത്തിലാണ് വി.ഖുർആൻ ആകാശമണ്ഡലത്തെ നമുക്ക് പരിചയപ്പെടുത്തി തരുന്നത്. സൂര്യനേയും വിവിധതരം നക്ഷത്രങ്ങളേയും ഇന്ത്യക്കാരും ഗ്രീക്കുകാരും അറബികളും ആരാധിച്ചിരുന്നതായി ചരിത്രം പറയുന്നുണ്ട്. അറബികൾ "സുരയ്യ" എന്നും ഇംഗ്ലീഷുകാർ SIRIUS എന്നും വിളിച്ചിരുന്ന നക്ഷത്രം ഒരാരാധ്യവസ്തുവായിരുന്നു. ഇതിന് സൂര്യനേക്കാൾ ഇരുപത്തി മൂന്ന് ഇരട്ടി പ്രകാശമുണ്ടെന്ന് ആധുനിക സയൻസ് വെളിപ്പെടുത്തുന്നു. ഭാരതത്തിൽ മനുഷ്യന്റെ വിധി നിർണ്ണയിക്കുന്നതിൽ നക്ഷത്രങ്ങൾക്കും ആകാശഗോളങ്ങൾക്കും പങ്കുണ്ട് എന്ന വിശ്വാസം ഇപ്പോഴും വ്യാപകമായി തുടരുകയാണല്ലോ.

## നക്ഷത്രങ്ങളും ഗണിതശാസ്ത്രവും

ആകാശം ജ്ഞാനവിജ്ഞാനങ്ങളുടെ ഉറവിടമാണ്. വാനമാകുന്ന കറുത്ത ബോർഡിൽ ആലേഖനം ചെയ്യപ്പെട്ട നക്ഷത്രങ്ങളുടെ വിന്യാസക്രമവും, സൂര്യചന്ദ്രന്മാരുടെ ചലനങ്ങളുമാണ് പ്രാകൃത മനുഷ്യന് കാലബോധവും ഗണിതബോധവും ശാസ്ത്രബോധവും നൽകിയത്. ശാസ്ത്രങ്ങളുടെ രാജ്ഞിയായ ഗണിതശാസ്ത്രം ആകാശഗോളങ്ങളുടെ ചലനങ്ങളിൽ നിന്നാണ് മനുഷ്യൻ പഠിച്ചതെന്ന് ഖുർആൻ പറയുന്നു.

*"അവനത്രെ സൂര്യനെ ഉജ്ജ്വലതേജസ്സുള്ളതും ചന്ദ്രനെ പ്രകാശം പ്രതിഫലിക്കുന്നതും വർഷങ്ങളുടെ എണ്ണവും ഗണിതവും അറിയുന്നതിന് വേണ്ടി അതിന് ചന്ദ്രനും വിവിധഘട്ടങ്ങൾ നിർണ്ണയിക്കുകയും ചെയ്തിട്ടുള്ളവൻ. വ്യക്തമായ യാഥാർത്ഥ്യത്തിന് വേണ്ടിയല്ലാതെ അല്ലാഹു അത് സൃഷ്ടിച്ചിട്ടില്ല. കാര്യങ്ങൾ ഗ്രഹിക്കുന്ന ജനങ്ങൾക്ക് വേണ്ടി അവൻ ദൃഷ്ടാന്തങ്ങൾ വിശദീകരിക്കുന്നു. (10:6).*

## നക്ഷത്രങ്ങളുടെ വികാസസങ്കോചങ്ങൾ

*"അല്ല നക്ഷത്രത്തിൽ പതനസ്ഥാനങ്ങളെകൊണ്ട് ഞാൻ സത്യം ചെയ്യുന്നു. നിങ്ങൾ അറിയുന്നെങ്കിൽ അതൊരു മഹത്തായ സത്യം തന്നെയാണ്." (56:76-77)*

നക്ഷത്രങ്ങൾ മാത്രമല്ല കോടാനുകോടി നക്ഷത്രങ്ങൾ അടങ്ങുന്ന അനേകം ഗാലക്സികൾ മൊത്തം അഥവാ ഈ പ്രപഞ്ചം തന്നെ നശിക്കുമെന്ന് വിശുദ്ധ ഖുർആൻ പ്രസ്താവിക്കുന്നു.

*"അവിശ്വാസികൾ കാണുന്നില്ലേ ആകാശവും ഭൂമിയും പരസ്പരം ഒട്ടിപ്പിടിച്ചതായിരുന്നു. പിന്നെ നാം അവയെ വേർപെടുത്തുകയും"* (21:31 അൽ അമ്പിയാഅ്) ഇവിടെ വളരെ ശ്രദ്ധേയങ്ങളായ പരാമർശം ആദ്യം

*(ശേഷം 37-ാം പേജിൽ)*

# മൂസാനബിയുടെ ഫിർഔൻ: ഒരാളോ, രണ്ടുപേരോ?

എ.എം. മുഹമ്മദ് സലീം

## മുസാനബി (അ) തന്റെ ജീവിതത്തിൽ രണ്ട് ഫിർഔൻമാരെ അഭിമുഖീകരിച്ചിരുന്നുവോ? ബൈബിളും ഖുർആനും എന്ത് പറയുന്നു?

ഈജിപ്ഷ്യൻ സ്വേഛാധിപതി ഫിർഔന്റെ അടിമത്വത്തിൽ കഴിഞ്ഞിരുന്ന ഇസ്രയേൽ ജനതയെ മൂസാ നബി(അ) മോചിപ്പിച്ച് ഫലസ്തിനിനെ ലക്ഷ്യമാക്കി പ്രയാണം ചെയ്ത ചരിത്രം ബൈബിളും ഖുർആനും വലിയ പ്രാധാന്യം നൽകിയാണ് അവതരിപ്പിക്കുന്നത്. അതുകൊണ്ട് തന്നെ ജൂത ക്രൈസ്തവ ഇസ്‌ലാം മതങ്ങളിൽ ഈ ചരിത്രം വളരേയേറെ പ്രാധാന്യം നേടുകയും വമ്പിച്ച തോതിൽ ഈ മതങ്ങളെ സ്വാധീനിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ, മൂസാനബി (അ) അഭിമുഖീകരിച്ച ഫിർഔൻ ആരായിരുന്നു? എന്ന ചരിത്രപ്രശ്നം ഒരു വിവാദമായി തുടരുകയാണ്. ഈ ലേഖനത്തിൽ ഇതിനു മുമ്പ് പല സന്ദർഭങ്ങളിലും പ്രതിപാദിച്ചത് പോലെ ബൈബിൾ ഈ പ്രശ്നത്തിലും ആശയക്കുഴപ്പവും അവ്യക്തതകളും പരസ്പര വൈരുദ്ധ്യങ്ങളും സൃഷ്ടിക്കുന്നു.

മോശെയെ പോറ്റി വളർത്തിയ ഫറോവയും പിൽക്കാലത്ത് മോശെ ഇസ്രയേലികളെ മോചിപ്പിച്ച് ഈജിപ്ത് വിടുന്ന കാലത്തെ അഥവാ പുറപ്പാടിന്റെ കാലത്തെ ഫറോവയും രണ്ട് ഫറോവമാരായിരുന്നു എന്ന സൂചനയാണ് ബൈബിൽ നൽകുന്നത്. മോശയെ പോറ്റി വളർത്തിയ മർദ്ദകനായ ഫിർഔൻ (The Pharaoh of the Oppression) അഥവാ രംസീസ് രണ്ടാമനും, മോശെയുടെ ഈജിപ്തിൽ നിന്നും ഫലസ്തിനിലേക്കുള്ള പുറപ്പാടിന്റെ കാലത്തെ ഫറോവ (Pharaoh of Exods) രംസീസിന്റെ പുത്രൻ അഥവാ മെർണെപ്ത് ആയിരുന്നുവെന്നുമാണ് ബൈബിൾ പറയുന്നത്. ബൈബിൾ പണ്ഡിതന്മാരുടെ ഈ അഭിപ്രായത്തെ സ്വീകരിച്ചുകൊണ്ട് ധാരാളം ഖുർആൻ വ്യാഖ്യാതാക്കളും ഇങ്ങിനെ അഭിപ്രായം പറഞ്ഞിട്ടുണ്ട്. എന്നാൽ നിരവധി സന്നിഗ്ദ്ധതകളും ആശയക്കുഴപ്പങ്ങളുമുള്ള ഈജിപ്ഷ്യൻ ഇസ്രായേൽ ചരിത്രത്തിന് പുതിയ ദിശാബോ ധം നൽകികൊണ്ട് അഹ്മദിയ്യാ ഖലീഫയായിരുന്ന ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് മർദ്ദകനായ ഫറോവയും പുറപ്പാട് കാലത്തെ ഫറോവയും ദീർഘായുഷ്മാനായ ഒരാൾ തന്നെയാണെന്ന് ഖുർആനിക വീക്ഷണത്തിൽ തന്റെ Revealation Rationality Knowledge & Truth എന്ന പുസ്തകത്തിൽ അഭിപ്രായപ്പെട്ടിട്ടുണ്ട് എന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്.

### മദ്‌യൻ വാസവും ഫറോവയുടെ മരണവും

ഈജിപ്തിൽ ഫിർഔന്റെ കൊട്ടാരത്തിൽ കഴിഞ്ഞിരുന്ന മൂസാ നബി(അ) ഈജിപ്ത് വിട്ടു മദ്‌യൻ ദേശത്തേക്കു പോകുകയുണ്ടായി. മദ്‌യൻ ദേശം ചെങ്കടലിനടുത്തുള്ള ഒരു പ്രദേശമായിരുന്നു. മദ്‌യനിലേക്ക് മൂസാ നബി (അ) പോകാനുണ്ടായ കാരണം ഖുർആൻ വിവരിക്കുന്നു:

***'പട്ടണവാസികൾ അശ്രദ്ധരായിരുന്ന അവസരത്തിൽ അദ്ദേഹം (മൂസാ) അതിൽ (പട്ടണത്തിൽ) കടന്നുചെന്നു. അപ്പോൾ അവിടെ രണ്ടുപേർ പരസ്പരം അടിപിടികൂടുന്നതായി അദ്ദേഹം കണ്ടെത്തി. ഒരുത്തൻ അദ്ദേഹത്തിന്റെ കക്ഷിയിൽ പെട്ടവനും അപരൻ അദ്ദേഹത്തിന്റെ ശത്രുക്കളിൽ പെട്ടവനുമാണ്. അപ്പോൾ തന്റെ കക്ഷിയിൽപ്പെട്ടവൻ തന്റെ ശത്രുക്കളിൽപ്പെട്ടവർക്കെതിരായി അദ്ദേഹത്തോട് (മൂസയോട്) സഹായം അഭ്യർത്ഥിച്ചു. ഉടനെ അവനെ മൂസ മുഷ്ടി ചുരുട്ടി ഇടിച്ചു. അങ്ങിനെ അതവന്റെ കഥകഴിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: ഇത് പിശാചിന്റെ ചെയ്തികളിൽ പെട്ടതാണ്..... തീർച്ചയായും അവൻ വഴിപിഴപ്പിക്കുന്ന പ്രത്യക്ഷ ശത്രുവാണ്. അതിനാൽ ഭയവിഹ്വലനായി അങ്ങുമിങ്ങും നോക്കിക്കൊണ്ട് (മൂസ) പുറപ്പെട്ടുപോയി. മദ്‌യന്റെ ഭാഗത്തേക്ക് യാത്ര തിരിച്ചപ്പോൾ അദ്ദേഹം പറഞ്ഞു. എന്റെ നാഥൻ എന്നെ നേർമാർഗ്ഗത്തിൽ***

ആൻ പറയുന്നു.

***'അക്രമികളായ ജനതയുടെ അടുക്കലേക്ക് പോവുക' എന്ന് നിന്റെ നാഥൻ മൂസായെ വിളിച്ചു പറഞ്ഞ സന്ദർഭം സ്മരണീയമാണ്. അതായത് ഫിർഔന്റെ ജനതയുടെ അടുക്കലേക്ക്. അവരെന്തേ സൂക്ഷ്മത കൈകൊള്ളുന്നില്ല? അദ്ദേഹം (മൂസ) പറഞ്ഞു. 'എന്റെ നാഥാ! അവരെന്നെ നിഷേധിച്ചുതള്ളിക്കളയുമെന്ന് ഞാൻ ഭയപ്പെടുന്നു. എന്റെ നെഞ്ച് ഇടുങ്ങിഞെരുങ്ങുന്നു. എന്റെ നാവ് സ്വതന്ത്രമായി ചലിക്കുന്നില്ല. അതുകൊണ്ട് (എന്റെ കൂടെ) ഹാറൂനെ നിയോഗിച്ചാലും എന്റെ മേൽ അവർക്ക് ഒരു കുറ്റാരോപണമുണ്ട് അതിനാൽ അവരെന്നെ വധിച്ചേക്കുമെന്ന് ഞാൻ ഭയപ്പെടുന്നു. (26:12–15)***

ഖുർആനിലൊരിടത്തും മൂസാ നബിയുടെ കാലത്ത് ഒരു രാജാവ് മരിച്ച് പകരം മറ്റൊരു രാജാവിന്റെ അധികാരമാറ്റത്തെ പറ്റി പരാമർശമോ സൂചനയോ ഇല്ല. ഇതിനെപറ്റി ഖുർആൻ എന്തുപറയുന്നുവെന്നു നോക്കാം.

***“സത്യവിശ്വാസികളായ ജനങ്ങൾക്ക് വേണ്ടി മൂസായുടെയും ഫിർഔന്റെയും വൃത്താന്തങ്ങളിൽ ചിലത് സത്യമായ നിലയിൽ നാം നിനക്ക് ഓതികേൾക്കിപ്പിച്ചുതരാം. ഫിർഔൻ നാട്ടിൽ അഹംഭാവം കാണിച്ചു. അവിടത്തെ നിവാസികളെ വിവിധ കക്ഷികളാക്കി തീർത്തു. അവരിൽ നിന്നുള്ള ഒരുവിഭാഗത്തിന്റെ ആൺ സന്താനങ്ങളെ അറുകൊല ചെയ്തുകൊണ്ടും അവരുടെ സ്ത്രീകളെ ജീവിക്കാൻ വിട്ടുകൊണ്ടും അവരെ അവർ ബലഹീനരാക്കി നിറുത്തുകയായിരുന്നു. തീർച്ചയായും അവൻ നാശകാരികളിൽപ്പെട്ടവനായിരുന്നു. ആ നാട്ടിൽ ബലഹീനരായി നിറുത്തപ്പെട്ടവർക്ക് ഔദാര്യം ചെയ്യുകയും അവരെ ആത്മീയ നേതാക്കളും അവകാശികളുമാക്കിതീർക്കുകയും ചെയ്യാൻ നാം ഉദ്ദേശിക്കുന്നു. ഭൂമിയിൽ അവ***

ത്തിന്റെ അടിസ്ഥാനം പല മുസ്‌ലിം പണ്ഡിതന്മാരും ഈ അഭിപ്രായം സ്വീകരിച്ചവരാണ്. ഖുർആനിലെ നിരവധി ശാസ്ത്രീയ വസ്തുതകളും ചരിത്രസത്യങ്ങളും ബൈബിളിനേക്കാൾ സത്യസന്ധവും യുക്തിസഹവുമാണെന്ന് സമർത്ഥിച്ചുകൊണ്ട് 'The Bible, The Quaran and Science' എന്ന പുസ്തകമെഴുതിയ മൗറിസ് ബുക്കായി ബൈബിളിന്റെ മോശെയുടെ കാലഘട്ടത്തിലെ രണ്ട് ഫിർഔൻമാർ എന്ന സിദ്ധാന്തത്തെ അംഗീകരിക്കുയാണ് ചെയ്യുന്നത്.

ഈജിപ്തിലേക്ക് തിരിച്ചുപോയ മോശെയുടെ യാത്രക്ക് കാരണമായി ബൈബിൾ ഒരു കല്പിതകഥ പറഞ്ഞതാവാനാണ് സാധ്യത. മോശെയുടെ ജനത നിലകൊള്ളുന്ന ഈജിപ്തിൽ തന്റെ ദിവ്യദൗത്യം പ്രേഷണം ചെയ്യാൻ അവിടുത്തെ രാജാവ് മരിക്കുന്നത് വരെ കാത്തിരുന്നു എന്ന വസ്തുത അംഗീകരിക്കാൻ സാധ്യമല്ല. അതുപോലെ ബൈബിൾ പറയുന്നത്പ്രകാരം ഈജിപ്തിലെ മർദ്ദകനും മോശെയുടെ മേൽകുറ്റാരോപണം ചെയ്തയാളുമായ ഫറോവ മരിച്ചു എന്ന വിവരം മോശെ അറിഞ്ഞെങ്കിൽ എന്തുകൊണ്ട് അദ്ദേഹം ആ വിവരം അറിഞ്ഞയുടൻ ഈജിപ്തിലേക്ക് പോയില്ല. ബൈബിളിൽ അദ്ദേഹം ഈ വിവരമറിഞ്ഞ് വളരെ കഴിഞ്ഞതിന് ശേഷമാണ് ഈജിപ്തിലേക്ക് പുറപ്പെടുന്നത്. മോശെയുടെ പേരിൽ കൊലപാതക കുറ്റം ചുമത്തിയത് കൊണ്ടാണ് അദ്ദേഹം ഈജിപ്ത് വിട്ട് മദ്‌യനിലെത്തിയത്. ഒരു രാജാവ് മരിച്ചാൽ ഇത്തരം കുറ്റത്തിൽ നിന്നും ഒരാൾ കുറ്റവിമുക്തക്കപ്പെടുമെന്ന് ആ രാജ്യത്ത് സ്വചരന്ദസഞ്ചാരം ചെയ്യാമെന്നും കരുതുവാൻ പറ്റുമോ? ബൈബിളിൽ മോശെ വളരെ നിർഭയനായി കൊണ്ട് ഭാര്യയും കുട്ടികളുമടക്കം ഈജ്പ്തിലേക്ക് പുറപ്പെടുന്ന രംഗമാണ് കാണുന്നത്. എന്നാൽ ഖുർആനിൽ മൂസാനബിയോട് ഈജ്പ്തിലേക്ക് പോകാൻ കല്പിക്കപ്പെട്ടപ്പോൾ അദ്ദേഹം ഭയചകിതനാക്കുയാണുണ്ടായത്. ഖുർ

***നയിച്ചേക്കാം.' (28:16–23)***

തന്നിൽ നിന്നും വന്ന ഈ കൈപിഴ നാട്ടിൽ പരക്കുകയും ഫിർഔൻ ഈ സംഭവം അറിയുകയും ചെയ്തു. അതിൽ പരിഭ്രാന്തരായ മൂസാ നബി (അ) ഈജിപ്ത് വിട്ട് മദ്‌യൻ ദേശത്തേക്ക് പോകുകയാണുണ്ടായത്. അങ്ങിനെ മദ്‌യൻ ദേശത്ത് മൂസാനബി (അ) എത്തിയപ്പോൾ രണ്ടു സ്ത്രീകളെ വെള്ളം കോരുവാൻ സഹായിച്ചു. ഇവർ ഏഴു സ്ത്രീകളായിരുന്നു എന്നാണ് ബൈബിളിൽ കാണുന്നത്. (പുറ:2:16). അങ്ങിനെ അവരുടെ പിതാവിന്റെ അഭ്യർത്ഥന പ്രകാരം അവരിൽ ഒരുവളെ വിവാഹം കഴിക്കുകയും മദ്‌യനിൽ താമസിക്കുകയും ചെയ്തുവരികയായിരുന്നു. മദ്‌യനിൽ നിന്നും അദ്ദേഹം ഈജിപ്തിലേക്ക് മടങ്ങാനുണ്ടായ കാരണം ഈജിപ്തിലെ മോശെയുടെ വളർത്തച്ഛനും മർദ്ദകനുമായ ഫറോവ മരണപ്പെട്ടത് കൊണ്ടാണെന്ന് ബൈബിൾ പറയുന്നത്. ബൈബിൾ വിവരം ഇപ്രകാരമാണ്.

***'ഏറെ നാളുകൾക്ക്ശേഷം ഈജിപ്ത് രാജാവു മരിച്ചു. ഇസ്രയേൽ ജനം അപ്പോഴും അടിമത്വത്തിൽ ഞെരുങ്ങി സഹായത്തിനു വേണ്ടി നിലവിളിക്കുകയായിരുന്നു. അടിമത്തത്തിൽ നിന്നുള്ള അവരുടെ നിലവിളി ദൈവസന്നിധിയിൽ എത്തി ദൈവം അവരുടെ നിലവിളി കേട്ടു. (പുറ:2:23) മിദ്വാനിൽ വെച്ചു കർത്താവ് മോശെയോട് അരുൾ ചെയ്തു: 'ഈജിപ്തിലേക്ക് മടങ്ങൂ. നിന്നെ കൊല്ലാൻ ശ്രമിച്ചവരെല്ലാം മരിച്ചുപോയി അങ്ങനെ മോശെ ഭാര്യയേയും കുട്ടികളെയും ഒരു കഴുതപ്പുറത്തു കയറ്റി ഈജിപ്തിലേക്ക് യാത്ര തിരിച്ചു. (പുറ:4:19, 20)***

ബൈബിളിന്റെ പ്രസ്തുത പരാമർശത്തിലാണ്. മർദ്ദകനായ ഫറോവ അഥവാ രംസിസ് രണ്ടാമൻ മരണപ്പെട്ടുവെന്നും അദ്ദേഹത്തിന്റെ മകൻ മെർണെപ്ത് ഫറോവയുടെ കാലത്താണ് മോശെ ഈജിപ്തിലേക്ക് തിരിച്ചുവന്നതെന്നുമുള്ള സിദ്ധാന്ത

*ർക്ക് സ്വാധീനം നൽകണമെന്നും ഫിർഔനും ഹാമാനും അവരുടെ സൈന്യങ്ങളും അവരിൽ നിന്ന് (ആ ബല ഹീനരിൽ നിന്ന്) ഭയപ്പെടുകയായിരുന്ന കാര്യം അവർക്ക് കാണിച്ചുകൊടുക്കണമെന്നും നാം ഉദ്ദേശിക്കു ന്നു.' (28:4-7). 'നിങ്ങളുടെ നാഥൻ നിങ്ങളുടെ ശത്രു വിനെ (ഫിർഔനെ) നശിപ്പിക്കുകയും നിങ്ങളെ ഭൂമി യിൽ പ്രതിനിധികളാക്കുകയും ചെയ്യുന്ന സമയം ആസ ന്നമായിരിക്കുന്നു. (7:130)*

*അങ്ങനെ നിങ്ങൾ രണ്ടുപേരും ഫിർഔന്റെ അടു ക്കലേക്ക് പോയി ഞങ്ങൾ രണ്ടുപേരും സർവ്വലോക പരിപാലകന്റെ ദൂതരാണെന്ന് പറയുക. ഇസ്‌റായേൽ സന്തതികളെ ഞങ്ങളോടൊപ്പം അയച്ചുതരിക. അവൻ (ഫിർഔൻ) പറഞ്ഞു. 'ഞങ്ങളുടെ ഇടയിൽ ഒരു ശിശു വായിരുന്നപ്പോൾ ഞങ്ങൾ നിന്നെ പോറ്റി വളർത്തി യില്ലെ? നിന്റെ ആയുഷ്ക്കാലത്തിൽ നിന്ന് നീ ഞങ്ങ ളുടെ കൂടെ താമസിക്കുകയും ചെയ്തുവല്ലോ. നീ ചെയ്ത അകൃത്യം നീ ചെയ്തു. നീ നന്ദിയില്ലാത്തവ നിൽ പെട്ടവനാണ്. അദ്ദേഹം പറഞ്ഞു : യാഥാർത്ഥ്യം അറിയാത്തതായ സ്ഥിതിയിൽ ഞാൻ ചെയ്തു പോയ താണ്. എന്നിട്ട് ഞാൻ നിങ്ങളെ ഭയപ്പെട്ടപ്പോൾ, ഞാൻ നിങ്ങളിൽ നിന്നും ഓടിപ്പോയി. അപ്പോൾ എന്റെ നാഥൻ എനിക്ക് ദിവ്യജ്ഞാനം നൽകി. അവനെന്നെ ദൈവദൂതനിൽ പെട്ടവനാക്കുകയും ചെയ്തു. അത് (ശൈശവത്തിൽ താങ്കൾ എന്നെ പോറ്റി വളർത്തിയെന്ന് പറയുന്ന കാര്യം) ഇസ്‌റായേൽ സന്തതികളെ താങ്കൾ അടിമകളാക്കി വെച്ചതുകൊണ്ട് താങ്കൾ എന്റെ മേൽ ഒരു കടപ്പാടായി എടുത്തുപറയുന്ന ഒരു ഔദാര്യമാണ്. അപ്പോൾ ഫിർഔൻ ലജ്ജിച്ചു (26:17-24)*

ഇവിടെ ഉദ്ദരിച്ച ഖുർആൻ വചനങ്ങളിൽ മർദ്ദകനായ ഫിർഔന്റെ പിഡനങ്ങൾ വരച്ചുകാട്ടുകയും പിന്നീട് അദ്ദേഹം തന്നെ ശിക്ഷിക്കപ്പെടുകയും ചെയ്യുമെന്നാണ് പറയുന്നത്. അതിനിടക്ക് മറ്റൊരു ഫിർഔന്റെ അധികാര കൈമാറ്റത്തെ പറ്റി പറയുന്നില്ല. അപ്രകാരം മൂസാനബി (അ) അല്ലാഹുവിന്റെ ആജ്ഞപ്രകാരം ഫിർഔനെ സമ പീച്ചപ്പോൾ - മൂസാനബി (അ)യുടെ ശൈശവവും പോറ്റി വളർത്തിയ കാര്യവും കൊലപാതകം നടത്തിയ സംഭവു മെല്ലാം ഫിർഔൻ മൂസാനബി (അ)യെ ഓർമ്മിപ്പിക്കുന്നു. ഇതിൽ നിന്നും - അദ്ദേഹത്തെ പോറ്റിവളർത്തിയ മർദ്ദക നായ ഫിർഔൻ തന്നെയാണ്. മദ്‌യനിൽ നിന്നും ഈജി പ്തിൽ തിരിച്ചുവന്നപ്പോഴും മൂസാ നബി (അ) അഭിമുഖീ കരിച്ചതെന്ന് മനസ്സിലാക്കാം. അദ്ദേഹം തന്നെയാണ് പുറ പ്പാട് കാലത്ത് ഈജിപ്ത് വാണിരുന്നതെന്നും വ്യക്ത മായും മനസ്സിലാവുന്നു.

ബൈബിൾ പരാമർശത്തിലെ മറ്റൊരു വൈരുദ്ധ്യം. മോശെ മദ്‌യനിൽ നിന്നും തിരിച്ചെത്തി ഫറോവയോട് സംസാരിക്കുമ്പോൾ അദ്ദേഹത്തിന്റെ പ്രായം 80 വയസ്സാ ണെന്നും (പുറ :77) അദ്ദേഹം മരിക്കുന്നത്. 120 വയസ്സിലാ ണെന്നും (ആവ: 34:7) ബൈബിൾ കൃത്യമായും പറയു

Shamsudheen. A. Batheri
Mob:9447540105

പാരമ്പര്യത്തിന്റെ വിശ്വസ്ഥത

A. KUNHIAHMED

Dealer : Pesticides & Rubber
Taping materials
Main road, Mannarkkad
Ph:04924 223575
Mob : 9249984704

KRISHIMITRA

Dealer : Pesticides & Rubber
Taping Materials
Kodathippadi, Mannarkkad.
Ph:04924 - 202493
Mob : 9249998724

റബ്ബർടാപ്പിങ് സാമഗ്രികൾ, കീടനാശിനികൾ,
തുരിശ്, ഇത്തിൾ, ആസിഡ്, കുമിൾ,
കളനാശിനികൾ തുടങ്ങിയവക്ക്
സമീപിക്കുക.!!!



ന്നു. മോശെ 40 വർഷം സീനാ മരുഭൂമിയിൽ അലഞ്ഞു തിരിഞ്ഞതായും ബൈബിൾ പറയുന്നു. (സംഖ്യ: 14:33, 34) അപ്പോൾ മോശെ ഈജിപ്തിലെത്തിയ ശേഷം സുദീർഘമായ കാലയളവുകളിൽ സംഭവിച്ച ഫറോവിന്റെ മേലെ പതിച്ച 10 ശാപങ്ങൾ അരങ്ങേറാൻ സമയമെവിടെ? 80 വയസ്സിൽ ഈജിപ്തിലെത്തിയ മോശെ 40 വർഷം സീനാ മരുഭൂമിയിൽ അലയണമെങ്കിൽ മദ്‌യനിൽ നിന്നും ഈജിപ്തിലേക്ക് വന്ന വർഷം തന്നെ അദ്ദേഹം പലസ്തീനിലേക്ക് ഇസ്‌റായേലികളെ വിമോചിപ്പിച്ചുകൊണ്ടുള്ള യാത്രതിരിക്കണം. അതിനിടയിലാണ് നൈലി ലെ വെ ള്ളം ചുകപ്പ് നിറമാകൽ, തവളകൾ, ചെള്ളുകൾ, ഈച്ചകൾ എന്നിവയുടെ പെരുപ്പങ്ങൾ, മൃഗങ്ങളുടെ ചാവൽ, കുരുവും പുണ്ണും പകരൽ, ഹിമശകലവർഷം, വെട്ടുകിളിശല്യം, അന്ധകാരം മുതലായ ബൈബിളിൽ പറഞ്ഞ ദൈവികശാപങ്ങൾ ഈജിപ്തിൽ അരങ്ങേറേണ്ടത് ഇതിനെല്ലാം യഥാവിധി വരാൻ സമയമെവിടെ? ഇതിൽനിന്നും ബൈബിളിലെ വിവരങ്ങൾ പലതും വികലവും ഊഹവും ഭാവനകളുമാണെന്ന് മനസ്സിലാക്കാം.

## ദീർഘായുഷ്മാനായ ഫറോവ

ഈജിപ്തിലെ തീബ്സിൽ വെച്ചാണ് 40 മമ്മികളുടെ കൂട്ടത്തിൽ മൂസാനബി (അ) യെ പോറ്റിവളർത്തിയ മർദ്ദകനായ രംസീസ് രണ്ടാമൻ ഫറോവയുടെ മമ്മിഫൈ ചെയ്ത മൃതദേഹം കണ്ടെടുക്കപ്പെട്ടത്. ഫറോവമാരുടെ, തലസ്ഥാനമായ പുരാതന നീബ്സ് നഗരത്തിൽ മമ്മികളാക്കപ്പെട്ട ഫറോവമാരുടെ മൃതശരീരങ്ങൾക്കൊപ്പം സൂക്ഷിച്ച സ്വർണ്ണ വും വിലപിടിപ്പുള്ള ആഭരണങ്ങളും മോഷ്ടിക്കാൻ കള്ളന്മാരുടെ നിരന്തര ശല്യമുണ്ടായിരുന്നു. അതുകൊണ്ട് ക്രി. മു. 1000-ാമാണ്ടിൽ അന്നത്തെ പുരോഹിതന്മാർ രണ്ട് ഒളിയറകളിൽ സൂക്ഷിക്കുകയുണ്ടായി. അവിടെ വെച്ച് 1881ലാണ് രംസീസ് രണ്ടാമൻ ഫറോവയുടെ മമ്മി കണ്ടെത്തിയത്. മമ്മിയുടെ പഠനത്തിൽ നിന്നും രംസിസ് ഫറോവ വൃദ്ധനായാണ് മരിച്ചതെന്ന് തെളിഞ്ഞു. ഇത് ഖുർആന്റെ ഒരു പ്രവചനത്തിന്റെ അത്ഭുതകരമായ പുലർച്ച കൂടിയാണ്. 1400 വർഷങ്ങൾക്ക് മുമ്പ് ഖുർആൻ പറഞ്ഞു: ***'അതിനാൽ നിന്റെ (ഫിർഔന്റെ) ജഡത്താൽ നാം ഇന്ന് നിന്നെ രക്ഷപ്പെടുത്തുന്നു. നിന്റെ പുറകെയുള്ളവർക്ക് നീ ഒരു ദൃഷ്ടാന്തമായിരിക്കാൻ വേണ്ടി. തീർച്ചയായും മനുഷ്യരിൽ അധികപേരും നമ്മുടെ ദൃഷ്ടാന്തങ്ങളെകുറിച്ച് അശ്രദ്ധരാണ്." (10:93).*** ഫറോവന്റെ അന്ത്യത്തെപ്പറ്റി ബൈബിളിലെ വിവരണം ***'ഫറോവയുടെ രഥങ്ങളേയും സൈന്യത്തേയും അവൻ (കർത്താവ്) കടലിൽ എറിഞ്ഞു.' (പുറ 15:4).*** എന്ന് മാത്രമാണ് ബൈബിൾ പരാമർശം. വാസ്തവത്തിൽ ഫിർഔൻ കടലിൽ മുങ്ങി മരിച്ചിട്ടില്ല. ആ വിഷയത്തെപറ്റി പിന്നീട് പ്രതിപാദിക്കാം.

ഒരു കാര്യം കൂടി ഇവിടെ പ്രത്യേകം ഓർക്കേണ്ടതുണ്ട്. 1881ൽ തീബ്സിലെ ദേർ അൽ ബഹാരിയിൽ വെച്ച് രംസിസ് ഫറോവയുടെ മമ്മി ഒരു കൂട്ടം മമ്മികളുടെ കൂട്ടത്തിൽ നിന്നും കണ്ടെടുക്കപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ മകനായ മർണെപ്ത് ഫറോവയുടെ മമ്മി അക്കൂട്ടത്തിൽ ഇല്ലായിരുന്നു. അപ്പോൾ ബൈബിൾ പണ്ഡിതന്മാർ അത് ബൈബിൾ വിവരണത്തിന്റെ ഒരു തെളിവാണെന്ന് അവകാശപ്പെട്ടിരുന്നു. കാരണം പുറപ്പാടിൽ മോശെയെ പിന്തുടർന്ന ഫറോവ രംസിസിന്റെ മകൻ മർണെപ്ത് ആണ് ബൈബിൾ വിവരണ പ്രകാരം ആഫ്റോവ മോസസ് ചെങ്കടൽ കടന്നതിനുശേഷം പിളർന്ന കടലിൽ കുടുങ്ങി മുങ്ങിമരിച്ചു നശിച്ചു പോയതിനാലാണ് മമ്മിയാക്കാൻ മൃ തദേഹം കിട്ടാത്തതെന്നും വാദിച്ചിരുന്നു. പക്ഷേ 1898ൽ 'രാജാക്കന്മാരുടെ താഴ്‌വര' എന്ന സ്ഥലത്ത് അടക്കം ചെയ്ത അമെൻ ഹൊട്ടെപ്ത് രണ്ടാമന്റെ ശവകുടീരത്തിൽ നിന്നും രംസിസിന്റെ മകൻ മർണെപ്ത് ഫറോവയുടെ മമ്മി ലഭിച്ചതോടെ ആ അവകാശവാദം പൊളിഞ്ഞു. 'The Chronicle of Pharaohs' by Clayton P A P. 158 എന്ന പുസ്തകത്തിൽ ഇതിനെ പറ്റി പരാമർശമുണ്ട്.

ഇവിടെ ദീർഷായുഷ്മാനായ ഫിർഔന്റെ ആയുസ്സ് ഏകദേശം ഖുർആൻ സൂചനകളുപയോഗിച്ച് നമുക്ക് ഗണിച്ചെടുക്കാം. ഇതുസംബന്ധിച്ച് ഇറാഖ് വംശജനായ Dr. Louay Fatoohi, Prof. Shetha Al - Dargazell യും ചേർ ന്നെഴുതിയ History Testifies to the Inf allibility of the Quran എന്ന ഗ്രന്ഥത്തിൽ കൊടുത്ത വിവരണങ്ങൾ ശ്രദ്ധേയവും കൗതുകകരവമാണ്.

ഫിർഔന്റെ ദീർഘായുസ്സ് സ്ഥാപിക്കാൻ ഖുർആന്റെ വിവരണങ്ങളിൽ നിന്നും മൂസാനബിയുടെ ജനനം മുതൽ പുറപ്പാട് വരെയുള്ള കാലഗണന അവർ ഗണിച്ചെടുത്തതിന്റെ ചുരുക്കം ഇങ്ങിനെയാണ്. ഒന്നാമതായി മൂസാനബി(അ)യുടെ ജനനത്തിന് മുമ്പുള്ള ഫിർഔന്റെ വയസ്സ്. പിന്നെ മൂസാനബി(അ)യുടെ ജനനം മുതൽ ഈജിപ്ത് വിട്ട് മദ്‌യൻ ദേശത്തേക്ക് പോകുന്നത് വരെയുള്ള പ്രായം പിന്നെ മദ്‌യൻ ദേശത്ത് ചിലവഴിച്ച ഈജ്പ്തിലേക്ക് തിരിച്ചുവരുന്നത് വരെയുള്ള കാലം പിന്നീട് പുറപ്പാടിന്റെ സമയം വരെ ഈജിപ്തിൽ കഴിച്ച പലവിധ ശാപങ്ങളുമിറങ്ങുന്ന കാലം. മൂസാ നബി (അ)യുടെ ഈ ജീവിതഘട്ടങ്ങളെ വിവരിക്കുന്ന അതിസൂക്ഷ്മമായ അറബി ശൈലികളും അത് മറ്റു സ്ഥലങ്ങളിൽ ആവർത്തിച്ച രീതിയും ഭാഷാപരമായി വിശകലനം ചെയ്തുകൊണ്ടാണ് അവർ മുസാ നബി (അ) പ്രായം നിർണ്ണയിക്കുന്നത്. അതു വഴി ഫിർഔന്റെ പ്രായം കണക്കാക്കുന്നതും. ബൈബിളിന്റെ ഭാഷക്ക് ഇത്തരത്തിലുള്ള ഒരു തനിമയോ, ഭാഷാപരമായ ഗഹനതോ, അർത്ഥധ്വനികളോ, ഇല്ലാത്തതിനാൽ ഇത്തരം ചരിത്ര ശൂന്യതകളെ പൂരിപ്പിക്കാൻ അത് പര്യാപ്തമാവാതെ വരുന്നു. (തുടരും)

# ജിഹാദ്

ഏ.പി. കുഞ്ഞാമു

**ജിഹാദ് എന്നാൽ ദേഹേച്ഛകളോടും സ്വന്തം ആത്മാവിനോടും ഒരാൾ ചെയ്യുന്ന സമരമെന്നാണർത്ഥം. സായുധസമരം എന്നത് അതിന്റെ വിദൂരാർത്ഥം മാത്രമാണ്.**

ജിഹാദ് എന്ന വിഷയത്തെ സംബന്ധിച്ച് ഇസ്ലാമീക ദൈവശാസ്ത്രത്തിലും, മുസ്ലിം ജനസാമാന്യത്തിനിടയിലും അമുസ്ലിംകൾക്കിടയിലും കടന്നുകൂടിയ തെറ്റായ ധാരണകളെ തിരുത്തുവാനും, ജിഹാദിന്റെ യാഥാർത്ഥ്യം വെളിപ്പെടുത്തി കൊടുക്കാനും ഏറ്റവും കൂടുതൽ അദ്ധ്വാനിച്ച ഒരു പ്രസ്ഥാനമാണ് അഹ്മദിയ്യാ മുസ്ലിം ജമാഅത്ത്. ആധുനിക കാലത്തെ സംഘർഷഭരിതമായ രാഷ്ട്രീയാന്തരീക്ഷത്തിൽ ജിഹാദ് ചർച്ചക്കുള്ള പ്രസക്തി കൂടുതൽ വർദ്ധിച്ചിരിക്കുകയാണ്.

മുസ്ലിംകളിൽ ബഹുഭൂരിപക്ഷം ആളുകളും ജിഹാദിനെ മതത്തിന്ന് വേണ്ടിയുള്ള യുദ്ധമായിട്ടാണ് വ്യാഖ്യാനിക്കുന്നത്. ഇങ്ങനെ ജിഹാദിനെ സംബന്ധിച്ച് തെറ്റായ ധാരണകൾ മുസ്ലിംകളിൽ വേര് പിടിച്ച സമയത്താണ് അവരുടെ നിഗമനങ്ങളെ തീർത്തും നിരാശപ്പെടുത്തിക്കൊണ്ടു അല്ലാഹുവിൽ നിന്ന് തന്നെ ഒരാൾ വന്ന് കൊണ്ട് ഈ ധാരണകളെ തിരുത്തിയത്. ആ ഒരൊറ്റ കാരണത്താൽ മുസ്ലിം ലോകം മുഴുവനും ഭ്രഷ്ടും കുഫ്റ് ഫത്വകളുമായി ആ സത്യാത്മാവിന്റെ നേരെ തിരിഞ്ഞു. അദ്ദേഹം "ജിഹാദി"നെ റദ്ദാക്കി എന്നു പറഞ്ഞു അദ്ദേഹത്തെ കാഫിറായി പ്രഖ്യാപിക്കുകയുണ്ടായി. ഇന്നും അഹ്മദികളെ അവർ ജിഹാദിനെ നിഷേധിക്കുന്നുവരാണെന്ന് ആക്ഷേപിച്ചുകൊണ്ടിരിക്കുന്നു. അതിനുള്ള കാരണം അവർ ഉദ്ദേശിക്കുന്ന രൂപത്തിലുള്ള ഒരു അർത്ഥസങ്കല്പം ജിഹാദിന് അഹ്മദികൾ നൽകുന്നില്ല എന്നതുകൊണ്ടാണ്. ഞാൻ വന്നുകൊണ്ട് മതയുദ്ധം അവസാനിപ്പിച്ചതായി പ്രഖ്യാപിക്കുന്നു എന്നാണ് ഹദ്റത്ത് അഹ്മദ് (അ) ലോകത്തോടു പ്രഖ്യാപിച്ചത്. ഇന്നു മുസ്ലിം ലോകത്ത് നടമാടുന്ന മനുഷ്യബോംബുവരെ ജിഹാദായിട്ടാണ് വ്യാഖ്യാനിക്കപ്പെടുന്നത്. നിരപരാധികളായ വ്യക്തികൾ അതു മുഖേന കൊല്ലപ്പെടുന്നു. അങ്ങിനെ ഒരുപാടു പേരെ കൊല്ലുന്നതു മുഖേന സമൂഹത്തിൽ അനാഥരായ കുട്ടികളും വിധവകളും വർദ്ധിക്കുന്നു. ഇതിന്റെ ഫലമായി അവർ സൃഷ്ടിക്കുന്ന അപരിഹാര്യമായ മനുഷ്യദുഃഖങ്ങളെ കുറിച്ച് അവർ ഓർക്കുന്നില്ല. ഇങ്ങിനെ ഒരുപാടു പേരെ വഴിയാധാരമാക്കുക വഴി ഈ മനുഷ്യബോംബിലൂടെ സ്വർഗ്ഗം ലഭിക്കുമെന്നാണ് അവരുടെ വിശ്വാസം. ഇവർ മനസ്സിലാക്കുന്ന ദൈവത്തെ കാരുണ്യവാനാണെന്ന് പറയാൻ സാധിക്കുമോ? ദൈവത്തെ ആരാധിക്കുവാനും സമസൃഷ്ടികൾക്ക് സേവനം ചെയ്യുവാനുമാണ് അല്ലാഹു മനുഷ്യരെ സൃഷ്ടിച്ചതെങ്കിൽ ഇവർ എന്താണു ചെയ്യുന്നത്?

ജിഹാദിനെക്കുറിച്ചുള്ള ഇവരുടെ ധാരണ അനിസ് ലാമികവും കിരാതവുമാണ്. ഇതിനെ തിരുത്താനും കൂടിയാണ് മുസ്ലിംകൾക്ക് വാഗ്ദാനം ചെയ്ത മഹ്ദി മസീഹ് വന്നിരിക്കുന്നത്. അദ്ദേഹത്തിന്റെ തൂലികയിൽ കൂടി ഇതു സംബന്ധിച്ച നിരവധി ലേഖനങ്ങൾ പുറത്തുവരുകയും മുസ്ലിംകളിൽ വിദ്യാസമ്പന്നരായ ആളുകൾ അതിൽ ആകൃഷ്ടരാവുകയും അവരും ഈ ഉദ്യമത്തിൽ പങ്കാളികളാവുകയും ചെയ്തതു കൊണ്ടു ജിഹാദിനെ സംബന്ധിച്ച മുസ്ലിംകളിലുള്ള അബദ്ധധാരണകൾ കുറേയെങ്കിലും ഇല്ലാതാക്കാൻ സാധിച്ചു. മറ്റു മതസ്ഥർക്ക് എതിരിലും സ്വമതത്തിൽ തന്നെയുള്ള അവാന്തരകക്ഷികൾക്കെതിരിലും മുല്ലമാർ ജിഹാദിന് ആഹ്വാനം ചെയ്തുകൊണ്ടു യുവാക്കളിൽ ആവേശം കുത്തിവെക്കുന്നതുകൊണ്ടാണ് ഇന്നു കാണുന്ന ഭീകരവാദങ്ങൾ പിറന്നുവീഴുന്നത്. ഇതിനെതിരെ യുവാ

അദ്ധ്യാപന പ്രകാരം ''ജിഹാദ്'' എന്നത് ഒരു മനുഷ്യനിലുള്ള പൈശാചികചിന്തകൾക്കും പ്രവർത്തനങ്ങൾക്കും എതിരെയുള്ള അവന്റെ കഠിനപരിശ്രമമാണ്. ഇതാണ് ഏറ്റവും വലിയ "ജിഹാദാ"യി തിരുമേനി (സ) പഠിപ്പിച്ചത്. അതിനുശേഷം അതിൽ കുറഞ്ഞ ''ജിഹാദാ''ണ് അവന്റെ സമീപത്തുള്ളവരെ തിരുത്തുക എന്നത്. എന്നാൽ ഇതിനെയാണ് മറ്റുള്ളവർ മുഖ്യമായും ജിഹാദ് അഥവാ ഹോളി വാർ ആയി ചിത്രീകരിക്കുന്നത്.

ഇസ്‌ലാം ഒരു പ്രകാരത്തിലും കടന്നാക്രമണം അനുവദിക്കുന്നില്ല. അവർക്ക് പ്രതിരോധ യുദ്ധം മാത്രമാണ് അനുവദിച്ചിച്ചത്. *''യുദ്ധം ചെയ്യപ്പെടുന്നവർക്ക് എതിരെ തിരിച്ചും യുദ്ധം ചെയ്യുവാൻ അനുമതി നൽകപ്പെട്ടിരിക്കുന്നു. എന്തെന്നാൽ അവർ അക്രമിക്കപ്പെട്ടിരിക്കുകയാണ്.* (22:40). ഈ വാക്യം വളരെ വ്യക്തമായി മനസ്സിലാക്കിത്തരുന്നത് അക്രമിക്കപ്പെടുമ്പോൾ പ്രതിരോധിക്കാനുള്ള അനുവാദം മാത്രമാണ് നൽകപ്പെട്ടത് എന്നാണ്. ഇസ്‌ലാമിൽ അവരുടെ മാത്രം സമാധാനത്തിന് വേണ്ടി മാത്രമല്ല, മറ്റു സഹോദരസമുദായങ്ങളുടെ സമാധാനജീവിതത്തിന് വേണ്ടിയും ശ്രമിക്കാനുള്ള ആഹ്വാനം കാണാവുന്നതാണ്. *"മനുഷ്യരിൽ ചിലർക്ക് മറ്റു ചിലരിൽ നിന്നുള്ള അക്രമത്തിൽ നിന്ന് സ്വയം രക്ഷിക്കുന്നതിന് അല്ലാഹു അനുമതി നൽകിയില്ലായിരുന്നുവെങ്കിൽ സന്യാസിമഠങ്ങളും, ക്രിസ്തീയദേവാലയങ്ങളും, ജൂതപള്ളികളും മുസ്‌ലിംപള്ളികളും എല്ലാം തകർക്കപ്പെടുമായിരുന്നു. അവയിൽ വെച്ചു അല്ലാഹുവിന്റെ നാമം ധാരാളമായി അനുസ്മരിക്കപ്പെടുന്നു* (22:41). ഇതു മനസ്സിലാക്കിത്തരുന്നത് അമ്പലങ്ങളും ക്രിസ്തീയ ദേവാലയങ്ങളും യഹൂദ ദേവാലയങ്ങളും സംരക്ഷിക്കേണ്ട ബാദ്ധ്യതകൂടി മുസ്‌ലിംക ൾക്കുണ്ട് എന്നാണ്. പിന്നെ തീവ്രവാദത്തിനുള്ള സ്ഥാനം എവിടെ? ഒരു പ്രതി്രത്യേക സഹായത്തോടെ വിശ്വാസികൾ വിജയിച്ചു. അതിന്ശേഷവും പല യുദ്ധങ്ങളും അരങ്ങേറി. അതെല്ലാം തന്നെ ശത്രുക്കൾ മുസ്‌ലിംകളെ ഇങ്ങോട്ട് ആക്രമിക്കുകയായിരുന്നു. ധർമ്മയുദ്ധത്തിൽ ഏർപ്പെട്ടാൽ മുഖം തിരിക്കാതെ അതിൽ വ്യാപൃതമാകണമെന്നാണ് വിശുദ്ധ ഖുർആന്റെ പാഠം. അതു സമാധാനത്തിൽ കഴിയുന്നവരോടാകാൻ പാടില്ല.

ഈ കാലഘട്ടത്തിൽ തീവ്രവാദത്തെ 'ജിഹാദായി' ചിത്രീകരിക്കപ്പെട്ടിരിക്കയാണ്. ഇസ്‌ലാമിൽ തീവ്രവാദവും, ഭീകരവാദവുമില്ല. ബോംബോടുകൂടിയുള്ള ആത്മഹത്യ ചെയ്ത് നിരപരാധികളായ പൊതുജനങ്ങളെ കൂട്ടക്കൊല നടത്തുന്നത് ഒരു പ്രകാരത്തിലും ഇസ്‌ലാമിൽ അനുവദനീയമല്ല. "നിങ്ങൾ നിങ്ങളെ തന്നെ വധിക്കരുത്. തീർച്ചയായും, അല്ലാഹു നിങ്ങളോടു വളരെയേറെ കരുണയുള്ളവനാക്കുന്നു. (4:3) "നിങ്ങളുടെ കൈകളാൽ നിങ്ങളെ സ്വയം നാശത്തിൽ ആപതിപ്പിക്കരുത്. (2:196). ''അക്രമികളല്ലാത്തവരുടെ മേൽ യാതൊരു കൈയേറ്റവും വിഹിതമല്ല (2:194)" മേൽ കാണിച്ച മൂന്ന് വിശുദ്ധ ഖുർആൻ വചനങ്ങളിലും പറഞ്ഞ കാര്യങ്ങൾക്ക് വിരുദ്ധമാണ് മുസ്‌ലിംകളുടെ തീവ്രവാദനടപടികൾ. ആത്മഹത്യാബോംബും , നിരപരാധികളെ കൊന്നൊടുക്കുന്നതിനോടും ഒരുപ്രകാരത്തിലും ഖുർആൻ യോജിക്കുന്നില്ല. ഇത്തരം തീവ്രവാദികളുടെ പ്രവർത്തനങ്ങൾ അവരെ മോക്ഷത്തിന് അർഹരാക്കുമെന്ന ഒരു മിഥ്യാവിശ്വാസം യാഥാസ്ഥിതിക മുസ്‌ലിംകളുടെതായിട്ടുണ്ട്. വാസ്തവത്തിൽ ഇസ്‌ലാമിൽ പറയപ്പെട്ട യഥാർത്ഥ ജിഹാദ് എന്താണെന്ന് ഇന്നു ചെറുപ്പക്കാരെ ബോധവൽക്കരിക്കേണ്ടതാണ്. അതിനുവേണ്ടിയാണ് നാമിന്ന് "ജിഹാദ്" ചെയ്യേണ്ടത്. ഈ മിഥ്യാവിശ്വാസത്തെ വിപാടനം ചെ യ്യാനുള്ള തീവ്രമായ ശ്രമത്തിനാണ് ഇന്ന് "ജിഹാദ്" എന്നു പറയുന്നത്. റസൂൽ തിരുമേനി(സ)യുടെ ക്കളെ യഥാർത്ഥ 'ജിഹാദ്' എന്താണെന്ന് പറഞ്ഞു മനസ്സിലാക്കി തിരുത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. നിരപരാധികളെ ഹിം സിക്കലും അവരെ ദ്രോഹിക്കലും ഒരു പ്രകാരത്തിലും ജിഹാദിന്റെ പരിധിയിൽ വരികയില്ല തന്നെ. ഇസ് ലാമിന്റെ ശത്രുക്കൾ മുസ്‌ലിംകളെ അവരുടെ മതമനുസരിച്ചു ജീവിക്കാൻ സാധിക്കാത്ത സാഹചര്യം സൃഷ്ടി ക്കുകയും അതിന്റെ പേരിൽ അവരെ കൊല്ലും കൊലയും നടത്തുകയും ചെയ്യുന്ന ഘട്ടം ഉണ്ടായപ്പോൾ അതിനെ ചെറുക്കാനും മതസ്വാതന്ത്ര്യം കൈവരിക്കാനും അവരോടു മുസ്‌ലിംകൾ യുദ്ധം ചെയ്തിട്ടുണ്ട്. ഇതിന് അനുമതിയുണ്ട്. മുസ്‌ലിംകൾ റസൂൽ തിരുമേനി(സ)യുടെ മക്കാ മദീനാ ജീവിതത്തിൽ ശത്രുക്കളുമായി ഈ കാരണങ്ങളാൽ യുദ്ധം ചെയ്തിട്ടുണ്ട്. അതു ജിഹാദിന്റെ ഇനത്തിൽ പെട്ടതാണ്. അല്ലാതെ മറ്റു രാജ്യങ്ങളെ അവരുടെ ഭാഗത്തു നിന്ന് യാതൊരു ആക്രമണവുമില്ലാതെ മതം പ്രചരിപ്പിക്കാൻ വേണ്ടി അവരുടെ മേൽ ഒരു കടന്നാക്രമണപരമായ യുദ്ധത്തെ ഇസ്‌ലാം അനുകൂലിക്കുന്നില്ല. 13 കൊല്ലകാലം മക്കയിൽ ശത്രുക്കളുടെ പലവിധത്തിലുള്ള ദ്രോഹങ്ങളും യാതനകളും റസൂൽ തിരുമേനിയും അനുചരന്മാരും സഹിച്ചെങ്കിലും യാതൊരു പ്രതികാര നടപടിയും അവിടുന്ന് സ്വീകരിച്ചില്ല. ജീവിതം ദുസ്സഹമായപ്പോൾ അദ്ദേഹത്തിന്റെ ജന്മസ്ഥലമായ മക്കയിൽ നിന്നും വളരെ വിരഹവേദനയോടുകൂടി അദ്ദേഹം മദീനയിലേക്ക് പലായനം ചെയ്യുകയാണ്. അവിടെയും ശത്രുക്കൾ ഇരിക്കപ്പൊറുതി നൽകിയില്ല. മക്കക്കാർ അവരുടെ പടയാളികളെ മദീനായിലേക്കും അയച്ചു തിരുമേനി(സ)യേയും സഹാബത്തിനേയും വകവരുത്താൻ യുദ്ധം നയിച്ചു. തദവസരത്തിൽ അവരെ പ്രതിരോധിക്കാനുള്ള അനുവാദം അല്ലാഹു തിരുമേനി(സ)ക്ക് നൽകി. ശത്രുക്കളെ ബദ്റിൽ വെച്ചു തടഞ്ഞു. ആ യുദ്ധത്തിൽ അല്ലാഹുവിന്റെ

രോധയുദ്ധത്തിൽ പാലിക്കേണ്ട കാര്യങ്ങളെക്കുറിച്ചു റസൂൽ തിരുമേനി (സ) നൽകിയ ഉപദേശനിർദ്ദേശങ്ങൾ കൂടി നാം മനസ്സിലാക്കിയാൽ ഇന്ന് മതത്തിന്റെ പേരിൽ കാട്ടികൂട്ടുന്ന വിധ്വംസകപ്രവർത്തനങ്ങളോടു ഒരു മുസ്‌ലിമിനും അനുകൂലിക്കാൻ സാദ്ധ്യമല്ല. *നിങ്ങൾ ശത്രുരാജ്യത്ത് പ്രവേശിച്ചാൽ ദൈവസ്മരണയിൽ കഴിയുന്നവരെ വിട്ടേക്കുക. അവർക്ക് യാതൊരു ദ്രോഹവും ചെയ്യരുത്. ശത്രുരാജ്യത്തെ സ്ത്രീകളേയും കുട്ടികളേയും കൊല്ലുവാൻ പാടുള്ളതല്ല. അതേപോലെ കുരുടന്മാരെയും വൃദ്ധജനങ്ങളേയും കൊല്ലാൻ പാടില്ല. ഒരു മരവും നശിപ്പിക്കാൻ പാടില്ല. അതേപോലെ ഒരു കെട്ടിടവും പൊളിക്കാൻ പാടുള്ളതല്ല* (ഹൽബിയ്യാ). ഒരു യുദ്ധത്തിൽ പോലും മേൽ എഴുതിയ കാര്യങ്ങൾ ശ്രദ്ധിക്കേണമെന്ന് വരുമ്പോൾ സമാധാനാന്തരീക്ഷത്തിൽ സിവിലിയന്മാർക്കെതിരെ മനുഷ്യ ബോംബായും മറ്റും ചെയ്യുന്ന ജുഗുപ്‌സാവഹമായ കാര്യങ്ങളോടു എങ്ങിനെ പ്രതികരിക്കേണമെന്ന് വായനക്കാർ തന്നെ മനസ്സിലാക്കുക.

താലിബാൻ പോലെയുള്ള സംഘടനകൾ ഇന്ന് കാണിക്കുന്ന പേക്കൂത്തുകൾക്ക് യാതൊരു പ്രകാരത്തിലും ഇസ്‌ലാമിൽ നീതികരണമില്ല. മറിച്ചു അവർ ഇസ്‌ലാമിന്റെ മുഖത്ത് കരിവാരിത്തേക്കുകയാണ് ചെയ്യുന്നത്. ഇവരുടെ കുത്സിതമായ പ്രവർത്തനമാണ് ഇന്ന് ആധുനികയുഗത്തിൽ "ജിഹാദാ"യി വ്യാഖ്യാനിക്കപ്പെടുന്നത്. വിശുദ്ധ ഖുർആന്റെയും റസൂൽ തിരുമേനി(സ)യുടെ വാക്കുകളും നാം മുകളിൽ വായിച്ചു. വാസ്തവത്തിൽ ഇസ്‌ലാം സമാധാനത്തിന്റെ മതമാണെന്നും അതിന്റെ ഉദ്ദേശം തന്നെ മനുഷ്യകുലത്തിന്റെ സാമൂഹികവും ആത്മീയവുമായ ശാന്ത ജീവിതമാണെന്നും കണ്ടെത്താൻ യാതൊരു പ്രയാസവുമില്ല.

നൂറുവർഷങ്ങൾക്ക് മുമ്പ് തീവ്രവാദികളുടെ വിളയാട്ടം അഫ്ഗാനിസ്ഥാനിൽ ഉണ്ടായപ്പോൾ ഹദ്റത്ത് അഹ്മദ് (അ) അവിടുത്തെ അമീറിനെ അഭിസംബോധന ചെയ്തുകൊണ്ടു യഥാർത്ഥമായ ഇസ്‌ലാമിക "ജിഹാദി"നെ പറ്റി അഫ്ഗാൻ യുവാക്കളെ ബോധവൽക്കരിക്കണമെന്നും അതിനുവേണ്ടി പണ്ഡിതന്മാരെ വിളിച്ചുകൂട്ടി അവരുടെ ഭാഷയായ പുഷ്തുഭാഷയിൽ നോട്ടീസുകൾ തയ്യാറാക്കി അവരിൽ വിതരണം ചെയ്യണമെന്നും. അല്ലെങ്കിൽ ഭാവിയിൽ അത് രാജ്യത്തിന് തന്നെ ആപത്തായിരിക്കും എന്നും ഉപദേശിച്ചു. എന്നാൽ ആ ദിവ്യാത്മാവിന്റെ വചനങ്ങൾക്ക് യാതൊരു വിലയും കല്പിച്ചില്ല. അതിന്റെ ദുരന്തഫലങ്ങൾ ഇപ്പോഴും അഫ്ഗാനിസ്ഥാൻ പേറികൊണ്ടിരിക്കയാണ്. അവിടുത്തെ ജനങ്ങളുടെ "തീവ്രവാദ വാസന" ആ രാഷ്ട്രത്തെ മുമ്പോട്ടു നയിക്കാൻ സാധിക്കാത്ത പരുവത്തിലാക്കിയിരിക്കുന്നുവെന്ന് അവിടുത്തെ പ്രസിഡണ്ട് കർസായി തന്നെ പറയുകയുണ്ടായി.

റസൂൽ തിരുമേനി (സ)യുടെ ജീവിതത്തിൽ അവിടുന്ന് ആത്മസംയമനത്തോടെ സഹിച്ച കഷ്ടപ്പാടുകളെ സംബന്ധിച്ച് നമുക്കറിയാം. 13 വർഷക്കാലം മക്കാ ജീവിതത്തിൽ റസൂൽ തിരുമേനി (സ)വും അദ്ദേഹത്തിന്റെ അനുചരന്മാരും അനുഭവിക്കേണ്ടി വന്ന യാതനകൾക്കും വേദനകൾക്കും കൈയ്യും കണക്കുമുണ്ടായിരുന്നില്ല. റസൂൽ തിരുമേനി(സ)യുടെ എത്രയോ സഖാക്കളെ ശത്രുക്കൾ വാളിന്നിരയാക്കി. സ്ത്രീകളേയും പുരുഷന്മാരേയും ദ്രോഹിക്കുകയും നിഗ്രഹിക്കുകയും ചെയ്തു. അവരുടെ ഇരുകാലുകളിലും കയറുകൾ കെട്ടി അത് രണ്ടു ഒട്ടകത്തിന്റെ മേൽ ബന്ധിച്ച് രണ്ടുവശത്തേക്ക് തെളിച്ചു മനുഷ്യനെ രണ്ടായി പിളർത്തിയ സംഭവങ്ങൾ വരെ ഉണ്ടായി. അപ്പോഴെല്ലാം തന്നെ സംയമനം പാലിക്കാനുള്ള നിർദ്ദേശമാണ് തിരുമേനി(സ) തിരുസഹചരക്ക് നൽകിയത്. ഒടുവിൽ യാതൊരു ഗത്യന്തരവുമില്ലാതെ വന്നപ്പോൾ അവർ മക്ക വിട്ടു അയൽ രാജ്യങ്ങളിലേക്കും മദീനയിലേക്കും പാലായനം ചെയ്തു. മദീനയിലും മക്കക്കാർ അവർക്ക് സ്ഥൈര്യം നൽ കാതെവന്നപ്പോൾ അല്ലാഹു അവർ ക്ക് പ്രതിരോധയുദ്ധത്തിനുള്ള അനുവാദം നൽകുകയായിരുന്നു. വീടുകളിൽ നിന്നും നാട്ടിൽ നിന്നും നിഷ്കാസിതരായവരുടെയും ബലിദാനികളുടെയും ദീനരോദനങ്ങൾ ക്ക് അല്ലാഹു നൽകിയ മറുപടിയായിരുന്നു അത്. മക്കാജീവിതത്തിൽ തന്നെ പ്രതിക്രിയ ചെയ്യാൻ അവർ ആഗ്രഹിച്ചുവെങ്കിലും അതിന് അനുവാദം അവർക്ക് ലഭിച്ചില്ല. വാസ്തവത്തിൽ ഈ യുദ്ധത്തെയാണ് "ജി ഹാദ്" എന്നു വിളിക്കുന്നത്. ജിഹാദിന് അങ്ങിനെയും അർത്ഥമുണ്ട്. ഒരു സമൂഹം മർദ്ദിക്കപ്പെട്ടാൽ അതിനെ പ്രതിരോധിക്കാനുള്ള യുദ്ധത്തിനാണ് "ജിഹാദ്" എന്നു വിളിക്കുന്നത്. അങ്ങിനെയുള്ള സാഹചര്യം ഇല്ലാത്ത അവസരത്തിൽ മറ്റു മതസ്ഥരുടെയും ഭരണകൂടത്തിന്റേയും സ്ഥൈര്യം കെടുത്തുന്ന വിധ്വംസകപ്രവർത്തനങ്ങൾക്ക് ആ പരിശുദ്ധ വാക്ക് ഉപയോഗിക്കരുത്. ആ കാലത്തുള്ള പണ്ഡിതന്മാർ സ്ഥാനത്തും അസ്ഥാനത്തും മുസ്‌ലിം യുവാക്കളെ ജിഹാദിന്റെ പേരിൽ ആവേശം കൊള്ളിക്കുകയും അവർ കാണിക്കുന്ന അനിസ്‌ലാമിക പ്രവർത്തനത്തെ ജിഹാദായി ചിത്രീകരിക്കുകയും ചെയ്തു. എന്നാൽ ഇന്ന് മുസ്‌ലിംകളുടെ ജിഹാദിനെ പറ്റിയുള്ള മിഥ്യാധാരണയെ ഉന്മൂലനം ചെയ്യാൻ ഒരു ജിഹാദിന്റെ ആവശ്യകതയുണ്ടെന്ന് ഹദ്റത്ത് അഹ്മദ് (അ) ഉൽബോധിപ്പിക്കുകയുണ്ടായി. മുസ്‌ലിം തീവ്രവാദികളുടെ ജുഗുപ്‌സാവഹമായ പ്രവർത്തനങ്ങൾ പരിശുദ്ധ ഇസ്‌ലാമിന്റെ മുഖത്ത് വരുത്തിയ കറുത്ത പാടുകൾ ചില്ലറയല്ല. ഇസ്‌ലാമെന്നു പറയുമ്പോൾ ടെററിസത്തെയാണ് അവർ മുന്നിൽ കാണുന്നത്. ഇതു മാറ്റിയെടുക്കേണ്ട ചുമതല മുസ്‌ലിം സമൂഹത്തിനുണ്ട്, അതുകൊണ്ടു യഥാർത്ഥമായ ജിഹാദ് ഇന്ന് ഇസ്‌ലാ

മിന്റെ ശാന്തി സന്ദേശത്തെ ലോകസമക്ഷം എത്തിക്കുക എന്നതാണ്. വിശുദ്ധ ഖുർആൻ മുഖേന ജിഹാദ് ചെയ്യാൻ വിശുദ്ധ ഖുർആൻ കല്പിക്കുന്നു. അതായത് യഥാർത്ഥ ഇസ്‌ലാമികസന്ദേശം എത്തിക്കാനും ധനംകൊണ്ടും ദേഹംകൊണ്ടും പരിശ്രമിക്കുകയുമാണ് ആ ജിഹാദ്. ഇന്ന് അഹ്മദിയാ ജമാഅത്താണ് അത് നടത്തിവരുന്നത്. ജിഹാദ് ചെയ്യാൻ അതിന്റെ തലപ്പത്ത് ഖലീഫ ഉണ്ടാകണം. അതും ഇന്നു ഈ പരിശുദ്ധ ജമാ അത്തിൽ ഉണ്ട്. ഇന്നു ഇസ്‌ലാമിനെ മനസ്സിലാക്കാനാഗ്രഹിക്കുന്നവർ അഹ്മദിയ്യാ ജമാഅത്ത് മുഖേന അത് മനസ്സിലാക്കാൻ ശ്രമിക്കുക.

വാഗ്ദത്ത മഹ്ദീ മസീഹിന്റെ കാലത്ത് മതയുദ്ധങ്ങൾ അവസാനിപ്പിക്കപ്പെടുമെന്നത് റസൂൽ തിരുമേനി (സ)യുടെ പ്രവചനമാണ്. മസീഹിന്റ ആയുധം പ്രാർത്ഥന മാത്രമായിരിക്കുമെന്നും എഴുതപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ഹദ്റത്ത് അഹ്മദ് (അ) ആധുനികയുഗത്തിലെ മൗലവിമാരെ അഭിസംബോധന ചെയ്തുകൊണ്ടു ഈ കാലഘട്ടം ജിഹാദിന്റെ കാലഘട്ടമല്ല. നിങ്ങൾ റസൂൽ തിരുമേനി (സ)യെ അനുസരിക്കാതിരിക്കരുത്. നിങ്ങൾ കാ ത്തിരുന്ന മസീഹ് ഇതാ ആഗതനായിരിക്കുന്നു. അതുകൊണ്ട് വിനാശകരമായ സായുധ ജിഹാദിനെ മാർഗ്ഗം വിട്ടു ധിഷണാബദ്ധവും തത്ത്വജ്ഞാന നിർഭരവുമായ ആശയപ്രചാരണത്തിലൂടെ ഇസ്‌ലാംമതത്തെ പ്രചരിപ്പിച്ചു വിജയിപ്പിക്കുക എന്നു പ്രഖ്യാപിക്കുകയുണ്ടായി.

---

*(29 -ാം പേജിൽ നിന്ന് തുടർച്ച)*

ഒന്നായിരുന്നു എന്നതാണ്. അതിൽ നിന്നാണ് നാം ഈ കാണുന്ന പ്രപഞ്ചം ഉണ്ടായത്. അതായത് തുടക്കം ഒന്നിൽ നിന്നെന്നു സാരം. ഖുർആൻ വീണ്ടും പറയുന്നു.

*“നാം ആകാശത്തെ ഗ്രന്ഥങ്ങളുടെ താളുകൾ ചുരുട്ടുന്നത് പോലെ ചുരുട്ടുന്ന നാൾ നിങ്ങളുടെ സൃഷ്ടിപ്പിനെ ആദ്യം നാം ആരംഭിച്ചത് പോലെ നാം ആവർത്തിക്കും. നമുക്ക് ബാദ്ധ്യതപ്പെട്ട ഒരു വാഗ്ദാനമാണത്. നാം അത് പ്രാവർത്തികമാക്കുക തന്നെ ചെയ്യും” (21:105)*

ശാസ്ത്രീയ വിജ്ഞാന മണ്ഡലവുമായി ബന്ധപ്പെട്ട ആളല്ല മുഹമ്മദ് നബി(സ). എന്നിട്ടും ഈ ഇരുപത്തിഒന്നാം നൂറ്റാണ്ടിനുപോലും വിസ്മയമുളവാക്കുന്ന ശാസ്ത്രീയാഥാർത്ഥ്യങ്ങളാണ് 7-ാം നൂറ്റാണ്ടിലിറങ്ങിയ ആ ദിവ്യഗ്രന്ഥം പ്രതിപാദിച്ചിട്ടുള്ളത്. ഈ ഒരൊറ്റ വസ്തുത തന്നെ ആ പവിത്രഗ്രന്ഥത്തിന്റെ നിസ്തുലത തെളിയിക്കാൻ മതിയായതാണ്.

## ദുആയുടെ ശക്തി

‘ദുആ നിരർഥകവും അയുക്തികവുമായ കാര്യമാണെന്ന് ഭോഷന്മാർ കരുതുന്നു. എന്നാൽ, ദുആ ഒന്നുകൊണ്ടു മാത്രമാണ് പ്രതാപവാനായ അല്ലാഹു, തന്നെ അന്വേഷിക്കുന്നവരുടെ മേൽ തന്റെ ശ്രോതസ്സ് വെളിപ്പെടുത്തുന്നതെന്നും ‘അനൽ ഖാദിർ’ എന്ന ബോധനം അവരുടെ ഹൃദയങ്ങളിലിടുന്നതെന്നും അവരറിയുന്നില്ല. ഈ ജീവിതത്തിൽ ആത്മീയ പ്രകാശത്തിന്റെ ആവശ്യക്കാർക്ക് അല്ലാഹുവിന്റെ അസ്തിത്വത്തിൽ വിശ്വാസം പ്രദാനം ചെയ്യാനും എല്ലാ സംശയങ്ങളും സന്ദേഹങ്ങളും ദൂരീകരിച്ചുകൊടുക്കാനുള്ള മാർഗം ദുആ ഒന്നു മാത്രമാണെന്ന്, ദൃഢവിശ്വാസത്തിന്റെ വിശപ്പും ദാഹവുമുള്ള ഓരോരുത്തരും ഓർത്തുകൊള്ളട്ടെ.”

***(അയ്യാമുസ്സുൽഹ് പേജ് 10)***


**ROYAL**
Book Centre
Suppliers in all kinds of Books




Computer Books, Engineering Books, Medical Books, Science Books, Management Books, General Books, Reference Books, Fiction Children's Books, Competative Emanation Books, Dictionaries, CD's and Greeting Cards etc.....

**Camp Bazar, Kannur - 670 001, Ph: 0497 2766526**

കുറിപ്പുകൾ

മുസാഫിർ

# സച്ചാർ കമ്മിറ്റി റിപ്പോർട്ടും പരിതാപകരമായ മുസ്‌ലിം അവസ്ഥയും

രാജ്യത്തെ പതിനഞ്ച് ശതമാനത്തോളം വരുന്ന മുസ്‌ലിം ന്യൂനപക്ഷത്തിന്റെ സാമൂഹ്യ, സാമ്പത്തിക വിദ്യാഭ്യാസ സ്ഥിതി പഠിക്കാൻ പ്രധാനമന്ത്രി ഡോ. മൻമോഹൻസിംഗ് നിയമിച്ച ജസ്റ്റിസ് രജീന്ദർ സച്ചാർ കമ്മിറ്റി നവംബർ 17ന് പ്രധാനമന്ത്രിക്ക് അവരുടെ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. എല്ലാമേഖലയിലുമുള്ള മുസ്‌ലിം പിന്നാക്കാവസ്ഥ ഞെട്ടിപ്പിക്കും വിധം പരമദയനീയമാണെന്നാണ്. കമ്മിറ്റിയുടെ കണ്ടെത്തൽ. സ്വാതന്ത്ര്യത്തിന് ശേഷം ഇന്ത്യയിലുണ്ടായ ഈ ആധികാരിക പഠന റിപ്പോർട്ട് പാർലമെന്റിന്റെ ശീതകാലസമ്മേളനം വിശദമായി ചർച്ച ചെയ്യുമെന്ന് അറിയുന്നു. അപ്പോൾ മാത്രമേ പൂർണ്ണവിവരങ്ങൾ ലഭ്യമാകൂ.

രാജ്യത്തെ ഏറ്റവും വലിയ ന്യൂനപക്ഷം മിക്ക മേഖലകളിലും ദലിതുകളേക്കാൾ ശോചനീയമായ അവസ്ഥയിൽ അധ:സ്ഥിതരായി കഴിയുക എന്നത് ഇന്ത്യൻ ജനാധിപത്യത്തിനും സമൂഹസുരക്ഷക്കും ഒട്ടും ഭൂഷണമല്ല. ജനാധിപത്യത്തിന്റെ ഉരക്കല്ലായ ന്യൂനപക്ഷക്ഷേമം അറുപത് വർഷത്തെ ഇന്ത്യയുടെ ഭരണത്തിൽ എങ്ങുമെത്തിയിട്ടില്ല എന്ന വെളിപ്പെടുത്തൽ ഇന്ത്യക്ക് അപമാനകരമാണ് എന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. കോൺഗ്രസ് ഭരണം ന്യൂനപക്ഷ പ്രീണനമായിരുന്നുവെന്ന സംഘ്പരിവാറിന്റെ മുറവിളി പച്ചനുണയാണെന്ന് ആധികാരികമായി തന്നെ ഇപ്പോൾ തെളിഞ്ഞിരിക്കുന്നു. രാജ്യം ഭരിച്ച രാഷ്ട്രീയപാർട്ടികൾക്ക് തീർച്ചയായും മുസ്‌ലിം ന്യൂനപക്ഷത്തിന് സംഭവിച്ച ഈ അപചയത്തിൽ നിന്നും ഒഴിഞ്ഞുമാറാനാവില്ല. വാസ്തവത്തിൽ മുസ്‌ലിം ന്യൂനപക്ഷത്തിന്റെ അധോഗതിക്ക് ഇന്ത്യയിലെ സങ്കീർണ്ണമായ രാഷ്ട്രീയ ഘടനയ്ക്കും ഭരണകൂടത്തിനും അതിന്റെതായ പങ്കുണ്ടാവാം. പക്ഷേ മുഖ്യപ്രതി അവയൊന്നുമല്ല. ഇന്ത്യയിൽ ഭരണഘടനാനുസൃതമായ റിപ്പബ്ലിക്കൻ ഭരണകൂടങ്ങൾ നിലവിൽ വന്നിട്ട് ഏതാനും ദശകങ്ങളെ ആയിട്ടുള്ളൂ. മുസ്‌ലിം പിന്നാക്കാവസ്ഥയുടെ വേരുകൾക്ക് അതിനുമെത്രയോ കാലം പഴക്കമുള്ളതാണ്. മുസ്‌ലിംങ്ങൾ ന്യൂനപക്ഷമായിരിക്കുന്ന ഒരു രാജ്യത്ത് ഭരണകൂടങ്ങളെക്കാൾ മതസാമുദായിക നേതൃത്വമാണ് ഈ പിന്നാക്കാവസ്ഥക്ക് മുഖ്യ ഉത്തരവാദി. അഹ്മദി മുസ്‌ലിംകളെ പാകിസ്താനിൽ അവരുടെ സമ്മതമില്ലാതെ ഭരണകൂടം ന്യൂനപക്ഷമായി പ്രഖ്യാപിച്ചിട്ടും പൗരാവകാശങ്ങളും മനുഷ്യാവകാശങ്ങളും ജന്മാവകാശങ്ങളും നിഷേധിച്ചിട്ടും ആകാവുന്നയത്ര പീഢനങ്ങളയിച്ചുവിട്ടിട്ടും അഹ്മദികൾ പാക്കിസ്ഥാനിലെ ഏറ്റവും മുന്നാക്കക്കാരാണ്. സംഘടിത നേതൃത്വവും ഇച്ഛാശക്തിയും ശുഭപ്രതീക്ഷയുമുണ്ടെങ്കിൽ ആർക്കും നമ്മെ പിന്നാക്കക്കാരാക്കാൻ സാധ്യമല്ല. ഇക്കാര്യത്തിൽ മുഖ്യപ്രതി മുസ്‌ലിംകളുടെ മതസാമുദായികനേതൃത്വവും അവരുടെ ആഭ്യന്തര ശൈഥില്യവും യാഥാസ്ഥിതികത്വവും ജീർണ്ണതയുമാണ്. ഇന്ത്യൻ മുസ്‌ലിംകളുടെ എല്ലാവിധ പുരോഗതികൾക്കും തടസ്സം നിന്നതും നിൽക്കുന്നതും അന്ധ മതനേതൃത്വവും മുസ്‌ലിം സാമൂഹിക ജീവിതത്തിനു മേൽ അവരുടെ പ്രത്യക്ഷവും പരോക്ഷവുമായ സ്വാധീനവുമാണ്. ജീർണ്ണമായ മത നേതൃത്വത്തോടുള്ള മാനസികാടിമത്വത്തിൽ നിന്നും മുസ്‌ലിം സമൂഹം മോചിപ്പിക്കപ്പെടാതെ അവർക്ക് പുരോഗതി അസാധ്യമാണ്. ഇന്ത്യയിലെ ഏറ്റവും പുരോഗമിച്ച കേരളത്തിലെ മുസ്‌ലിം സമുദായത്തിന്റെ അവസ്ഥ തന്നെ നോക്കൂ. ഈയടുത്ത കാലം വരെ ഇംഗ്ലീഷ് ഭാഷ ഹറാമാണെന്നും മലയാളമെഴുതാൻ പാടില്ലെന്നും പറഞ്ഞ് ഈ സമുദായത്തിന്റെ ബഹുഭൂരിപക്ഷത്തിന്റേയും പുരോഗതിയുടെ എല്ലാ വഴികളും മതത്തിന്റെ പേരിൽ അവർ അടച്ചു കളയുകയുണ്ടായി. പണ്ഡിതദുശ്ശാസനന്മാർ തേർവാഴ്ച നടത്തിയ സമുദായത്തിന്റെ ഇരുട്ടുകോട്ടകളിൽ എത്ര മുസ്‌ലിം തലമുറകളാണ് ഇങ്ങിനെ കൂമ്പടഞ്ഞുപോയത്. ഇപ്പോഴത്തെ കേരളത്തിലെ മുസ്‌ലിം പുരോഗതി പൊടുന്നനെയുണ്ടായ ഒരു ഗൾഫ് പ്രതിഭാസമാണ്. പലരും ഇതൊക്കെ പുരോഗതിയായി കൊട്ടിഘോഷിക്കുന്നുണ്ട്. ഗൾഫ് നാടുകളുമായി മുസ്‌ലിംകൾക്കുണ്ടായ മതപരമായ അടുപ്പത്തിന്റെ പേരിൽ

ലഭിച്ച പണം കൊണ്ടുള്ളസ്വാഭാവിക മായ പുറംപൂശാണ് ഈ പുരോഗതി. മുക്കു പണ്ടങ്ങളെ പോലെയുള്ള വില കുറഞ്ഞ മിന്നാട്ടമാണിത്. വേണ്ടവി ധത്തിൽ ഈ അനുഗ്രഹം അവർ ഉപ യോഗപ്പെടുത്തിയോ എന്നും സംശ യമാണ്. ഗൾഫ് പണം കൊണ്ട് പള്ളി കൾ പണിത് മതിയായപ്പോൾ മത സാമുദായിക സംഘടനകൾ സ്കൂൾ കെട്ടിടങ്ങൾ പണിയാൻ തുടങ്ങിയ തിന്റെ ഫലമായി മുസ്‌ലിംകൾക്ക് കുറെ ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ ലഭിച്ചു. ഉമ്മയും ഉപ്പയും മമ്മിയും ഡാഡിയുമായതൊഴിച്ചാൽ വാസ്തവ ത്തിൽ ഇത് ഗുണപരമായ ഫലങ്ങ ളൊന്നും പൊതുവെ ഉളവാക്കിയിട്ടി ല്ലെന്ന് തോന്നുന്നു. ഏതായാലും പഴയതിൽ നിന്നും വളരെയേറെ മെച്ചം തന്നെ. ആഗോളവത്കൃത സാഹചര്യങ്ങൾക്കനുസരിച്ച് ക്രിയാ ത്മകമായി സംവിധാനിക്കപ്പെട്ട ഒരു വിദ്യാഭ്യാസ ക്രമമോ ഒരു ആഗോള വീക്ഷണമോ മുസ്‌ലിം സമുദായ ത്തിൽ കേരളത്തിൽ പോലും ദൃശ്യമ ല്ല. ഗൾഫ് പണം ലഭിച്ചതിൽ പിന്നെ ഓജസ് വെച്ച മതകക്ഷികൾ അതി ന്റെ പേരിൽ തന്നെ തമ്മിൽ തല്ലി. രാഷ്ട്രീയ പാർട്ടികളെ കവച്ചുവെ ക്കുന്ന രീതിയിൽ എല്ലാ രംഗത്തും ശക്തിപ്രകടനം നടത്തുന്ന കാഴ്ചയാ ണ് നാമിപ്പോൾ കാണുന്നത്. അടി പിടി മുതൽ കൊലപാതകം വരെ പള്ളികളിൽ അരങ്ങേറുകയാണ്. അതുകൊണ്ടാണ് ഈ മതകക്ഷികളാ ണ്. മുസ്‌ലിം പിന്നോക്കവസ്ഥക്ക് മുഖ്യകാരണക്കാർ എന്ന് പറഞ്ഞത്. കേരളത്തിലെ സ്ഥിതി ഇതാണെങ്കിൽ പൊതുവെ പിന്നോക്കം നിൽക്കുന്ന മറ്റു ഇന്ത്യൻ പ്രദേശങ്ങളിലെ സ്ഥിതി എത്ര ഭീകരമായിരിക്കും. ഇന്ത്യയിൽ മാത്രമല്ല ആഗോള വ്യാപകമായി മുസ്‌ലിം സമുദായത്തിന്റെ ജീർണ തക്കും പിന്നോക്കവസ്ഥക്കും മുഖ്യ കാരണം മതനേതൃത്വം തന്നെയാണ്. ലോകത്തിലെ ഏറ്റവും വലിയ രണ്ടാ മത്തെ ജനസംഖ്യയുള്ള ഇന്ത്യയിലെ മുസ്‌ലിം ദൈന്യതയുടെ കണക്കുകൾ അമ്പരപ്പിക്കുന്നതാണ്.

നമ്മുടെ രാജ്യത്തെ മുസ്‌ലിംക ളുടെ ന്യൂനപക്ഷത്തിൽ 43 ശതമാനം പേരും ദാരിദ്ര്യരേഖക്ക് കീഴേ ജീവി ക്കുന്നവരാണ് സച്ചാർ കമ്മിറ്റിയുടെ വിലയിരുത്തൽ. ദലിതുകളേക്കാൾ കൂടുതലായി വൈദ്യുതിയില്ലാത്ത കൂരകളിലാണ് മുസ്‌ലിംകൾ ജീവിക്കു ന്നത്. അവരിൽ 19 ശതമാനം പേർ ക്കാണ് ശുദ്ധീകരിച്ച കുഴൽ ജലം ലഭി ക്കുന്നത്. ബാക്കി 81 ശതമാനവും മലി നജലമാണ് കുടിക്കുന്നത്. ദലിതു കൾക്ക് 23 ശതമാനം പേർ ശുദ്ധജലം ഉപയോഗിക്കുന്നു. മുസ്‌ലിം പുരുഷ ന്മാരുടെ തൊഴിൽ പങ്കാളിത്വം 43 ശത മാനമാണ്. (ദലിതുകളുടേത് 53 ശത മാനം) മുസ്‌ലിം സ്ത്രീകളുടേത് 9.6 ശതമാനം (ദലിത് സ്ത്രീകളുടേത് 23 ശതമാനം) മുസ്‌ലിംകളിൽ 22 ശത മാനം പേർ പൊതു ഭക്ഷ്യവിതരണം ഉപയോഗപ്പെടുത്തുമ്പോൾ ദലിതർ 32 ശതമാനം ഉപയോഗപ്പെടുത്തുന്നു. ദലിദ് കുഞ്ഞുങ്ങൾ 47 ശതമാനം രോഗപ്രതിരോധ കുത്തിവെപ്പ് നട ത്തിയപ്പോൾ മുസ്‌ലിംകൾ 40 ശത മാനം മാത്രമാണ് കുത്തിവെപ്പ് നട ത്തിയത്.

വിദ്യാഭ്യാസത്തിന്റെ കാര്യമെടു ക്കുകയാണെങ്കിൽ ഇന്ത്യയുടെ ദേശീയ സാക്ഷരത 65 ശതമാനമാണ്. മുസ്‌ലിംകളുടെതാവട്ടെ 59 ശതമാന വും. ഗ്രാമങ്ങളിൽ വളർന്നുവരുന്ന മുസ്‌ലിം യുവാക്കളിൽ പകുതിയില ധികം പേർ നിരക്ഷരരാണ്. നഗരങ്ങ ളിൽ മൂന്നിലൊന്നും. ഗ്രാമങ്ങളിൽ പ്രൈമറി സ്കൂളിൽ ചേരുന്ന ഗ്രാമീ ണരായ മുസ്‌ലിം കുട്ടികളിൽ ആറി ലൊരാൾ മാത്രമേ ഹൈസ്കൂളിന്റെ പടികടക്കുന്നുള്ളൂ. നഗരങ്ങളിൽ ഇത് 28 ശതമാനമാണ്. അതീവ ശോചനീയമായിട്ടുള്ളത്. അവരുടെ കോളേജ് വിദ്യാഭ്യാസമാണ്. ഗ്രാ മീണ മേഖലയിൽ പ്രൈമറി ക്ലാസു കളിൽ പ്രവേശിക്കുന്നു. 1.3 ശമാനം പേരാണ് ബിരുദധാരികളാവുന്നത്. സ്ത്രീകളാവട്ടെ 0.3 ശതമാനവും. നഗരങ്ങളിൽ ഇത് പുരുഷന്മാർ 5.1 ഉം സ്ത്രീകൾ 2.5 മാണ്.

ദലിതുകളേക്കാൾ മുസ്‌ലിംകൾ അല്പം മെച്ചം കാണിക്കുന്നത് സ്വയം തൊഴിൽ മേഖലയിലാണ്. 25 മുതൽ 45 വരെ പ്രായമുള്ളവരിൽ 45 ശതമാനം മുസ്‌ലിംകളും സ്വയം തൊഴിൽ ചെയ്യുന്നവരാണ്. ഇത് ദലി തുകളിൽ 28 ഉം മറ്റു ഹിന്ദുക്കളിൽ 40മാണ്. സർക്കാർ ജോലികളിൽ മുസ്‌ലിംകളുടെ പ്രാതിനിധ്യം വെറും 5.7 ശതമാനമാണ്. ഏറ്റവും കൂടുതൽ മുസ്‌ലിംകളുള്ള യു.പി., ബീഹാർ, ബംഗാൾ എന്നിവിടങ്ങളിൽ ജന സംഖ്യാ ക്രമത്തിൽ ഉണ്ടാവേണ്ട ഉദ്യോഗങ്ങളിൽ അതിന്റെ മൂന്നിൽ ഒന്നുമാത്രമേ മുസ്‌ലിം ഉദ്യോഗസ്ഥ രുള്ളൂ. നൂറുശതമാനം സാക്ഷരത നേടിയ കേരളത്തിൽ സ്ഥിതി അല്പം മെച്ചമാണ്. 10.4 ശതമാനമാണ് സംസ്ഥാന സർക്കാറിലെ ഉദ്യോ ഗസ്ഥ പ്രാതിനിധ്യം. പക്ഷേ കേരള ത്തിലെ മുസ്‌ലിം ജനസംഖ്യ മൊത്തം ജനസംഖ്യയുടെ 24.7 ശത മാനമാണ്. നൂറുശതമാനം സാക്ഷ രത നേടിയ കേരളത്തിൽ കേവലം ജനസംഖ്യാനുപാതികമായി പകുതി യിലധികം കുറവ്. ഇടതുപക്ഷം കാൽനൂറ്റാണ്ട് തുടർച്ചയായി ഭരി ക്കുന്ന ബംഗാളിൽ മുസ്‌ലിംകൾ 25.2 ശതമാനമുണ്ട്. പക്ഷേ ഉദ്യോഗ ത്തിൽ 4.2 ശതമാനം മാത്രം. രഹ സ്യാന്വേഷണ വിഭാഗം, ഇന്ത്യൻ സ്പേയ്സ് റിസർച്ച്, ദേശീയ സുര ക്ഷ, വി.വി.ഐ.പികളുടെ സുരക്ഷാ സേവനം എന്നിവിടങ്ങളിൽ മുസ്‌ലിം സാന്നിദ്ധ്യം നാമമാത്രമാണ്.

ലോക്സഭയിലെ മുസ്‌ലിം പ്രാ തിനിധ്യം 1952 മുതൽ 2004 വരെ വിവിധ കാലങ്ങളിൽ 21 മുതൽ 49 വരെ മാത്രമായിരുന്നു ഇത്. മൊത്തം എം. പി. മാരുടെ 4.3 ശതമാനം മു തൽ 6.6 ശതമാനം വരെയാണ്. ഏഴും, എട്ടും, ലോക്സഭകളിൽ (1980, 1984) ലാണ് 40ന് പുറത്ത് എം. പി. മാർ വന്നത്. ഇപ്പോഴത്തെ ലോക്സ ഭയിൽ അത് 36 മാത്രമാണ്. ഇത് വരെയുണ്ടായ 14 ലോക്സഭകളിൽ 11 വനിതാ മുസ്‌ലിം മെമ്പർമാരാണ് ലോക്സഭ കണ്ടത്. അവരുടെ ജന സംഖ്യാനുപാതകണക്കിൽ 440 എം. പി. മാരെങ്കിലും ഉണ്ടാവേണ്ടതുണ്ട്. പക്ഷേ ഇത് വരെയുള്ള വനിതാ എം.

*(ശേഷം 41-ാം പേജിൽ)*

കുറിപ്പുകൾ

മുസാഫിർ

# അമേരിക്ക: തിരിച്ചറിവ് നേടുന്നു

പണ്ട് റോമാചക്രവർത്തിമാരുടെ ഒരു വിനോദം, കൊളോസിയം എന്നറിയപ്പെടുന്ന പടുക്കൂറ്റൻ സ്റ്റേഡിയങ്ങളിൽ സജ്ജീകരിച്ച മല്ലയുദ്ധവേദികളിൽ വിശക്കുന്ന സിംഹങ്ങൾക്ക് മുമ്പിൽ മനുഷ്യനെ എറിഞ്ഞുകൊടുത്ത് ആ ക്രൂര വ്യാഘ്രം ജീവനുള്ള പച്ച മനുഷ്യനെ കടിച്ചു കീറികൊന്ന് തിന്നുന്നത് നോക്കി ആസ്വദിക്കലായിരുന്നു. ഈ നരഹത്യ കൊളോസിയത്തിലെ ഗാലറികളിലിരുന്ന് തമാശകളും ആർപ്പുവിളിയുമായി റോമൻചക്രവർത്തിമാരും കൊട്ടാരപരിഷകളും ജനങ്ങളും നോക്കിക്കണ്ട് ആനന്ദതുന്ദിലരാകുമായിരുന്നു. ഇതായിരുന്നു റോമിന്റെ മഹത്തായ വിനോദസംസ്കാരം സൈനിക ദലങ്ങളും ഈ അധമസംസ്കാരമുള്ള 'പാക്സ് റോമാന' എന്ന റോമൻ സൈനിക സാമ്രാജ്യമാണ് പിന്നീട് മദ്ധ്യകാലഘട്ടത്തിൽ ക്രിസ്തുസഭയുടെ പേപ്പൽ ഭരണക്കൂടങ്ങളും, പാശ്ചാത്യസാമ്രാജ്യത്വകോയ്മകളും ഇപ്പോൾ അമേരിക്കൻ സാമ്രാജ്യമൊക്കെയായി പരിണമിച്ചു നിൽക്കുന്നത്. പണ്ട് റോമിലെ മല്ലയുദ്ധവേദികളിൽ മനുഷ്യനെ ക്രൂരജന്തുക്കൾ കടിച്ചുകീറുന്നത് കണ്ട് ആസ്വദിച്ചിരുന്ന റോമാക്കാരുടെ അഭിരുചിയുടെ പ്രാകൃതാംശം പേറുന്ന അമേരിക്കക്കാരെ തിരഞ്ഞെടുപ്പിനു മുമ്പ് സന്തോഷിപ്പിക്കാനാണ് ഇറാഖിലെ പാവ സർക്കാരിനെ കൊണ്ട് സദ്ദാമിന്റെ നരബലിക്ക് ബുഷ് ശ്രമിച്ചത്. അമേരിക്കയിൽ തിരഞ്ഞെടുപ്പ് അടുത്താൽ ഭരിക്കുന്ന പ്രസിഡണ്ടിന്റെ കൗബോയ് പരിവേഷം കാട്ടാൻ ഇറാക്ക് ജനതയുടെ മേൽ ബോംബ് വർഷിച്ച് യുദ്ധം കൊഴുപ്പിക്കൽ ഒരു അമേരിക്കൻ വിനോദമാണ്. ലക്ഷക്കണക്കിന് ആളെകൊന്ന് മടുത്തത് കൊണ്ട് മാത്രമല്ല, ഇറാക്കിൽ വെച്ച് മരിച്ച സ്വന്തം പട്ടാളക്കാരുടെ മൃതദേഹങ്ങൾ പ്ലാസ്റ്റിക് ബാഗുകളിൽ അമേരിക്കയിലേക്ക് പ്രവഹിച്ചപ്പോൾ നരബലിയിൽ അമേരിക്കക്കാർ മടുക്കാൻ തുടങ്ങി. ബുഷിന്റെ ഇറാഖിലെ പാവസർക്കാർ തിരഞ്ഞെടുപ്പിന് രണ്ട് നാൾ മുമ്പ് അമേരിക്കക്കാരെ രസിപ്പിക്കാൻ സദ്ദാമിന് വധശിക്ഷ പ്രഖ്യാപിച്ച് നടത്തിയ ഈ കോടതി നാടകം ബുഷിന് തന്നെ തിരിച്ചടിയാവുകയായിരുന്നു. മരവിച്ച അമേരിക്കാ മനസ്സാക്ഷി തിരിച്ചറിവിന്റെ മാർഗ്ഗത്തിലാണെന്ന് തോന്നുന്നു. ഇറാഖ് യുദ്ധത്തിൽ ബുഷ് അമേരിക്കൻ ജനതയെ വഞ്ചിക്കുകയായിരുന്നുവെന്ന് പതുക്കെ അമേരിക്കൻ ജനത തിരിച്ചറിയാൻ തുടങ്ങിയിരിക്കുന്നു.

ഇടക്കാല തിരഞ്ഞെടുപ്പിൽ 435 അംഗങ്ങളുടെ പ്രതിനിധി സഭയിൽ ബുഷിന്റെ റിപ്പബ്ളിക്കന്മാർക്കെതിരെ 222 സീറ്റുകൾ നേടിയാണ് 12 വർഷത്തിന് ശേഷം ഡമോക്രാറ്റുകൾ തിരിച്ചുവരവ് നടത്തിയയത്. അധോസഭയായ 100 അംഗങ്ങളുള്ള സെനറ്റിലും 2 സ്വതന്ത്രരുടെ സഹായത്തോടെ ഡമോക്രാറ്റുകൾ കേവല ഭൂരിപക്ഷം നേടി. 50 ഗവർണ്ണർ സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പിലും ഡമോക്രാറ്റുകൾക്കാണ് ഭൂരിപക്ഷം. ബുഷിന്ന് പ്രസിഡണ്ടായി 2008 വരെ തുടരാം. പക്ഷേ ജനപ്രതിനിധിസഭയിലും സെനറ്റിലുമുള്ള പ്രതിപക്ഷത്തിന്റെ ഭൂരിപക്ഷം അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാക്കും. ഡമോക്രാറ്റുകളുടെ ഈ വിജയം കൊണ്ട് അമേരിക്കൻ വിദേശ നയത്തിന് സമീപഭാവിയിൽ ഗണ്യമായ മാറ്റങ്ങളൊന്നും സംഭവിക്കാൻ പോകുന്നില്ല. കാരണം വൻ മുതലാളിത്ത താൽപര്യങ്ങളാണ് അമേരിക്കയെ നയിക്കുന്നത്. എങ്കിലും അന്യായമായ ഇറാഖ് യുദ്ധത്തിൽ അമേരിക്കക്ക് പറ്റിയ തെറ്റുകൾ തിരുത്താൻ അവർ നിർബന്ധിതരാണ്. അതിന്റെ ആദ്യത്തെ പ്രതികരണമാണ് ബുഷിന്റെ ഇറാഖ് അധിനിവേശങ്ങൾക്കും മറ്റെല്ലാ ക്രൂരകൃത്യങ്ങൾക്കും സന്തത സഹചാരിയായ റംസ്ഫീൽഡ് സ്വയം രാജിവെക്കാൻ നിർബന്ധിതനായത്. ജൂത ലോബിയുടെ മറ്റൊരു ശക്തനായ വക്താവും അമേരിക്കയെ നിയന്ത്രിക്കുന്ന നിയോകോൺ എന്നറിയപ്പെടുന്ന നവയാഥാസ്ഥിതികരിൽ പ്രമുഖനും അമേരിക്കയുടെ യു.എൻ. അംബാസഡറുമായ ജോൺ ബോൾട്ടനും ആ പദവിയിൽ നിന്നും ഒഴിയേണ്ടി വരും. ബോൾട്ടൻ ഡമോക്രാ

റ്റുകളുടെ കണ്ണിലെ കരടാണ്. ഇസ്രായേൽ ഫലസ്തീനികൾക്കെതിരെ ചെയ്യുന്ന ക്രൂരതകൾ സുരക്ഷാസമിതി അപലപിക്കുമ്പോൾ അതിനെ വീറ്റോവിലൂടെ തടയുകയായിരുന്നു ജോൺ ബോർട്ടന്റെ ഐക്യരാഷ്ട്രസഭയിലെ മുഖ്യ ജോലി.

ഈ അമേരിക്കൻ തിരഞ്ഞെടുപ്പിനുണ്ടായ മറ്റൊരു സവിശേഷത ചരിത്രത്തിലാദ്യമായി അമേരിക്കയിൽ ഒരു വനിതാ സ്പീക്കർ വരാൻ പോകുന്നു. സാൻ ഫ്രാൻസിസ്കോവിൽ നിന്നും ജയിച്ച നാൻസി പെലോസി. അതുപോലെ ഡമോക്രാറ്റുകളുടെ 2008-ലെ പ്രസിഡണ്ട് സ്ഥാനാർത്ഥിയാകുമെന്ന് പരക്കെ വിശ്വസിക്കപ്പെടുന്ന ഹിലാരി ക്ലിന്റൺ ന്യൂയോർക്കിൽ നിന്നും വീണ്ടും സെനറ്റിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. യാഥാസ്ഥിതികമെന്നു പറയുന്ന പിന്നോക്ക മുസ്ലിം രാജ്യങ്ങളായ പാക്കിസ്താനിലും ബംഗ്ലാദേശിലും അതുപോലെ ഇന്ത്യയിലും ശ്രീലങ്കയിലും വരെ വനിതാ ഭരണാധികാരികൾ രാഷ്ട്രത്തെ നയിക്കാനെത്തിയപ്പോൾ പുരോഗമിച്ച പരിഷ്കൃതരാജ്യമായ അമേരിക്കയിൽ സ്ത്രീകൾ ഇത് വരെ ഭരണനേതൃത്വത്തിലെത്താത്തത് കൗതുകരമാണ്. അമേരിക്കൻ തിരഞ്ഞെടുപ്പിൽ സംഭവിച്ച മറ്റൊരത്ഭുതം ഇസ്ലാമിനും മുസ്ലിംകൾക്കുമെതിരെ പ്രചരണ കൊടുങ്കാറ്റ് അമേരിക്കയിൽ നിന്നും വീശിയടിച്ചപ്പോഴും ഡമോക്രാറ്റ് സ്ഥാനാർത്ഥിയായ കീത് എലിസൺ എന്ന മുസ്ലിം സ്ഥാനാർത്ഥി മിന്നബോട്ടയിൽ നിന്നും അമേരിക്കയുടെ ചരിത്രത്തിലാദ്യമായി ജനപ്രതിനിധി സഭയിലേക്ക് ജയിച്ചു. ഒരു ക്രിസ്ത്യനിയുടെ പേരിനേപോലെ തോന്നിച്ച കീത് എലിസൺ ക്രിസ്ത്യാനിയാണെന്ന തെറ്റിദ്ധാരണയില്ലാതാക്കാൻ മുസ്ലിമാണെന്ന് തുറന്ന് കാട്ടി ബുഷിന്റെ റിപ്പബ്ളിക്കൻ കക്ഷി എലിസനെതിരെ ആഞ്ഞടിച്ചിരുന്നു. അദ്ദേഹം ബിൻലാദന്റെ അനുയായിയായ മുസ്ലിം ഭീകരനാണെന്നു വരെ പ്രചരണമുണ്ടായി. അതെല്ലാം അവഗണിച്ചാണ് മിന്നബോട്ടയിലെ വോട്ടർമാർ അദ്ദേഹത്തെ തിരഞ്ഞെടുത്തത്.

ഏതായാലും അമേരിക്കെ ബുഷിനെ പോലെയുള്ള അധമൻമാരുടെ മാത്രം ജന്മഗേഹമല്ല. മഹാന്മാരായ മനുഷ്യസ്നേഹികൾക്ക് ജന്മം കൊടുത്ത നാടുകൂടിയാണ് അമേരിക്ക. 'ബില്ല് ഓഫ് റൈറ്റ്' എന്നറിയപ്പെടുന്ന മഹത്തായ സ്വാതന്ത്ര്യപ്രഖ്യാപനം എഴുതി തയ്യാറാക്കിയ വെർജീനിയാ സർവ്വകലാശാലയുടെ സ്ഥാപകനായ തോമസ് ജെഫേഴ്സണും, അമേരിക്കൻ ആഭ്യന്തര കലാപത്തിൽ കൊടുമ്പിരിക്കൊണ്ട നാളുകളിൽ 'ആരോടും പകയില്ലാതെ എല്ലാവരോടും അനുകമ്പാപൂർവ്വം' എന്ന മുദ്രാവാക്യമുയർത്തി അടിമത്വത്തിനെതിരെ ശബ്ദമുയർത്തിയ മഹാനായ എബ്രഹാം ലിങ്കന്റേയും നാടുകൂടിയാണ് അമേരിക്ക. വിശ്വമാനവികതക്ക് മഹത്തായ സംഭാവനകൾ നൽകിയ മഹത്തുക്കളുടെ ആ മഹനീയ പാരമ്പര്യത്തിലേക്ക് സമ്പൽസമൃദ്ധമായ അമേരിക്ക തിരിച്ചുവരട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

---

*(39-ൽ നിന്ന് തുടർച്ച*

പി.മാർ 11 പേർ മാത്രം. ഇത് 40 ഇരട്ടിയെങ്കിലും വേണം.

മുസ്ലിംകൾ ഏറ്റവും കൂടുതൽ മികവ് പ്രകടിപ്പിച്ചരിക്കുന്നത്. മേഖലയാണ് നമ്മെ ഏറ്റവും കൂടുതൽ ദു:ഖിപ്പിക്കുന്നത്. അതായത് ജയിലുകളിലെ പ്രാതിനിധ്യം. തീവ്രവാദിയായ നരേന്ദ്ര മോഡിയുടെ ഗുജറാത്തിൽ മുസ്ലിംകൾ ജനസംഖ്യാനുപാതക്രമത്തിൽ ജയിൽ പുള്ളികളുടെ എണ്ണത്തിൽ ഹിന്ദുക്കളേക്കാൾ രണ്ടര ഇരട്ടി കൂടുതലാണ്. മഹാരാഷ്ട്രയിൽ മുസ്ലിം ജനസംഖ്യ 10.6 ശതമാനമാണ്. എന്നാൽ ജയിലുകളിൽ ജനസംഖ്യ 40.6 ശതമാനവും. 5.6 ശതമാനം മുസ്ലിം ജനസംഖ്യയുള്ള തമിഴ്നാട്ടിൽ. ജയിലുകളിൽ ക്രിമിനലുകൾ 9.6 ശതമാനമാണ്. തമിഴ്നാട്ടിലെ ജയിലുകളിലെ മുസ്ലിം കളിൽ 60 ശതമാനം പേരും അബ്ദുന്നാസർ മഅ്ദനിയെ പോലുള്ള വിചാരണ തടവുകാരാണ്.

ദലിതുകളേക്കാൾ പിന്നോക്കക്കാരായി മാറിയ നിൽക്കുന്ന ഇന്ത്യയിലെ ഏറ്റവും അധ:സ്ഥിതരായ മുസ്ലിം സമുദായത്തോട് ഇനിയെങ്കിലും ഇവിടുത്തെ രാഷ്ട്രീയ പാർട്ടികൾ അനുഭാവം കാണിക്കേണ്ടത്. മുസ്ലിം സാമൂഹികാവസ്ഥ തിരുത്തി കുറിക്കാനുള്ള പ്രധാനമന്ത്രി മൻമോഹൻസിംഗിന്റെ ശ്രമങ്ങൾക്ക് എല്ലാ വിധ ഭാവുകങ്ങളും നേരുന്നു.

അവലംബം - Combating Muslim Exclusion - by Praful Bidwai - Frontline Dec. 1-2006

# മാസപ്പിറവി അറിയിപ്പ്

ഹിജ്റ 1427 ദുൽഹജ്ജ് മാസപ്പിറവി നോക്കാൻ ജമാഅത്തുകൾ സംവിധാനം ചെയ്യേണ്ടതാണ്. 2006- ഡിസംബർ - 21 വ്യാഴാഴ്ചയാണ് മാസപ്പിറവി നോക്കേണ്ടത്. വൈകുന്നേരം 7.30നുള്ളിൽ ഓരോ ജമാഅത്തും വിവരം താഴെ പറയുന്ന നമ്പറുകളിൽ അറിയിക്കേണ്ടതാണ്. മാസപ്പിറവി സംബന്ധിച്ച പ്രഖ്യാപനം 8 മണി മുതൽ 8.45 വരെ അതേ ഫോൺ നമ്പറുകളിൽ നിന്നും ലഭ്യമാണ്.

ഫോൺ നമ്പർ: 9447948757
9895308227
0495 - 6520733

എ.പി. കുഞ്ഞാമു
പ്രസിഡണ്ട്
റൂയിയത്തുൽ ഹിലാൽ കമ്മിറ്റി
അഹ്മദിയ്യാ മുസ്ലിം
ജമാഅത്ത്, കേരള
ജി.എച്ച്. റോഡ്.

# വാർത്തകൾ



മജ്ലിസ് അൻസാറുല്ലാ കോഴിക്കോട് മേഖലയും കോഴിക്കോട് മജ്ലിസും സംയുക്തമായി ബീച്ച് ഹോസ്പിറ്റലിൽ വിതരണം ചെയ്ത വീൽചെയറും ഫ്രൂട്ട് കിറ്റുകളും ആശുപത്രി സൂപ്രണ്ട് ഡോ. തങ്കം എ.എം. മുഹമ്മദ് സലീമിൽ നിന്ന് ഏറ്റുവാങ്ങുന്നു. ബി.യം. ഷൗക്കത്ത്, കെ.എം. മുഹമ്മദ് റഫീക്ക്, ടി. അഹ്മദ് സഈദ്, വി.വി. സുലൈമാൻ, കെ.വി. ഹസ്സൻ കോയ എന്നിവരാണ് സമീപം.

## റസൂൽ തിരുമേനി(സ)ക്ക് ഖദീജ(റ)യോടുള്ള സ്നേഹം

ആയിശാ(റ)യിൽ നിന്ന് നിവേദനം: 'ഖദീജാ(റ)യുടെ അസൂയാവഹമായ സ്ഥാനത്തിൽ എനിക്കുണ്ടായ അസ്വാസ്ഥ്യം തിരുമേനി(സ)യുടെ പത്നിമാരിൽ ഒരാൾക്കെതിരിലും എനിക്കുണ്ടായിരുന്നില്ല. യഥാർത്ഥത്തിൽ ഖദീജാ (റ)യെ ഞാൻ കണ്ടിട്ടില്ല. പക്ഷേ തിരുമേനി(സ) അവരെക്കുറിച്ച വളരെയേറെ സംസാരിക്കാറുണ്ടായിരുന്നു. ചിലപ്പോൾ തിരുമേനി ആട്ടിനെ അറുത്ത് അവയല്ലാം കഷ്ണിച്ച് ഖദീജ(റ)യുടെ തോഴിമാർക്ക് പാരിതോഷികമായി കൊടുത്തയക്കും. ഇതെല്ലാം കാണുമ്പോൾ ചിലപ്പോൾ തിരുമേനി(സ)യോട് ഞാൻ പറയും: 'ലോകത്ത് ഖദീജയല്ലാതെ ഒരു സ്ത്രീയും ഉണ്ടായിരുന്നില്ലെന്ന് തോന്നുന്നല്ലോ?' അപ്പോൾ തിരുമേനി(സ) ഖദീജാ(റ)യുടെ സ്ഥിതിഗതികൾ വർണ്ണിക്കാൻ തുടങ്ങും. അക്കൂട്ടത്തിൽ എനിക്ക് സന്താനങ്ങൾ ഉണ്ടായത് അവരിലാണെന്നും തിരുമേനി അരുളും.

ആയിശ(റ) നിവേദനം: ഖദീജാ(റ)യുടെ സഹോദരി ഹാല (റ) ഒരിക്കൽ വന്നപ്പോൾ തിരുമേനി(സ)യുടെയടുക്കൽ പ്രവേശിക്കുവാൻ സമ്മതമാവശ്യപ്പെട്ടു. പെട്ടെന്ന് ഖദീജയാണോ അനുവാദം ചോദിക്കുന്നതെന്ന് തോന്നി തിരുമേനി ഭയന്നുപോയി. അവിടുന്നു അരുളി: അല്ലാഹുവേ ഇത് ഹാലയാണല്ലോ! ആയിശാ (റ) പറയുന്നു: അപ്പോഴെനിക്ക് ഖദീജ(റ)ക്ക് തിരുമേനി(സ)യുടെ ഹൃദയത്തിലുള്ള സ്ഥാനത്തിൽ അസൂയ തോന്നി. ഞാൻ ചോദിച്ചു: 'പല്ലു കൊഴിഞ്ഞു പോയിട്ട് മോണ ചുവന്ന ഒരു ഖുറൈശീ വൃദ്ധയെക്കുറിച്ച് അങ്ങുന്ന് ഇത്രയൊക്കെ ഓർക്കാനെന്തിരിക്കു ന്നു! അവരെന്നോ മരിച്ചുപോയിക്കഴിഞ്ഞു. ഇന്ന് അല്ലാഹു അങ്ങേക്ക് അവരേക്കാൾ ഉത്തമകളായ പത്നിമാരെ പകരം തന്നിട്ടുണ്ടല്ലോ.'

***(ബുഖാരി)***

# അനുസ്മരണം

## മൗലവി അബൂബക്കർ സിദ്ധീഖ് സാഹിബ്

കൽക്കുളം: വഖഫ് ജദീദ് ഭേറൂന്റെ കീഴിൽ മുഅല്ലിമായി പ്രവർത്തിച്ചുകൊണ്ടിരുന്ന മൗലവി അബൂബക്കർ സിദ്ധീഖ് സാഹിബ് 2006, സപ്തംബർ 16ന് നിര്യാതനായി. ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജി ഊൻ.

കർണ്ണാടകയിൽ ഗുൽബർഗ്ഗ ജില്ലയിലെ തംബാക്കുടി' എന്ന സ്ഥലത്തുള്ള ജമാഅത്തിന്റെ മിഷ്യൻ ഹൗസിൽ വെച്ച് ഹൃദയാഘാതം മൂലമാണ് മരണം സംഭവിച്ചത്. കേരളത്തിൽ പത്തപ്പിരിയം, ഐരാപുരം, മോഗ്രാൽ, കൽക്കുളം എന്നീ ജമാഅത്തുകളിലും അദ്ദേഹം സേവനം ചെയ്തിട്ടുണ്ട്. സക്കീനയാണ് ഭാര്യ.

മാതാപിതാക്കൾ: എം. റുക്കിയ്യ, മർഹും ടി.കെ. മുഹമ്മദ്, റീന, ശാനിബ, അമത്തൽ ഖുദ്ദൂസ്, ത്വാഹിർ അഹ്മദ് എന്നിവർ മക്കളും സുധീർ, വസീം, അഹ്മദ് എന്നിവർ മരുമക്കളുമാണ്. അല്ലാഹു പരേതന് മഗ്ഫിറത്ത് നൽകുമാറാകട്ടെ. ആമീൻ

**മഹ്മൂദ്, കൽക്കുളം**